www.malankaralibrary.com

# ബഥനി ശബ്ദം

**JULY 2022**



ദൈവദാസൻ മാർ ഈവാനിയോസ്
പിതാവിന്റെ 69ാം ഓർമ്മപ്പെരുന്നാൾ

www.malankaralibrary.com

# BETHANY SABDAM

No. 127

July 2022

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA

Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

www.malankaralibrary.com

# ഉൾത്താളുകളിൽ

എഡിറ്റോറിയൽ 3

മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസ ദർശനം 4
ഫാ. മത്തായി കടവിൽ ഒ.ഐ.സി.

Cor ad cor loquitur 7
Fr. George Ayyaneth OIC

ആഗോളസഭയിൽ ബഥനി ആശ്രമത്തിന്റെ വ്യക്തിത്വവും വ്യതിരക്തതയും 9
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.

മാർ ഈവാനിയോസിന്റെ സഭൈക്യദർശനവും കാലികപ്രസക്തിയും 12
ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

മാർ ഈവാനിയോസിന്റെ ധ്യാനശൈലിയും പൗരസ്ത്യ സന്ന്യാസത്തിലെ തൗനാ ആശയവും 15
ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.

മാർ ഈവാനിയോസ് പിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവും 17
ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനം 20
ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനം 24
ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

മാർ ഈവാനിയോസ്: അഗതികളുടെയും ദരിദ്രരുടെയും പക്ഷം ചേർന്നവൻ 27
ഫാ. ജെയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.

മാർ ഈവാനിയോസ്: പിതാവും മലങ്കര ആരാധനക്രമജീവിതവും 30
ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി

മാർ ഈവാനിയോസ്: തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പ്രചോദനം 32
ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി

മാർ ഈവാനിയോസ്: സഭകളുടെ കൂട്ടായ്മ സ്വപ്നം കണ്ട സഭാപിതാവ് 37
ഫാ. ക്രിസ്റ്റി ജോൺ ഒ.ഐ.സി.

മാർ ഈവാനിയോസ് പിതാവിന്റെ വിശാലവീക്ഷണവും ക്രാന്തദർശനവും 39
ഫാ. വർഗ്ഗീസ് വിനയാനന്ദ് ഒ.ഐ.സി.

Leadership And Culturein Bethany: Towards A Framework for Effective Life and Ministry 42
Fr Mathew Manaluvila OIC

മാർ ഈവാനിയോസ്: ജാഗരൂകനായ അജപാലകൻ 51
ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.

മാർ ഈവാനിയോസ് ഐക്യത്തിന്റെ നാട്ടിലേക്ക് നയിച്ച അഭിനവ മോശ 54
ഫാ. ജോസഫ് വരമ്പുങ്കൽ ഒ.ഐ.സി.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതവും ദൈവാശ്രയബോധവും 57
ഫാ. ഡൊമിനിക്ക് സാവിയോ മൂഴിക്കര ഒ.ഐ.സി.

മാർ ഈവാനിയോസും ഭാരതീയ സന്ന്യാസദർശനങ്ങളും 60
ഫാ. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി.

ബഥനിയിലേക്കുള്ള ആ യാത്രയിൽ...
ഡാനി ബഥാന്യൻ 62

ബഥനി വാർത്തകൾ 66

www.malankaralibrary.com

## എഡിറ്റോറിയൽ

ജൂലൈ മാസത്തിലെ 'ബഥനി ശബ്ദം' പ്രസിദ്ധീകരിക്കാൻ താമസിച്ചതിന് ക്ഷമാപണം. ചില കോവിഡ് പ്രതിസന്ധികളും പ്രളയദുരിതങ്ങളുമായിരുന്നു കാരണം. ഈ ലക്കത്തിന്റെ പ്രധാന വിഷയം ബഥനി സ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് എന്നതാണ്. ബഥനി ആശ്രമസ്ഥർ 'ബഥനി ഗ്ലോബൽ മീഡിയ' എന്ന യൂ-ട്യൂബ് ചാനലിലൂടെ നടത്തിയ പ്രഭാഷണങ്ങളിൽ ചിലത് തിരഞ്ഞെടുത്ത് ലേഖനമാക്കി മാറ്റിയിട്ടുണ്ട് ഈ ലക്കത്തിൽ.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മത്തിരുന്നാൾ നാം ആചരിക്കുമ്പോൾ പിതാവിന്റെ ആദ്ധ്യാത്മിക ഗുണങ്ങൾ തന്നെയാണല്ലോ നമ്മൾ ചർച്ച ചെയ്യേണ്ട വിഷയം. അതിവേഗം വളർന്നു വലുതായിക്കൊണ്ടിരിക്കുന്ന മലങ്കര സഭ വന്ദ്യപിതാവ് മുണ്ടൻമലയിൽ ഒരു കടുകുമണിപോലെയും ഗോതമ്പുമണിപോലെയും നടുകയും ബഥനി ആശ്രമസ്ഥർ ബഥനി ആദ്ധ്യാത്മികത വഴി അതിനെ പരിപാലിച്ചു വളർത്തിയതുമാണ്. ഈ ഒരു ബഥാന്യൻ ആദ്ധ്യാത്മികതയിൽ അടിസ്ഥാനമിട്ടതുകൊണ്ടാണ് മലങ്കര കത്തോലിക്കാസഭയ്ക്ക് ഇന്ന് വളർന്നു വലുതായി പന്തലിച്ച് അനേകംപേർക്ക് താങ്ങും തണലുമായി നിൽക്കുവാൻ സാധിക്കുന്നത്. സമൂഹസ്ഥാപകന്റെ ഓർമ്മത്തിരുനാളും ബഥനിയുടെ പെരുനാളും ആഘോഷിക്കുന്ന ജൂലൈ മാസത്തിൽ ബഥനിയുടെ ആദ്ധ്യാത്മിക ഫലങ്ങൾ സഭയ്ക്കും പൊതുസമൂഹത്തിനും ലഭിച്ചത് ദൈവപദ്ധതിയായി മനസിലാക്കുവാൻ എല്ലാവർക്കും കഴിയണം. ബഥനി ആശ്രമത്തിന്റെ ബഥാന്യൻ ആദ്ധ്യാത്മികതയാണ് മലങ്കര കത്തോലിക്കാ സഭയുടെ അടിസ്ഥാനവും ആധാരവും എന്ന വലിയ സത്യം വിസ്മരിക്കപ്പെടുവാൻ പാടില്ലാത്ത സംഗതിയായി വിശ്വാസികളുടെ ഹൃദയങ്ങളിൽ രേഖപ്പെടുത്തണം.

ഒരു മരം ഉയരങ്ങളിലേക്കു വളരുമ്പോൾ കാറ്റിന്റെ വലിയ വെല്ലുവിളികളും ഫലങ്ങൾ നൽകുമ്പോൾ കല്ലേറുകളും ലഭിക്കുന്നത് സ്വാഭാവികം മാത്രമാണ്. കാറ്റിന്റെ പ്രതികൂല ശക്തികളെ പ്രതികൂലിക്കുവാൻ ഉയരത്തിന്റെ ഇരട്ടിയോളം ആഴങ്ങളിലേക്ക് മരം വേരുകളോടിക്കും. കല്ലേറുകൾ എത്ര ലഭിച്ചാലും ഫലം നൽകുന്നതിൽ നിന്നും മരം ഒരിക്കലും വിട്ടുനിൽക്കുകയില്ല.

ആഴങ്ങളിലേക്ക് ഇറങ്ങുവാൻ സാധിക്കാതെ പോയതായിരുന്നു പാറപ്പുറത്ത് വീണ വിത്തിന്റെയും മണൽത്തട്ടിൽ അടിസ്ഥാനമിട്ട ഭവനത്തിന്റെയും പ്രശ്നം. ഫലം നൽകുന്നതും ആഴങ്ങളിലേക്ക് വേര് ഇറക്കുന്നതുമായ ഈ ഗുണങ്ങൾ ബൈബിളിലെ ബഥനിയിലേ നമുക്ക് ദർശിക്കാൻ സാധിക്കൂ. പലവിധ കാര്യങ്ങളിൽ മുഴുകിയിരുന്ന മർത്തയുടെ പ്രശ്നം ഇതുതന്നെയായിരുന്നു, ആഴ്മില്ലായ്മ. തായ്ത്തണ്ടിനോടു ചേർന്നുനിന്ന ശാഖപോലെ മറിയം കർത്താവിന്റെ പാദത്തിൽ അവനോടു ചേർന്നിരുന്നു. യേശുവിൽ ആഴപ്പെടുവാൻ മറിയത്തിന്റെ ഈ മനോഭാവം അവളെ ശക്തിപ്പെടുത്തി. മർത്തയിൽനിന്നും മറിയത്തിലേക്കു ഒരു കല്ലേറുദൂരം പോലുമില്ല.

ദൈവസേവനത്തിന്റെ ചില ഉത്കണ്ഠയായിരുന്നു മർത്തയുടെ ശിരസിനുള്ളിൽ. എന്നാൽ ദൈവസമ്പാദനത്തിലുള്ള ആഴപ്പെടലായിരുന്നു മറിയത്തിന്റെ ഹൃദയത്തിൽ. കർമ്മങ്ങളുടെ ഭാരത്തിൽ മുഴുകി വ്യഗ്രചിത്തരും ഉത്കണ്ഠാകുലരും അസ്വസ്ഥരുമായ പലരും നമുക്കു ചുറ്റുമുള്ളപ്പോൾ അവർക്കായി ആശ്വാസത്തിന്റെ ഭവനങ്ങളായി ബഥനിയുടെ വാതായനങ്ങൾ തുറന്നിടാം. മനുഷ്യപുത്രന് തല ചായ്ക്കുവാൻ ഇടമില്ലാത്തപ്പോൾ ബഥനിയിലെ സഹോദരർ യേശുവിന് തങ്ങളുടെ ഭവനം വിട്ടുകൊടുത്തതുപോലെ യേശുവിനായി നമ്മുടെ ഹൃദയങ്ങളെയും വിട്ടുകൊടുക്കാം.

●

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസ ദർശനം

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**

സന്ന്യാസത്തോടുള്ള പിതാവിന്റെ താല്പര്യം ബാല്യകാലത്തു തന്നെ ആരംഭിച്ചുവെന്ന് ഇഞ്ചയ്ക്കലോടി അച്ചൻ പിതാവിന്റെ ജീവചരിത്രത്തിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ സന്ന്യാസം ഒരു ആദർശമായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിൽ രൂപപ്പെടുന്നത് സെറാമ്പൂരിൽ താമസിച്ച കാലഘട്ടത്തിലാണ് (1913-1919).

1912-ലെ കാതോലിക്കാ സിംഹാസന സ്ഥാപനത്തോടെ മലങ്കര സഭ ബാവാകക്ഷിയും മെത്രാൻകക്ഷിയുമായി പിരിഞ്ഞ അവസരത്തിലാണല്ലോ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സഭയുടെ നേതൃത്വശുശ്രൂഷകളിൽ നിന്നുമകന്ന് സെറാമ്പൂരിലേക്ക് പോകുന്നത്. ഇക്കാലയളവിൽ എം.ഡി.സെമിനാരിയിൽ തുടരണമോ, സെറാമ്പൂരിലേക്കുള്ള ക്ഷണം സ്വീകരിക്കണമോ എന്നതിനെക്കുറിച്ച് ഒരു തീരുമാനമെടുക്കാൻ ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം പര്യാലോചിക്കുന്നതിനെക്കുറിച്ച് അദ്ദേഹം തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. ഇതിന് ആമുഖമായി നേതൃശുശ്രൂഷയിൽ നിന്നു പിൻമാറി സെറാമ്പൂരിലേക്കു പോകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച കാര്യങ്ങളെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നു: "സമുദായ പ്രധാനന്മാരെന്ന് അഭിമാനിക്കുന്നവർ തമ്മിലുള്ള അസൂയയും മത്സരവും നാം വേണ്ടുവോളം കണ്ടുകഴിഞ്ഞിരിക്കുന്നു. പള്ളികളിലായ പള്ളികളിലെവിടെയും സമാധാനവും സന്തുഷ്ടിയും കാണപ്പെടുന്നില്ല. സംക്ഷിപ്തമായി പറയുന്ന പക്ഷം സമുദായ ശരീരമാകെ കീറിയും വ്രണപ്പെട്ടിരിക്കയത്രെ" (ഗിരിദീപം, (1973) 60-61) വട്ടശ്ശേരി തിരുമേനിക്കുണ്ടായ ക്ലേശങ്ങളും ആറ്റുപുറത്ത് പാപ്പി (ആനപാപ്പി)യുടെ മരണവും, സ്വന്തം മുറിയിൽ ഘാതകന്മാർ കയറാനിടയായ സംഭവങ്ങളും അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. അദ്ദേഹത്തിന്റെ ഈ ജീവിതാനുഭവങ്ങളാണ് പരിവർത്തന വഴികളിലേക്ക് അദ്ദേഹത്തെ നയിച്ചത്. ഭിന്നതകളിൽ ഉഴറുന്ന മലങ്കര സഭയുടെ നവീകരണത്തെക്കുറിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം പര്യാലോചന നടത്തുന്ന പിതാവിന് ദൈവം വെളിപ്പെടുത്തിക്കൊടുത്തതാണ് സന്ന്യാസ മാർഗ്ഗം.

സഭയുടെ നവീകരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകൾ പടിപടിയായിട്ടാണ് സന്ന്യാസത്തിലേക്ക് വരുന്നത്. ഒന്നാംഘട്ടത്തിൽ വിദ്യാഭ്യാസത്തിലൂടെയുള്ള നവീകരണമെന്ന ചിന്ത അദ്ദേഹത്തെ നയിച്ചു. ഭാരതീയ നവോത്ഥാന ചിന്തകരോടു ചേർന്ന് വിദ്യാഭ്യാസത്തിലൂടെ മലങ്കരസമുദായത്തെ ഉയർത്തുന്ന പ്രക്രിയയിലായിരുന്ന അദ്ദേഹം എം.ഡി.സെമിനാരിയെ ഉന്നതവിദ്യാഭ്യാസ കേന്ദ്രമായി വളർത്തുന്നതിനും വൈദികരുടെ ഉന്നത വിദ്യാഭ്യാസത്തിനായി വൈദിക കോളേജ് സ്ഥാപിക്കുന്നതിനെക്കുറിച്ചും ആലോചന നടത്തി. എന്നാൽ, ദൈവസന്നിധിയിലെ ആത്മീയ വിചാരം വിദ്യാഭ്യാസം വഴിയുള്ള നവോത്ഥാനത്തെ തിരസ്കരിക്കാതെ തന്നെ സുവിശേഷം ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന മിഷനറി സമൂഹമെന്ന രണ്ടാം പടിയിലേക്ക് അദ്ദേഹത്തെ നയിച്ചു. ഇതിന്റെ ഭാഗമായി സെറാമ്പൂരിലും ചുറ്റുപാടുമുള്ള മിഷനറി സമൂഹങ്ങളെ കുറിച്ച് അദ്ദേഹം പഠിച്ചു. സുദീർഘമായ അന്വേഷണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ മിഷനറി സമൂഹത്തിന്റെ പരിമിതികൾ മനസ്സിലാക്കി തന്റെ ആത്മീയാന്വേഷണത്തിന്റെ മൂന്നാം പടിയായ സന്ന്യാസത്തിലേക്ക് അദ്ദേഹം പ്രവേശിച്ചു. ഈ അന്വേഷണത്തിന്റെ പരിസമാപ്തിയിലാണ് "ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം" എന്ന സൂക്തം ഉരുവിട്ടുകൊണ്ട് മലങ്കര സഭയുടെ നവീകരണത്തിനും സുവിശേഷ പ്രഘോഷണത്തിനുമായി ബഥനി സ്ഥാപിച്ചത്.

www.malankaralibrary.com

സെറാമ്പൂർ കാലഘട്ടത്തിൽ പരിചയപ്പെട്ട ചില ചിന്താധാരകളും ഇവിടെ പ്രസക്തമാണ്. ഒന്നാമതായിട്ട്, ക്രൈസ്തവവിശ്വാസത്തെ ഭാരതീയമായ രീതിയിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്രഹ്ബാന്താവ് ഉപാദ്ധ്യായയെ പോലെയുള്ളവരുടെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങൾ. 'കൽക്കട്ട സ്കൂൾ ഓഫ് തിയോളജി' എന്ന പേരിൽ ജസ്യൂട്ട് മിഷനറിമാർ ഈ ചിന്തയെ ഏറെക്കാലം മുന്നോട്ടു നയിച്ചു. ഇതിന്റെ ഭാഗമായി 1899-ൽ ബ്രഹ്ബാന്താവ് ഉപാദ്ധ്യായ കത്തോലിക്കാസഭയിൽ ഒരു ആശ്രമം ആരംഭിച്ചു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് അദ്ദേഹവുമായി വ്യക്തിപരമായി ബന്ധപ്പെട്ടിട്ടില്ലായെങ്കിലും അദ്ദേഹത്തിന്റെ ചിന്തകൾ പിതാവിനെ സ്വാധീനിച്ചിട്ടുണ്ട്. 1906-ൽ സാധു സുന്ദർ സിംഗ് ആരംഭിച്ച സന്ന്യാസ പ്രസ്ഥാനവും ഇവിടെ പ്രസക്തമാണ്. ഇവരുടെ രണ്ടുപേരുടെയും ചിന്തകളിൽ ആശ്രമപ്രസ്ഥാനത്തെ മിഷൻ പ്രവർത്തനത്തിനുള്ള ഒരു മാർഗ്ഗമായിട്ടാണ് കാണുന്നത്.

രണ്ടാമതായി, ഓക്സ്ഫോർഡ് മിഷന്റെ സ്വാധീനം, 1890-ലാണ് കൽക്കത്തായിലെ ആംഗ്ലിക്കൻ ബിഷപ്പായിരുന്ന റാൾഫ് ജോൺസന്റെ ആഗ്രഹപ്രകാരം ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് പത്തുപേർ കൽക്കത്തായിലെ തെരുവുകളിലെ യുവജനങ്ങളുടെയിടയിൽ പ്രവർത്തിക്കുവാൻ കടന്നുവന്നത്. അവരുടെ നേതൃത്വത്തിലാണ് ഓക്സ്ഫോർഡ് മിഷൻ രൂപപ്പെട്ടത്. ഇതിന്റെ തുടർച്ചയായി 1902-ൽ ഓക്സ് ഫോർഡ് മിഷൻ സിസ്റ്റേഴ്സ് എന്ന പേരിൽ സ്ത്രീകൾക്കായി ഒരു പ്രസ്ഥാനവും ആരംഭിച്ചു. ഓക്സ് ഫോർഡ് മിഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച ഫാദർ സ്ട്രോങ്ങും മദർ ഈഡിത്തും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഉത്തമ സുഹൃത്തുക്കളായിരുന്നു. 1915 മുതൽ 1930 വരെയുള്ള കാലഘട്ടം ഓക്സ്ഫോർഡ് മിഷനുമായി ബന്ധപ്പെട്ട് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പ്രവർത്തിക്കുകയുണ്ടായി.

മലങ്കര സഭയുടെ ആരാധന പാരമ്പര്യങ്ങൾ അനുഷ്ഠിച്ചുകൊണ്ടാണ് ആശ്രമം ആരംഭിച്ചത്. കേരളത്തിൽ അന്ന് ഉണ്ടായിരുന്നതായ ദയറായ പ്രസ്ഥാനങ്ങളുടെ സ്വാധീനം ഇവിടെ കാണുവാൻ സാധിക്കും. ഏഴുയാമങ്ങളിലെയും പ്രാർത്ഥനകൾ ക്രമമായി നടത്തുന്നതോടൊപ്പം ആരാധനക്രമവത്സരം അനുസരച്ച് ആത്മീയ കാര്യങ്ങൾ ചെയ്യുന്നതിനും അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ സന്ന്യാസപ്രസ്ഥാനത്തിന് മൂന്നു വിഭാഗങ്ങളുണ്ടായിരുന്നു. വൈദികർക്കുവേണ്ടി ബഥനി ആശ്രമസമൂഹം, സിസ്റ്റേഴ്സിനു വേണ്ടി ബഥനി മഠം, കുടുംബ ജീവിതം നയിക്കുന്നവർക്കുവേണ്ടിയുള്ള ത്രിതീയ ആശ്രമം. ത്രിതീയ ആശ്രമം പില്ക്കാലത്ത് ബഥനി സന്നദ്ധ സേവാ സംഘം എന്ന പേരിൽ പുനരവതരിപ്പിച്ചെങ്കിലും ശക്തിപ്പെട്ടില്ല.

പിതാവിന്റെ സന്ന്യാസദർശനത്തിന്റെ സാക്ഷ്യപത്രമാണ് ബഥനി ആശ്രമത്തിലെയും, ബഥനി മഠത്തിലെയും, മേരിമക്കൾ സന്ന്യാസിനികളുടെയും ജീവിതം. സമ്പൂർണ്ണ സമർപ്പണത്തിലൂടെ സുവിശേഷത്തിന് സാക്ഷികളാകാനുള്ള വിളിയാണ് ഇവരിലൂടെ അദ്ദേഹം പങ്കുവച്ചത്. തൃതീയാശ്രമത്തിന്റെ ആദ്ധ്യാത്മികത 'ഉത്തമ ക്രിസ്തീയ ജീവിതം' നയിക്കുകയെന്നതാണ്. ഈ ദർശനം ജീവിതത്തിൽ അനുവർത്തിക്കുന്ന ഓരോ മലങ്കരക്കാരും ഇതിലെ അംഗങ്ങളുമാണ്.

സന്ന്യാസത്തെ സംബന്ധിച്ച രണ്ട് പ്രസംഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പ്രയോഗങ്ങളും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു: ഒന്നാമത്തേത്, 1920-ലെ പെന്തിക്കോസ്തി ദിവസത്തിൽ ബഥനിയിലെ ആദ്യഅംഗങ്ങളുടെ വ്രതവാഗ്ദാനത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗമാണ്. സന്ന്യാസിയെ ഒരു യാഗപ്പശുവിനോടാണ് അദ്ദേഹം ഉപമിച്ചത്. യാഗപശു നാല് അവസ്ഥാന്തരങ്ങളിലൂടെ കടന്നുപോകണം. ഒന്നാമത്തേത്, യാഗപശുവിനെ മറ്റുള്ള പശുക്കളിൽ

www.malankaralibrary.com

നിന്ന് വേർതിരിക്കുന്ന അവസ്ഥയാണ്. ദൈവവിളി സ്വീകരിച്ചുകൊണ്ട് സന്ന്യാസത്തിലേക്ക് സ്വയം കടന്നുവരുന്നവരടെ അവസ്ഥയെ ഇതു സൂചിപ്പിക്കുന്നു. രണ്ടാമത്തെ ഘട്ടം ഒരു അർത്ഥി എന്ന രീതിയിൽ ദേവാലയത്തിന് സമീപം ആശ്രമപരിസരങ്ങളിൽ ജീവിക്കുന്ന ഘട്ടമാണ്. ക്ഷേത്രപരിസരങ്ങളിൽ മേയുന്ന യാഗപശുവിനോട് ഇതിനെ ഉപമിക്കുന്നു. മൂന്നാം ഘട്ടം നൊവിഷ്യേറ്റ് പരിശീലനമാണ്. നമ്മുടെ ജീവിതത്തിലെ തിന്മകളെ ഉന്മൂലനം ചെയ്ത് സ്വയം വിശുദ്ധീകരണത്തിലൂടെ ദൈവത്തിനുവേണ്ടി സമർപ്പിക്കുവാൻ ഒരുങ്ങുന്ന ഘട്ടം. ഇതാണ് വ്രതവാഗ്ദാനത്തിലൂടെ നടക്കുന്നത്. വ്രതത്രയങ്ങൾ നമ്മിലെ തിന്മകളെ ഉന്മൂലനം ചെയ്യുന്നതിനും ദൈവത്തോട് പൂർണ്ണമായി ചേരുന്നതിനും നമ്മെ സഹായിക്കുന്നു. നാലാമത്തേത് സർവ്വാംഗഹോമയാഗമാണ്. ജീവിതകാലം മുഴുവൻ തുടരുന്ന സമർപ്പണ ജീവിതത്തെ ഇതു സൂചിപ്പിക്കുന്നു. പൂർണ്ണമായി ഹോമിക്കപ്പെട്ട വ്യക്തി എന്ന തിരിച്ചറിവോടെയുള്ള ജീവിതം.

മെത്രാഭിഷേകത്തെ തുടർന്നു അദ്ദേഹം നടത്തിയ പ്രസംഗത്തിലെ ഒരു പ്രയോഗവും പ്രസക്തമാണ്. ഈ പ്രസംഗത്തിന്റെ അവസരത്തിൽ സന്ന്യാസികളായ മെത്രാന്മാരേയും അല്ലാത്ത മെത്രാന്മാരേയും കുറിക്കുന്നതിനായി രണ്ട് പേരുകൾ അദ്ദേഹം ഉപയോഗിക്കുന്നു. സഭയുടെ ഭരണച്ചുമതലകൾ നിർവ്വഹിക്കുന്നവരെ രാജാർഷിമാർ എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. എന്നാൽ സന്ന്യാസി സമൂഹത്തിൽ നിന്ന് മെത്രാൻസമൂഹത്തിലേക്ക് കടന്നുവരുന്നവരെ മഹർഷിമാർ എന്ന് അദ്ദേഹം വിശേഷിപ്പിക്കുന്നു. സകലതും ഉപേക്ഷിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം ദൈവവുമായിട്ടുള്ള സംസർഗ്ഗത്തിൽ യോഗീവര്യന്മാരായി സഭയുടെ ശുശ്രൂഷാ നേതൃത്വം നിർവ്വഹിക്കേണ്ട മഹർഷിമാരാണ് സന്ന്യാസപിതാക്കന്മാർ.

സന്ന്യാസത്തെ സംബന്ധിച്ചുള്ളതായ അദ്ദേഹത്തിന്റെ ദർശനം കേവലം വാക്കുകളിൽ അദ്ദേഹം ഒതുക്കുന്നില്ല. അത് ജീവിതം തന്നെയായിരുന്നു. പുനരൈക്യപ്പെടുവാനായി ഇറങ്ങി പുറപ്പെടുന്ന അവസരത്തിൽ സകലതും പരിത്യജിച്ച് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ കഴിഞ്ഞത് ഈ ദർശനം മൂലമാണ്. മുണ്ടൻമലയിൽ ബഥനിക്കുവേണ്ടി സമ്പാദിച്ച സ്വത്തും പത്തുവർഷക്കാലത്തെ പരിശ്രമങ്ങൾ വഴി അവിടെ ആർജ്ജിച്ചെടുത്തതായ സകലതും അദ്ദേഹം ഉപേക്ഷിച്ചു. അലക്സിയോസച്ചന്റെ നേതൃത്വത്തിൽ പുനരൈക്യപ്പെടാതിരുന്ന ന്യൂനപക്ഷത്തെപ്രതി അത് വിട്ടുകൊടുത്തു. ബഥനി പള്ളികളെ സംബന്ധിച്ചും അദ്ദേഹത്തിന്റെ സമീപനം ഇത് തന്നെയായിരുന്നു. ബഥനി പള്ളികൾ സ്ഥാപിക്കാൻ സംഭാവന ചെയ്ത ആളുകളുടെ താല്പര്യമനുസരിച്ച് അതിന്റെ ഉടമസ്ഥത നിശ്ചയിച്ചു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട പ്രദേശങ്ങളിലെ ബഥനി പള്ളികൾ കത്തോലിക്കാസഭയിലും, കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാത്ത ബഥനി പള്ളികൾ ഓർത്തഡോക്സ് സഭയിലും തുടരുവാൻ അദ്ദേഹം നിശ്ചയിച്ചു.

സർവ്വസംഗപരിത്യാഗിയായ അദ്ദേഹം ഒരിക്കലും ആരെയും കുറ്റം പറയുകയോ, മോശമായി ചിത്രീകരിക്കുകയോ ചെയ്തിട്ടില്ല. മറിച്ച് അവരോടുള്ളതായ സ്നേഹസൗഹൃദം കാത്തുസൂക്ഷിച്ചുകൊണ്ട് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പുനരൈക്യത്തിന്റെ പ്രവർത്തനം മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് യാതൊരു വഴക്കും വക്കാണവുമില്ലാതെ ശുശ്രൂഷ ചെയ്യുവാൻ സാധിച്ചതുകൊണ്ടാണ് മലങ്കര സഭ വളർന്ന് വികാസം പ്രാപിച്ചത്. പിതാവിന്റെ ഈ സന്ന്യാസദർശനം നമ്മുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

***

www.malankaralibrary.com

# Cor ad cor loquitur

**Fr. George Ayyaneth OIC**

G. K. Chesterton, *'a man of colossal genius'* participated in the 31st International Eucharistic Congress held in Dublin from 22–26 June 1932. He made a telling presentation of Archbishop Mar Ivanios OIC who was also a participant of the event, in one of his writings: **"By the look of him he might have walked that moment out of any Hindu temple covered with bulbous imagery, or any Persian mosque scrawled with a fantastic script. He wore a sort of tall turban for a mitre: his keen and vigilant face looked browner behind his grey luxuriant beard; his vestments were of a cut and pattern new to all the Western world… the dignified Indian gentleman who represented this triumph (re-union) in the Orient…"** [Gibbons, Margaret, *Mar Ivanios, Archbishop of Trivandrum: The Story of a Great Conversion*, Clonmore & Reynolds, Dublin, 1962, p.75]. Chesterton cherishes the memory of his meeting with Mar Ivanios: **"…(he) was so magnanimous as to ask me to be photographed with him on the steps of the Vice-regal lodge…"**. It was he who introduced Mar Ivanios as **'The Newman of India'** at the Eucharistic Congress and later on it has become an epithet of his great personality.

A journey through the avenues of Mar Ivanios' life will bring us to the very plane of Cardinal John Henry Newman's motto: **Cor ad cor loquitur – *heart speaks unto heart***. Let me make a portrait showing the extent of the making of two personalities great and the virtue of Newman which made the motto dear to his heart and the life and vision of Mar Ivaions which made him the Newman of India.

They believed and lived on the conviction that personal influence and the impact of genuine human interaction alone can win the hearts. Newman claims that no one can be won for Jesus Christ and His Church merely by means of argumentation. Credible witnesses are more important than words. Newman writes: **"The truth of the Gospel down through the centuries has been upheld not as a system, not by books, not by argument, nor by temporal power, but by the personal influence of such men..., who are at once teachers and the patterns of it"** *(Fifteen Sermons Preached Before the University of Oxford Between 1826 and 1843, Sermon III, p. 40).* That next to the power and force of supernatural grace, the greatest influence over the human heart is the example of goodness and virtue in another person (*Grammar of Assent)*. Those who have had the biggest impact and influence in our lives are those people who have truly loved us and have spoken to our heart through their lives and their example – our parents, our siblings, our friends, our teachers, our co-workers, so much so that we have wanted to be like them, we were inspired to be a better person because of their good example. People who live with conviction

www.malankaralibrary.com

because the love of Christ compels them, make a difference on other people's lives and they make a difference in the world.

The Guru concept and tradition of India exhibit extraordinarily the truth behind the above teaching and the corresponding life of Newman. Mar Ivanios was in every respect a great Guru who spoke to the hearts and touched the hearts by transmitting his spiritual solidness (Guru in Sanskrit literally means heavy, weighty or solid) to the natural human relationship. Here takes place the incarnation of the word of God in the human hearts. For Mar Ivanios, imitation of Christ or evangelization or ecclesial life is not confined merely and primarily to some cultic actions or some dogmatic principles, but it is the act of dedicating oneself totally to God and to humanity. He says, **"Evangelization is to be done not through mere exercise of words, but through virtuous actions and charity mingled with love."** (*Girideepam, Auto Biography of Mar Ivanios,* pp.59-60). Christ is the perfect model for such a life. Though he was God, he fully identified himself with humanity and dedicated himself for its every cause. Mar Ivanios naming the religious congregation he founded after Christ *(Order of the Imitation of Christ)* shows the tremendous inspiration he drew from the person of Christ as his Guru who integrated humanity with divinity in a supreme way. Not only the world leaders, writers, kings, emperors, pope, cardinals and presidents, but also the poor and the powerless, the needy and the neglected, the last and the least, all found in him a great Indian Guru who followed the foot steps of his great master – Christ. Cardinal Newman and Mar Ivaions believed and lived in the motto: ***Cor ad cor loquitur***.

**സകലതുമുപേക്ഷിച്ചുകൊണ്ട്**
**ഞങ്ങൾ നിന്റെ പിന്നാലെ**
**വന്നിരിക്കുന്നു എന്നു പറയത്തക്കവണ്ണം**
**മനഃശക്തിയും ദൈവാനുഗ്രഹവും**
**ലഭിച്ചവരത്രേ യഥാർത്ഥ സുവിശേഷകന്മാർ**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# ആഗോളസഭയിൽ ബഥനി ആശ്രമത്തിന്റെ വ്യക്തിത്വവും വ്യതിരക്തതയും

**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ വേളയിൽ നമ്മുടെ ചിന്തയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്നത് 'ആഗോളസഭയിൽ ബഥനിയുടെ വ്യക്തിത്വവും വ്യതിരക്തതയും' എന്ന വിഷയമാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സമർപ്പിതജീവിതം എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ അതിന്റെ മൂന്നാം ഖണ്ഡികയിൽ അദ്ദേഹം ഇപ്രകാരം പഠിപ്പിക്കുന്നു, "സമർപ്പിത ജീവിതം സഭയുടെ ഹൃദയത്തിൽ തന്നെയുള്ള ഒന്നാണ്. അവളുടെ ദൗത്യത്തിന്റെ നിർണ്ണായകമായ ഒരു ഘടകമെന്ന നിലയിൽ അത് നിലകൊള്ളുന്നു. കാരണം അത് ക്രൈസ്തവ വിളിയുടെ ആന്തരിക സ്വഭാവം വെളിപ്പെടുത്തുന്നു." യേശുനാഥന്റെ ശിഷ്യനായി അഥവാ ശിഷ്യയായി നിലകൊണ്ടുകൊണ്ട് ദൈവരാജ്യത്തിന്റെ വക്താവാകുവാനുള്ള വിളിയാണ് ഓരോ ക്രൈസ്തവഭക്തനുമുള്ളത്. അവർക്കുള്ള പ്രേഷിതദൗത്യം ഭരമേൽപ്പിച്ചുകൊണ്ട് ഉത്ഥിതൻ പിതാവിന്റെ പക്കലേക്ക് തിരികെ മടങ്ങുന്നുണ്ട്. വി.മത്തായിയുടെ സുവിശേഷം 28-ാം അദ്ധ്യായം 19 മുതൽ 20 വരെയുള്ള തിരുവചനങ്ങളിൽ പ്രേഷിതദൗത്യത്തെക്കുറിച്ച് ഇപ്രകാരം നാം വായിക്കുന്നു: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ.'' ശിഷ്യന്റെ ദൗത്യനിർവ്വഹണത്തിലെ പാളിച്ചകളാണ് സഭയുടെയും സമൂഹത്തിന്റെയും അധോഗതിക്ക് മൂലകാരണം എന്ന് തിരിച്ചറിഞ്ഞ യോഗീവര്യൻ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ഈ ദൗത്യങ്ങളുടെ പൂർണ്ണതയ്ക്ക് അടിസ്ഥാനമാകേണ്ട സന്ന്യാസത്തെക്കുറിച്ച് മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ 1946 നവംബർ 12-ന് അദ്ദേഹം ദൈവജനത്തിനുവേണ്ടി പുറത്തിറക്കിയ തന്റെ ഇടയലേഖനത്തിൽ ഇങ്ങനെ പറയുന്നു: "എവിടെ സന്ന്യാസജീവിതം അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവോ, അവിടെ ക്രൈസ്തവജീവിതവും അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. എവിടെ സന്ന്യാസജീവിതം ക്ഷയോന്മുഖമായിരിക്കുന്നുവോ, അവിടെ ക്രൈസ്തവജീവിതത്തിന്റെ സ്ഥിതിയും അപ്രകാരം തന്നെ.'' അസ്വസ്തതകളുടെ കാർമേഘങ്ങളിൽ നിന്നും ദൈവത്തിന്റെ തിരുസഭയെ നവീകരിച്ച് അൾത്താരയുടെ വിശുദ്ധിയിലേക്കും ജനഹൃദയങ്ങളുടെ ശ്രീകോവിലിലേക്കും തിരികെ എത്തിക്കുവാൻ ആത്മാവിന്റെയും മനസിന്റെയും ശരീരത്തിന്റെയും മൗനം ഉപാസനയാക്കിയ ജീവിതങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ എന്ന ഉൾവെളിച്ചത്തിൽ നിന്നുമാണ് ബഥനി പിറവിയെടുക്കുന്നത്. സഭയുടെ തലവൻ ഫ്രാൻസിസ് മാർപ്പാപ്പാ സന്ന്യസ്തരെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതും ഇതേ ചിന്ത തന്നെയാണ്. സന്ന്യസ്തർ എവിടെയുണ്ടോ അവിടെ സന്തോഷമുണ്ടായിക്കും. ചരിത്രത്തെ സ്മരിക്കുകയും ദൈവാനുഗ്രഹത്തിന്റെ നാൾവഴികളെ ഇന്നിന്റെ തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യേണ്ടത് ചരിത്രത്തോടു ചെയ്യേണ്ട നീതിയാണ്. സമർപ്പിതവർഷം പ്രഖ്യാപിച്ച വേളയിൽ ഫ്രാൻസിസ് മാർപ്പാപ്പാ സന്ന്യാസികളെ ഇങ്ങനെ ഓർമ്മിപ്പിച്ചു: നിങ്ങൾ

www.malankaralibrary.com

ലോകത്തെ വിളിച്ചുണർത്തേണ്ടവരാണ്. ബഥനിയുടെ സ്ഥാപനവും തുടർന്നു നടന്ന പുനരൈക്യവും സുവിശേഷവൽക്കരണപ്രവർത്തനങ്ങളും ലോകത്തെ വിളിച്ചുണർത്തേണ്ട ഒരു സന്ന്യാസിയുടെ പരിശ്രമത്തിന്റെയും പ്രയാണത്തിന്റെയും ചരിത്രമാണ്.

മലങ്കരസഭയിൽ സന്ന്യാസത്തെക്കുറിച്ചുള്ള ചർച്ചകൾ അത്ര കാര്യമായി ഇല്ലാതിരുന്ന ഒരു വേളയിൽ നൂറു വർഷങ്ങൾക്കുമുമ്പ് ഭാരതസഭയിൽ ഉദയം ചെയ്ത സന്ന്യാസവര്യനായ റവ.ഫാ. പി.റ്റി.ഗീവർഗീസ്, പൗരസ്ത്യ സന്ന്യാസത്തെയും ഭാരതീയ സന്ന്യാസത്തെയും അതിന്റെ പൂർണ്ണതയിൽ സ്വാംശീകരിച്ചെടുത്ത് രൂപവും ഭാവവും നൽകി പരിശുദ്ധാത്മ പ്രേരണയാൽ ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനി സന്ന്യാസ സമൂഹത്തിന്റെ വി.നിയമം നാലാം പാദത്തിൽ അതിന്റെ സിദ്ധിയെക്കുറിച്ചുള്ളതായ വിവരണത്തിൽ ഇത് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

ഏഷ്യാ ഭൂഖണ്ഡത്തിൽ ഇന്ത്യാ മഹാരാജ്യത്ത് കേരളമെന്ന കൊച്ചുസംസ്ഥാനത്തിന്റെ കോണിൽ റാന്നി-പെരുന്നാട് എന്ന ഗ്രാമപ്രദേശത്ത് നൂറുവർഷങ്ങൾക്കുമുമ്പ് 1919 ഓഗസ്റ്റ് 15-ാം ബഥനി ആശ്രമം എന്ന പേരിൽ രൂപം കൊണ്ട മലങ്കര സന്ന്യാസപ്രസ്ഥാനം ഇന്ന് കരയും കടലും കടന്ന് നാലു ഭൂഖണ്ഡങ്ങളിലായി മലങ്കരസഭയുടെ വ്യക്തിത്വവും ബഥനിയുടെ ആദ്ധ്യാത്മികതയും അനേകർക്ക് പകർന്നു നൽകുന്നു. ആഗോളസഭയുടെ ഹൃദയത്തിൽ മലങ്കരയുടെ പൈതൃകവുമായി വ്യത്യസ്തതകളോടെ ബഥനിയുടെ മിഷൻ യാത്ര പുതുനൂറ്റാണ്ടിലേക്ക് പ്രവേശിച്ചിരിക്കുന്നു. മുണ്ടൻമലയിൽ ബഥനിയുടെ മടിത്തട്ടിൽ സത്യാന്വേഷിയായ ഒരു പഥികന്റെ പത്തുവർഷം നീണ്ട ധ്യാനത്തിനും പഠനത്തിനും പ്രയാണത്തിനും ദൈവം കൊടുത്ത നിധിയാണ് പുനരൈക്യം. ലോകാരംഭം മുതൽ അനന്തകാരുണികനായ ദൈവം ചരിത്രത്തിന്റെ ഏടുകളിലേക്കായി മാറ്റിവച്ച, കാത്തുസൂക്ഷിച്ച പരിശുദ്ധാത്മാവിന്റെ ചിരാതാണ് മലങ്കര കത്തോലിക്കാ സഭ. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നൽകുന്ന ദാനമാണ് സമർപ്പിതജീവിതം എന്നു നമുക്കറിയാം. മലങ്കര സഭ പിറന്നുവീണത് ബഥനിയിലൂടെ ജീവിച്ച സന്ന്യാസസമർപ്പണത്തിന്റെ മടിത്തട്ടിലാണെന്നതും സഭയുടെ അധിപൻ അതേ സന്ന്യാസപ്രസ്ഥാനത്തിന്റെ സ്ഥാപകൻ ആയിരുന്നുവെന്നുള്ളതുമാണ് മലങ്കര കത്തോലിക്കാ സഭയെയും ബഥനിയെയും ചരിത്രത്തിൽ വ്യത്യസ്തമാക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ നടത്തിപ്പ്. ക്രൈസ്തവ സന്ന്യാസവും ക്രിസ്തുഭക്തിയും അതിന്റെ അന്തസത്ത നഷ്ടപ്പെടാതെ ഓരോ സംസ്കാരത്തിലും പുനർജനിക്കേണ്ടതാണെന്ന് കാലത്തിന്റെ മുന്നേ നടന്നു പ്രവചിച്ച പ്രഘോഷകനായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്. ബഥനിയിലൂടെ ബഥനി സ്ഥാപനത്തിലൂടെ അദ്ദേഹം സഭയോടും സമൂഹത്തോടും സംസ്കാരങ്ങളോടും പറയുവാൻ ആഗ്രഹിച്ചതും ഇതുതന്നെയാണ്. ഓരോ സംസ്കാരത്തിലും പുളിമാവായി തീരേണ്ട ഈ ദർശനമാണ് ബഥനി എന്ന സന്ന്യാസസമൂഹത്തെ ആഗോളസഭയിൽ വ്യത്യസ്തമായ വ്യക്തിത്വത്തിന് ഉടമയാക്കുന്നത്.

സമർപ്പിതരെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിലെ ജനതകളുടെ പ്രകാശം എന്ന തിരുവെഴുത്തിൽ ഇപ്രകാരം പഠിപ്പിക്കുന്നുണ്ട്. "മലമുകളിൽ പ്രാർത്ഥിക്കുകയും ജനക്കൂട്ടത്തോടു ദൈവരാജ്യം വിളംബരം ചെയ്യുകയും രോഗികളെയും വ്രണിതരെയും സുഖപ്പെടുത്തുകയും പാപികളെ ധാർമ്മിക മേഖലകളിലേക്ക് മാനസാന്തരപ്പെടുത്തുകയും

www.malankaralibrary.com

ശിശുക്കളെ ആശീർവദിക്കുകയും എല്ലാവർക്കും നന്മ ചെയ്യുകയും തന്നെ അയച്ച പിതാവിന്റെ ഇച്ഛയ്ക്ക് സദാ കീഴ്വഴങ്ങുകയും ചെയ്ത മിശിഹായെ തിരുസഭ സന്ന്യാസിമാർവഴി വിശ്വാസികൾക്കും അവിശ്വാസികൾക്കും ഉത്തരോത്തരം വ്യക്തമായി പ്രകാശിക്കുവാൻ തക്കവണ്ണം ഉത്സാഹപൂർവ്വം ശ്രദ്ധിക്കണം."

ചുരുക്കത്തിൽ, സന്ന്യാസസമർപ്പണ യാത്രയിൽ ഗുരുവായ യേശുനാഥനോടു ചേർന്ന് സാഹചര്യങ്ങളെ വ്യത്യസ്തമായി കാണാനും വ്യത്യസ്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി ആഗോളസഭയ്ക്കു മുഴുവനുമായി വ്യത്യസ്തമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുവാനുമുള്ള ഒരു സന്ന്യാസവര്യന്റെ ജീവിതദർശനമാണ് ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹം. നമ്മുടെ ചിന്തകൾക്കും പഠനത്തിനുമായി ഇനി ഏറെ മേഖലകളുണ്ട്. ബഥനിക്ക്, മലങ്കരസഭയ്ക്ക് കടന്നുചെല്ലേണ്ടതായ ഏറെ ഇടങ്ങളുണ്ട്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനി സന്ന്യാസസമൂഹത്തിന്റെ സ്ഥാപനത്തിലൂടെ ലക്ഷ്യംവച്ചതുപോലെ മലങ്കരസഭയിലൂടെ അദ്ദേഹം സ്വപ്നം കണ്ടതുപോലെ ദൈവരാജ്യത്തിന്റെ പ്രഘോഷണം അത് ലോകമെങ്ങും പോയി പ്രഘോഷിക്കത്തക്കവണ്ണം തന്റെ മിഷനറിമാരിലൂടെ, തന്റെ ദൈവജനത്തിലൂടെ സാക്ഷ്യമാകുവാൻ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് അദ്ദേഹത്തിന്റെ മാധ്യസ്ഥമുണ്ടാകണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. എല്ലാ ബഥനി വിശുദ്ധരുടെയും അനുഗ്രഹങ്ങളും പ്രാർത്ഥനയും മാധ്യസ്ഥവും സഭയുടെ വളർച്ചയ്ക്കു വേണ്ടിയും സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാ മേഖലകളിലും എല്ലാ വ്യക്തികളിലും ഉണ്ടാകണമേയെന്ന് പ്രാർത്ഥിക്കാം. ബഥനി സമൂഹസ്ഥാപകൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ നാം ആചരിക്കുമ്പോൾ അദ്ദേഹം സ്വപ്നം കണ്ട ദൈവരാജ്യത്തെ നമ്മുടെ മിശിഹാനുകരണ സന്ന്യാസി സമൂഹത്തിലൂടെയുള്ള അപ്പസ്തോലപ്രവർത്തനങ്ങൾ വഴിയും പ്രേഷിത പ്രവർത്തനങ്ങൾ വഴിയും പൂവണിയുവാൻ പിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുന്നതോടൊപ്പം ശക്തമായി പ്രവർത്തിക്കുകയും ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ! ●

**മലങ്കര സുറിയാനി സഭയ്ക്ക് അവിടുത്തെ കുരിശിന്റെ നിഴലിൽ അഭയം നൽകണമേ, അവിടുത്തെ അനുഗ്രഹ പൂർണ്ണമായ തൃക്കൈ അതിന്റെ മേൽവച്ച് അതിനെ ആശീർവദിക്കണമേ, ലോകരക്ഷകനായുള്ളോവേ, അവിടുത്തെ അഭീഷ്ടം ഏതോ, അതുതന്നെയാണ് അതിന്റെ ധർമ്മം എന്നറിവാനായി സാനുകമ്പം അതിന്റെ ഹൃദയാന്തർഭാഗത്തെ കടാക്ഷിക്കേണമേ. സമുദായ പ്രധാനികളെന്നഭിമാനിക്കുന്നവർ തമ്മിലുള്ള അസൂയയും, മത്സരവും നാം വേണ്ടുവോളം കണ്ടു കഴിഞ്ഞിരിക്കുന്നു. പള്ളികളായ പള്ളികളിലെവിടെയും സമാധാനവും സന്തുഷ്ടിയും കാണപ്പെടുന്നില്ല.**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ സഭൈക്യദർശനവും കാലികപ്രസക്തിയും

**ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

സഭയുടെ ചരിത്രഗതിയിൽ അതിന്റെ കെട്ടുപണിയിലും വളർച്ചയിലും നേതൃത്വം നൽകുവാനും സഭയെ അലങ്കരിക്കുവാനും പരിശുദ്ധാത്മ നൽവരങ്ങളാൽ നിറച്ച് നിയോഗിക്കപ്പെട്ട ധാരാളം വ്യക്തികളെ സഭാചരിത്രത്തിൽ നമുക്കു കാണുവാനായി സാധിക്കും. മലങ്കരസഭയുടെ പശ്ചാത്തലത്തിൽ ഇപ്രകാരം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെട്ട വ്യക്തിയാണ് പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനി. ശക്തമായ മലങ്കര സുറിയാനി പാരമ്പര്യത്തിൽ ജനിച്ച് വളർന്നുവന്ന പിതാവിന് ആഴമേറിയ ഒരു സഭാത്മകമായ അടിത്തറ ചെറുപ്പംമുതലേ ഉണ്ടായിരുന്നതായി നമുക്ക് കാണുവാൻ സാധിക്കും. തത്ഫലമായി ഒരു തികഞ്ഞ സഭാസ്നേഹിയായി അദ്ദേഹം രൂപപ്പെട്ടു. ഈ അടിസ്ഥാനത്തിന്മേലാണ് പിന്നീട് പിതാവിന്റെ വൈദികജീവിതവും സന്ന്യാസജീവിതവും മേലദ്ധ്യക്ഷ പദവികളും പടുത്തുയർത്തിയിരിക്കുന്നത്. സഭയോടുള്ള ഈ സ്നേഹബന്ധത്തിൽനിന്ന് ഒരു ശക്തിക്കും തന്നെ വേർപെടുത്താനാവാത്തവിധം ശക്തിപ്പെട്ടു രൂഢമൂലമായി. ഒരു ശെമ്മാശനായിരിക്കുമ്പോൾ മതബോധനത്തിലും ആരാധനക്രമങ്ങളിലും ജനങ്ങളെ പ്രബുദ്ധരാക്കുവാൻ പിതാവ് നടത്തിയ പരിശ്രമങ്ങൾ കണ്ട് 'കൂദാശ ശെമ്മാശൻ' എന്ന് അദ്ദേഹം അറിയപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു വൈദികനായശേഷം തന്റെ സർവ്വസ്വവുമായ സഭാസമൂഹത്തെ ഏതെല്ലാം രീതിയിൽ ഉയർത്തിക്കൊണ്ടുവരുവാൻ കഴിയുമായിരുന്നുവോ അതിനെല്ലാം വേണ്ടി തന്റെ ജീവിതം പിതാവ് പൂർണ്ണമായി സമർപ്പിച്ചു. സഭയുടെ സന്തോഷം സ്വന്തം സന്തോഷമായി മാറി. സഭയുടെ വേദന സ്വന്തം വേദനയായി പിതാവിന് അനുഭവപ്പെട്ടു. ചരിത്രപരമായി മലങ്കര സഭയിലുണ്ടായ പിളർപ്പും അതു വരുത്തിവച്ച വിനാശകരമായ പ്രത്യാഘാതങ്ങളും ആദ്ധ്യാത്മിക ജീവിതശോഷണവും സഭയുടെ സുവിശേഷപ്രചരണത്തിന്റെ അഭാവവുമെല്ലാം ഈ സഭാസ്നേഹിയെ ആഴത്തിൽ വേദനിപ്പിച്ചു. തന്റെ ഹൃദയത്തിനേറ്റ വലിയ ഒരു മുറിവായി താൻ ഇതിനെ കാണുകയുണ്ടായി. ജീവനുതുല്യം സ്നേഹിച്ച മലങ്കരസഭയെ ഈ വലിയ വിപത്തിൽനിന്നും രക്ഷിക്കുവാൻ പല പദ്ധതികളും അദ്ദേഹം ആലോചിച്ചു. അതിൽ നിർണ്ണായകമായ ഒന്നായിരുന്നു മലങ്കര ഓർത്തഡോക്സ് സഭയിലെ കാതോലിക്കാ സിംഹാസന സ്ഥാപനം.

1912 സെപ്റ്റംബർ 15-ന് മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കപ്പെട്ടതോടെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മുടക്കിൽനിന്ന് മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പിതാവിന് വിടുതൽ ലഭിക്കുകയും, സഭയുടെ സ്വതന്ത്രസ്ഥിതി നിലനിർത്തി സുസ്ഥിരമായ നിലനിൽപ്പിനും അഭിവൃദ്ധിക്കും കളമൊരുക്കുകയും ചെയ്തു. അത് മാർ ഈവാനിയോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായിരുന്നു. അതിന് അദ്ദേഹം നടത്തിയ തന്ത്രപരമായ നീക്കങ്ങളും ധീരമായ കാൽവയ്പുകളും അക്ഷീണ പരിശ്രമവും മലങ്കരസഭാ ചരിത്രത്തിന്റെ ഏടുകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു. പക്ഷേ, അതുകൊണ്ടൊന്നും അദ്ദേഹം വിവക്ഷിച്ച സൽഫലങ്ങൾ സഭയിൽ ഉണ്ടായില്ല. ഇതിനിടെ കൽക്കത്തായിലെ സെറാമ്പൂർ കോളേജിൽ പ്രൊഫസറായി നിയമിതനായ അദ്ദേഹം അവിടെയെത്തി തന്റെ ഹൃദയത്തെ മദിച്ചുകൊണ്ടിരുന്ന ഈ ചിന്തകളിൽ മുഴുകി. മലങ്കരസഭയുടെ സമുദ്ധാരണത്തിന്, ആദ്ധ്യാത്മിക നവീകരണത്തിന് എന്തുചെയ്യണം എന്ന് അദ്ദേഹം ആലോചിച്ചു. ദിവസങ്ങളും ആഴ്ചകളും മാസങ്ങളും ഈ വിഷയത്തെപ്പറ്റി പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും തപസ്സിന്റെയും ധ്യാനത്തിന്റെയും

www.malankaralibrary.com

അന്തരീക്ഷത്തിൽ ഇതിനെക്കുറിച്ച് ദൈവഹിതം വെളിപ്പെടുത്തപ്പെടുവാനായി അദ്ദേഹം കാത്തിരുന്നതായി തന്റെ ആത്മകഥയായ ഗിരിദീപത്തിൽ പ്രസ്താവിക്കുന്നുണ്ട്.

ഇത് ത്യാഗത്തിന്റെയും ആത്മസംഘർഷത്തിന്റെയും ദിനരാത്രങ്ങളായിരുന്നു ഈ കാത്തിരിപ്പിന്റെ സമയം. ഈ കാത്തിരിപ്പിനൊടുവിൽ സർവ്വസംഗപരിത്യാഗികളായ സന്ന്യാസികളടങ്ങുന്ന ഒരു സമൂഹം സ്ത്രീപുരുഷന്മാർക്കുവേണ്ടിയുള്ള സന്ന്യാസസമൂഹങ്ങൾ സഭയിൽ സ്ഥാപിക്കപ്പെടണം എന്നുള്ള തീരുമാനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. ഈ സന്ന്യാസി സന്ന്യാസിനികൾ അവരുടെ പ്രവർത്തികൾകൊണ്ടും സാന്നിദ്ധ്യംകൊണ്ടും സഭയിൽ ഒരു വലിയ മാറ്റം സൃഷ്ടിക്കുവാൻ പ്രത്യേകിച്ച് സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനം കൈവരുത്തുവാൻ സാധിക്കും എന്നുറച്ച് വിശ്വസിച്ചു. ഈ ദർശനത്തിന്റെ പ്രായോഗികാവിഷ്കാരമാണ് മലങ്കര ഓർത്തഡോക്സ് സഭയിലെ സന്ന്യാസസമൂഹമായ ബഥനി ആശ്രമവും സന്ന്യാസിനി സമൂഹമായ ബഥനി മഠവും. മിശിഹാനുകരണ സന്ന്യാസി സമൂഹം മിശിഹാനുകരണ സന്ന്യാസിനി സമൂഹം എന്ന് ഈ സമൂഹങ്ങൾ അറിയപ്പെടുന്നു. റാന്നി പെരുന്നാട് മുണ്ടൻമലയിൽ പൗരസ്ത്യ ക്രിസ്തീയ സന്ന്യാസത്തിന്റെയും ഭാരതീയ സന്ന്യാസത്തിന്റെയും സമന്വയമായി സ്ഥാപിക്കപ്പെട്ട ബഥനി ആശ്രമവും സന്ന്യാസികളും, അവരുടെ കാഷായ വേഷവും ലളിതമായ ജീവിതവും ആഴമേറിയ പ്രാർത്ഥനാനുഭവവും മൗനവും ഏകാന്തതയും, കഠിനമായ പ്രവർത്തികളും വേഗം സഭയുടെ ശ്രദ്ധാകേന്ദ്രമായി മാറി. മലങ്കര സഭയിലെ ആദ്ധ്യാത്മികജീവിതത്തിൽ ഒരു കോളിളക്കംതന്നെ അവരുടെ ജീവിതം സൃഷ്ടിച്ചു. ആത്മദാഹംപൂണ്ട മലങ്കര മക്കളുടെ തീർത്ഥാടനകേന്ദ്രമായി ബഥനി ആശ്രമം തീർന്നുവെന്ന് ചരിത്രത്തിൽ നാം വായിക്കുന്നു. ഏറെ താമസിയാതെ, ആശ്രമാദ്ധ്യക്ഷനെ മാർ ഈവാനിയോസ് എന്ന നാമത്തിൽ ബഥനിയുടെ മെത്രാപ്പോലീത്തായായി ഉയർത്തി. തന്റെ അരുമശിഷ്യനായ ബഥനിയിലെ യാക്കോബ് കശ്ശീശായെ മാർ തെയോഫിലോസ് എന്ന നാമത്തിൽ ബഥനിയുടെ സഹായമെത്രാനായും മലങ്കര സഭ നിയോഗിച്ചു. മെത്രാൻസ്ഥാന ലബ്ധി ലഭിച്ചതിന്റെ ഫലമായി അദ്ദേഹം ധാരാളം ബഥനി പള്ളികൾ സ്ഥാപിച്ചു. അതുപോലെതന്നെ ദളിത്‌വർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ക്രൈസ്തവ വിശ്വാസത്തിൽ കടന്നുവരുവാനും അതിൽ നിലനിൽക്കുവാനും സാഹചര്യമൊരുക്കി വിജാതീയ മിഷൻ ആരംഭിച്ചു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ മലങ്കരസഭയുടെ ആദ്ധ്യാത്മികജീവിതത്തിന് ഉണർവ്വും സുവിശേഷ പ്രചരണ ദൗത്യത്തിന് ഉത്തേജനവും ലഭ്യമായി. സഭകളുടെ ഐക്യം സഭാചരിത്ര പണ്ഡിതനായ പിതാവിന്റെ മനസ്സിനുള്ളിലെ ജീവസ്സുറ്റ ഒരു വിഷയമായിരുന്നു.

ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചുള്ളു. ഇന്ന് പല സഭകൾ ലോകത്തിലുണ്ട് അക്രൈസ്തവർക്ക് ഇതൊരു എതിർ സാക്ഷ്യമായി നിലനിൽക്കുന്നു. സഭകളുടെ ഐക്യം പിതാവിനെ ഏറെ ആകർഷിച്ച ഒരു ചിന്തയാണ്. നാം ഒന്നായിരിക്കുന്നതുപോലെ അവർ നമ്മിൽ ഒന്നാകണം എന്ന യേശുവിന്റെ പിതാവിനോടുള്ള മനസ്സുരുകിയുള്ള പ്രാർത്ഥന അതിന് കടകവിരുദ്ധമാണ്. സഭകളിലെ അനൈക്യം ഇതിന്റെ വലിയ തെളിവാണ്. യേശുവിന്റെ ഉള്ളുരുകിയ പ്രാർത്ഥന നിറവേറ്റുക എന്നത് നാം ഓരോരുത്തരുടെയും അടിയന്തിരമായ കടമയും ദൗത്യവുമാണെന്ന് പിതാവിന് ബോദ്ധ്യമുണ്ടായിരുന്നു. പിതാവ് ആത്മാർത്ഥമായി ചിന്തിച്ച് മലങ്കരസഭയിലെ പിളർപ്പിനും അനൈക്യത്തിനും ശാശ്വതമായ പരിഹാരമാർഗ്ഗം ചരിത്രത്തിലെ മാതൃസഭയായ കത്തോലിക്കാ സഭയുമായുള്ള ഐക്യം പുനരൈക്യമാണ് എന്ന് ചിന്തിച്ചുറച്ചു.

ബഥനി ആശ്രമത്തിലെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും കൂട്ടായ്മാനുഭവത്തിന്റെയും അന്തരീക്ഷത്തിൽ കത്തോലിക്കാസഭയുമായുള്ള പുനരൈക്യം എന്ന ആശയം പിതാക്കന്മാരിലും ആശ്രമസ്ഥരിലും ശക്തിപ്പെട്ടു. പുനരൈക്യ ആത്മാവ് അവരെ ശക്തമായി ഗ്രസിച്ചു എന്ന നമുക്കു പറയുവാൻ സാധിക്കും. അതിനാവശ്യമായ കത്തിടപാടുകൾ

www.malankaralibrary.com

എല്ലാം പിതാവ് നടത്തി. ഒടുവിൽ മുണ്ടൻമലയിൽ തങ്ങൾക്കുണ്ടായിരുന്നവയെല്ലാം മഹാമനസ്കതയോടും ധീരമായും ഉപേക്ഷിച്ച് പിതാക്കന്മാരും സന്ന്യാസികളും മുണ്ടൻമല വിട്ട് ഇറങ്ങി. അങ്ങനെ 1930 സെപ്റ്റംബർ 20–ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഇത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമായി മാറി. അങ്ങനെ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലങ്കര സുറിയാനി കത്തോലിക്കാസഭ ആഗോള കത്തോലിക്കാ സഭയിലെ ഒരു വ്യക്തിഗത സഭയായി രൂപപ്പെട്ടു. ഇതിന് പിതാവും തന്റെ അനുചരന്മാരും സഹിക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡകളും പീഡനങ്ങളും വളരെ വലുതായിരുന്നു. ജീവൻപോലും പണയപ്പെടുത്തി ഈ പുനരൈക്യപ്രസ്ഥാനത്തെ മുമ്പോട്ട് നയിച്ചതും ദിശാബോധം നൽകി വളർത്തിയും എല്ലാം പിതാവിന്റെ ജീവിതത്തിൽ വളരെ ശക്തമായി പ്രതിഫലിക്കുന്നുണ്ട്. സഭയിലെ പിളർപ്പിനെ മിശിഹായുടെ ശരീരത്തിലെ മുറിവായിട്ടാണ് പിതാവ് കണ്ടിരുന്നത്. ഒരു മുറിവെങ്കിലും ഉണക്കുന്നതിന്, കരിക്കുന്നതിന് എന്റെ ശരീരം ആയിരം കഷണങ്ങളായി മുറിക്കേണ്ടിവന്നാലും അതിനും ഞാൻ തയ്യാറാണ് എന്ന് പിതാവ് പ്രസ്താവിച്ചിരുന്നു. പുനരൈക്യത്തിലൂടെ രൂപംകൊണ്ട മലങ്കര കത്തോലിക്കാ സഭയെ അതിന്റെ തനിമയിൽ നിലനിർത്തിക്കൊണ്ട് കത്തോലിക്കാസഭയുടെ ആഗോളപ്രസക്തിയിൽ വളർത്തിയെടുക്കുവാൻ പിതാവ് ക്രാന്തദർശിത്വത്തോടെ അക്ഷീണം പ്രയത്നിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസവും ആദ്ധ്യാത്മികതയും ആരാധനക്രമവും വിശുദ്ധ കുർബാനക്രമവും പാരമ്പര്യങ്ങളും അംഗീകരിക്കപ്പെട്ട കാനോനുകളും നിലനിർത്തിക്കൊണ്ട് കത്തോലിക്കാസഭയിൽ തുടർന്നുപോകുവാൻ അതിന്റെ ഭാഗമായി വളരുവാൻ അംഗീകാരവും അനുവാദവും പിതാവ് റോമിൽ നിന്ന് നേടിയെടുത്തു.

മലങ്കര കത്തോലിക്കാ സഭയ്ക്ക് ലോകത്തിലെവിടെയും കടന്നുചെല്ലുവാനുള്ള സാധ്യത ഇതുവഴി ഉണ്ടായി. മലങ്കര കത്തോലിക്കാ സഭയിലൂടെ ആയിരക്കണക്കിന് വിശ്വാസികളെ കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരുവാൻ പിതാവിന് കഴിഞ്ഞു. എന്നുമാത്രമല്ല, ഭാവിയിലേക്ക് മറ്റുള്ളവരും കടന്നുവരുവാൻ വളരെ വിശാലമായി ആ വാതിൽ തുറക്കപ്പെടുകയും ചെയ്തു. വൈദികരുടെ ഉന്നമനവും സമുദായത്തിന്റെ ഉന്നമനമായി കണ്ട പിതാവ് ശക്തമായ ഒരു വൈദികഗണത്തിന് രൂപം നൽകുവാനുള്ള അടിസ്ഥാനസൗകര്യങ്ങൾ മലങ്കര കത്തോലിക്കാ സഭയിൽ ഒരുക്കി. സന്ന്യസ്തർ സഭയുടെ ചങ്കാകുന്നു എന്നു വിശ്വസിക്കുന്ന പിതാവ് സന്ന്യസ്തരുടെ സാന്നിദ്ധ്യവും സമർപ്പണവും മലങ്കര കത്തോലിക്കാ സഭയ്ക്ക് ഉറപ്പുവരുത്തി. വിശ്വാസികൾക്കാവശ്യമായ അനേകം പള്ളികൾ സ്ഥാപിച്ച് പ്രേഷിതപ്രവർത്തന മേഖല പിതാവ് ശക്തിപ്പെടുത്തി. വിദ്യാഭ്യാസ വിചക്ഷണനായിരുന്ന പിതാവ് ജനങ്ങളുടെ സമുദായ ഉത്കർഷത്തിനുവേണ്ടി വിദ്യാഭ്യാസത്തിന്റെ വില മനസ്സിലാക്കി ധാരാളം സ്കൂളുകളും തിരുവനന്തപുരത്ത് തല ഉയർത്തി നിൽക്കുന്ന മാർ ഈവാനിയോസ് കോളേജും സ്ഥാപിച്ചു. പരോപകാരാർത്ഥമായ ധാരാളം സ്ഥാപനങ്ങളും പ്രവർത്തനങ്ങളും മലങ്കര കത്തോലിക്കാ സഭയിൽ പിതാവ് ആരംഭിച്ചു. ആഗോള കത്തോലിക്കാ സഭയിൽ ഇന്ന് അതിവേഗം വളർന്ന സഭയായി ഇന്ന് മലങ്കര കത്തോലിക്കാസഭ വളരുവാനുള്ള എല്ലാ അടിസ്ഥാനങ്ങളും ദീർഘവീക്ഷണത്തോടെ പിതാവ് നൽകി പരിപോഷിപ്പിച്ചു. 45 വർഷം നീണ്ടുനിന്ന തന്റെ പൗരോഹിത്യ സന്ന്യാസ മേലദ്ധ്യക്ഷ ജീവിതത്തിൽ ഏതാണ്ട് 23 വർഷം മലങ്കര സുറിയാനി സഭയ്ക്കും 22 വർഷം താൻ രൂപം നൽകിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സമഗ്രമായ വളർച്ചയ്ക്കും തന്റെ ജീവിതം ത്യാഗോജ്ജ്വലമായി സമർപ്പിച്ച സഭാപിതാവാണ് പുണ്യപുരുഷൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്. സ്വർഗ്ഗത്തിലിരുന്ന് മറ്റ് അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പുണ്യതാതന്റെ വിശുദ്ധിയുടെ പരിമളം ഇന്ന് ആഗോളസഭയിൽ വ്യാപിക്കുവാൻ പ്രാർത്ഥനയോടെ നമുക്ക് കാത്തിരിക്കാം.

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ ധ്യാനശൈലിയും പൗരസ്ത്യ സന്ന്യാസത്തിലെ തൗനാ ആശയവും

**ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.**

മാർ ഈവാനിയോസ് പിതാവിന്റെ ശൈശവകാലത്തെ പ്രാർത്ഥനയെക്കുറിച്ചുള്ള സങ്കല്പം മറ്റേതൊരു ബാലനെപ്പോലെതന്നെ കുറേ യാമപ്രാർത്ഥനകളും കുർബാനയും പള്ളിയും പട്ടക്കാരുമൊക്കെ അടങ്ങിയ ഒന്നായിരുന്നു. വീട്ടിൽ പ്രാർത്ഥനയുടെ അന്തരീക്ഷം, പള്ളിയോടും സഭയോടും കൂറുള്ള മാതാപിതാക്കൾ, കുടുംബത്തിൽ ഒരു കത്തനാർ ഇങ്ങനെ സ്വന്തമായി ഒരു പ്രാർത്ഥനാ ജീവിതത്തിന് അടിത്തറ പാകാനുള്ള എല്ലാ ചുറ്റുവട്ടങ്ങളുമുള്ള ഒരു ശൈശവം. പ്രാർത്ഥനാന്തരീക്ഷമുള്ള പണിക്കരുവീട്ടിലെ ഗീവർഗ്ഗീസിന്റെ വ്യക്തിവികസനം ദൈവവിളിക്ക് ശേഷം ദ്രുതഗതിയിലായിരുന്നു. ഗീവർഗ്ഗീസിന്റെ പ്രാർത്ഥനയെക്കുറിച്ചുള്ള അവബോധം ക്രമേണ സാധാരണ അറിവുകളിൽനിന്ന് കൂടുതൽ വ്യക്തിപരമായ തലങ്ങളിലേക്ക് വളർന്നു. ഒരു സെമിനാരിക്കാരന് അനിവാര്യമായ ആരാധനക്രമങ്ങളും പ്രാർത്ഥനകളും സ്വായത്തമാക്കുന്നതിലുപരി തന്റെ സ്വയം പ്രയത്നംകൊണ്ടും ഗുരുക്കന്മാരുടെ മാതൃകകൊണ്ടും ധ്യാനാത്മകമായ പ്രാർത്ഥനാശൈലിയിലേക്ക് അദ്ദേഹം വളർന്നു. വി.കുർബാനയിലുള്ള കർത്താവിന്റെ സാന്നിദ്ധ്യം പരിശുദ്ധാത്മാവിന്റെ നിരന്തര നടത്തിപ്പ്, പരിശുദ്ധ കന്യകമറിയത്തിന്റെ ജീവിക്കുന്ന സാമീപ്യവും സ്നേഹവാത്സല്യവും എല്ലാംകൂടി ഗീവർഗ്ഗീസ് ശെമ്മാശനെ ഒരു പ്രാർത്ഥനയുടെ മനുഷ്യനാക്കി തീർത്തു.

പ്രാർത്ഥനയുടെ പൊരുൾ അറിഞ്ഞവനു മാത്രമേ പ്രാർത്ഥിക്കുവാനും മറ്റുള്ളവരെ പ്രാർത്ഥിപ്പിക്കുവാൻ പഠിപ്പിക്കാനും സാധിക്കൂ. പ്രാർത്ഥന കേട്ടുപഠിക്കുന്നതിനേക്കാൾ കണ്ടുപഠിക്കുന്നതാണ് എളുപ്പം. മാർ ഈവാനിയോസ് പിതാവും തന്റെ ഗുരുഭൂതന്മാരിൽ നിന്നും കണ്ടും കേട്ടും പഠിച്ചു. ഇതേ ശൈലിതന്നെ ഭാവിയിൽ തന്റെ അധീനതയിലുള്ള സെമിനാരിക്കാരെയും പിന്നെ വരുന്ന സന്യസ്തരെയും അദ്ദേഹം അഭ്യസിപ്പിച്ചു. അന്ത്യോഖ്യൻ ആരാധനക്രമം സുറിയാനിഭാഷയിൽ നിന്ന് മാതൃഭാഷയിലേക്ക് തർജ്ജിമ ചെയ്ത് തന്റെ അനുയായികൾക്ക് നൽകി അവർക്ക് ആരാധനയിലുള്ള ആസ്വാദ്യത വർദ്ധിപ്പിച്ചു. പ്രാർത്ഥനയുടെ അന്തസത്ത ഉൾക്കൊണ്ട് ദൈവസംസർഗ്ഗം പ്രാർത്ഥനാവേളകളിൽ സാധിക്കുന്നതിനായി അദ്ദേഹം മൗനപ്രാർത്ഥനകളും അതിൽനിന്ന് ഉരുത്തിരിയുന്ന ധ്യാനവും സ്വന്തജീവിതത്തിൽ അഭ്യസിച്ചു. അതുവഴി ആദ്ധ്യാത്മികജീവിതത്തിന്റെ വളർച്ചയും അദ്ദേഹത്തിന് സാധ്യമായി. പ്രാർത്ഥനാജീവിതത്തിന്റെ ഒരു പ്രധാന ഘടകമായി ധ്യാനത്തെ അല്ലെങ്കിൽ ഈവാനിയൻ ഭാഷയിൽ ഭജനത്തെ കാണുകയും വികസിപ്പിക്കുകയും ചെയ്തു. മൗനപ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും മാത്രമേ സ്വന്തം ജീവിതത്തെ അപഗ്രഥിക്കുവാനും സ്രഷ്ടാവുമായുള്ള ബന്ധം സംസ്ഥാപിക്കുവാനും സാധിക്കുകയുള്ളുവെന്ന് മാർ ഈവാനിയോസ് തിരിച്ചറിഞ്ഞിരുന്നു.

മാർ ഈവാനിയോസിന്റെ ധ്യാനശൈലി സന്യസ്തർ, വൈദികർ, അല്മായർ തുടങ്ങി എല്ലാവർക്കും ഉള്ളതാണ്. ഇത് കർത്താവ് ഉപദേശിച്ചുതന്ന 'കതകടച്ച് അകത്തുകടന്ന്' എന്നുള്ള ഒരു പ്രാർത്ഥനാശൈലിയാണ്. അവിടുന്ന് ഏകാന്തതയിൽ മലമുകളിൽ ഹൃദയത്തിന്റെയും ശരീത്തിന്റെയും വാതിലുകളടച്ച് രഹസ്യത്തിൽ തന്റെ പിതാവിനോട് ദീർഘനേരം സംഭാഷണം നടത്തിയിരുന്നു. ഇതു തന്നെയായിരുന്നു ഈവാനിയൻ ധ്യാനമോഡൽ. പൊതുവേ ധ്യാനം എന്നു വിളിക്കുന്ന ഈ ഭക്ത്യാഭ്യാസത്തെ ഭജനം എന്നാണ് മാർ ഈവാനിയോസ് വിളിക്കുന്നത്.

www.malankaralibrary.com

അദ്ദേഹം ഭജനത്തെ രണ്ടു വിധത്തിൽ വിഭാവനം ചെയ്തിരിക്കുന്നുണ്ട്. 1. ശോധനാപരമായ ഭജനം, 2. ധ്യാനപരമായ ഭജനം.

നമ്മുടെ കഴിഞ്ഞ കാല ജീവിതത്തിലെ തെറ്റുകൾ, കുറവുകൾ, പാപങ്ങൾ ഇവയൊക്കെ സ്മൃതിപഥത്തിൽ കൊണ്ടുവന്ന് അതിൽ മുന്തിനിൽക്കുന്ന ഒന്നോ രണ്ടോ പാപജീവിതസാഹചര്യങ്ങളെ പരിശോധിച്ച് അപഗ്രഥനം നടത്തി അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടി ജീവിതസംസ്കരണത്തിലൂടെ ദൈവകൃപയിലേക്ക് മടങ്ങുകയാണ് ശോധനാപരമായ ഭജനത്തിൽ നടക്കുന്നത്. ശോധനാപരമായ ഭജനത്തിലൂടെ ദൈവകൃപയിലേക്ക് മടങ്ങിവന്ന ആത്മാക്കൾക്ക് വർദ്ധിത ഭക്തിയും പുണ്യാഭ്യാസത്തിനുള്ള ഭക്താഭ്യാസങ്ങളും ആഴമേറിയ ദൈവസായൂജ്യവുമാണ് ധ്യാനപരമായ ഭജനത്തിൽ നടക്കുന്നത്. ആത്മീയ ജീവിതത്തിലെ ഒരു നവാഗതന് ഈ ധ്യാനശൈലി സ്വായത്തമാക്കാനുള്ള ധാരാളം ഉപദേശങ്ങൾ മാർ ഈവാനിയോസ് തന്റെ 'സന്ന്യാസ ജീവിത സഹായി' എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. ശരിയായി പരിശോധിച്ചാൽ സന്യസ്തർക്കും പുരോഹിതർക്കും മാത്രമല്ല ദൈവജനം മുഴുവനും ജീവിത നവീകരണത്തിനും ശാശ്വതസമാധാനത്തിനും ഈവാനിയൻ ധ്യാനശൈലി ഉപകരിക്കുമെന്നതിൽ സംശയം വേണ്ട. ഇന്നത്തെ മോഡേൺ ധ്യാനശൈലിയോടൊപ്പം ഈവാനിയൻ ധ്യാനവും അഭ്യസിക്കുന്നത് പ്രയോജനകരമായിരിക്കും.

**തൗനാ അനുഭവം**

തൗനാ എന്നു പറഞ്ഞാൽ 'സന്ന്യാസി പാർക്കുന്ന മുറി' എന്നേ അർത്ഥമുള്ളു. പൗരസ്ത്യ സന്ന്യാസ പാരമ്പര്യത്തിൽ തൗനാ സന്ന്യാസിയുടെ വാസമുറിയാണ്. തൗനാ എങ്ങനെ ക്രമീകരിക്കപ്പെടണമെന്നും മാർ ഈവാനിയോസ് വിശദീകരിക്കുന്നുണ്ട്. ഒരുപക്ഷേ ആർഷഭാരതത്തിലെ മുനിവര്യൻമാരുടെ പർണ്ണാശ്രമത്തെക്കുറിച്ചും ഗുഹാവാസത്തെക്കുറിച്ചും അറിവുണ്ടായിരുന്ന തിരുമേനിക്ക് തൗനയെ മുനിയുടെ പർണ്ണാശ്രമമായോ ഗുഹയായോ കാണുന്നതിന് എളുപ്പമായിരുന്നു. തൗനയെ കേവലം ഒരു ആശ്രമ മുറി എന്നതിലുപരി ഒരു ആദ്ധ്യാത്മിക അനുഭവമായി പിതാവ് അവതരിപ്പിക്കുന്നു. ഒരു സന്ന്യാസി നിരന്തരം ദൈവസംസർഗ്ഗത്തിൽ ആയിരിക്കുന്നവനാണല്ലോ. അതിനുള്ള ഒരു ഉപാധിയായിട്ട് മാർ ഈവാനിയോസ് തൗനയെ കാണുന്നത്. മുറിയിൽ കയറി കതകടച്ച് കർത്താവിനോട് രഹസ്യത്തിൽ സംഭാഷിക്കുന്ന ഒരു അനുഭവം. പിതാവ് പറയുന്നത് നീ എവിടെയായിരുന്നാലും എന്തു ചെയ്കയായിരുന്നാലും നിന്റെ തൗനയെ കൂടെ കൊണ്ടുപോവുക, എന്നുവച്ചാൽ എപ്പോഴും തൗനാ അനുഭവത്തിൽ ആയിരിക്കുക. എല്ലാം തൗനാ അനുഭവത്തിൽ ചെയ്യുക. ഇങ്ങനെ ചിന്തിക്കുമ്പോൾ മാർ ഈവാനിയോസിന് മുനിയുടെ പാർപ്പിടമായ തൗനാ സ്വർഗ്ഗരാജ്യത്തിന്റെ ഒരു ചെറുപതിപ്പ് തന്നെയാണ്. തൗനയിലായിരിക്കുന്ന സന്ന്യാസി സ്വർഗ്ഗീയ അനുഭവത്തിലായിരിക്കുന്നു. ആയതിനാൽ പൗരസ്ത്യ സന്ന്യാസ പാരമ്പര്യമനുസരിച്ച് തൗനാ ഒരു മുറിയോ സ്ഥലമോ എന്നതിലുപരി അത് ഒരു അവസ്ഥയും അനുഭവവുമാണ്. അങ്ങനെ തൗനാ അനുഭവത്തിലൂടെ സന്ന്യസ്തർക്കും, ഭജന-പ്രാർത്ഥനാ ശൈലിയിലൂടെ സഭതനയരേവർക്കും മാർ ഈവാനിയോസ് തിരുമേനി പ്രാർത്ഥനയുടെ ഒരു ഉത്തമ മാതൃക സഭയ്ക്ക് പൊതുവേ നൽകിയിരിക്കുന്നു. ബഥനി സന്ന്യാസികളായ നമ്മിലൂടെ ബഥനിയിൽ മാർ ഈവാനിയോസ് പിതാവ് പാകിവളർത്തിയ പുണ്യങ്ങളുടെ ഫലങ്ങൾ ദൈവമക്കൾക്ക് ലഭിക്കാൻ ഇടയാകണമെന്ന് പിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ വേളയിൽ പ്രാർത്ഥിക്കാം.

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവും

ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

രണ്ട് പദങ്ങളും 'കർമ്മകുശലതും നേതൃത്വപാടവവും' നാമിന്ന് ജീവിക്കുന്ന ലോകത്തിൽ ധാരാളം തെറ്റിദ്ധരിക്കപ്പെടുകയും ഒപ്പം ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. പ്രത്യേകിച്ച് രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-മത മേഖലകളിൽ നേതൃത്വം നൽകുന്നവർക്ക് അനിവാര്യമായി ഉണ്ടായിരിക്കേണ്ട രണ്ട് സിദ്ധികളാണിവ. ലോകത്തിന്റെ ദൃഷ്ടിയിൽ ഇവ രണ്ടും സ്വന്തം സ്ഥാനമുറപ്പിക്കാനും ഭരണം നടത്താനും അനിവാര്യം തന്നെ. ഈ രണ്ട് സിദ്ധികളും ആത്യന്തികമായി, അടിസ്ഥാനപരമായി, ജന്മസിദ്ധമല്ല, ആർജ്ജിക്കേണ്ടതാണ്. സാഹചര്യംകൊണ്ട്, പഠനംകൊണ്ട്, മനനംകൊണ്ട്, കാഴ്ചകൊണ്ട് ഒക്കെ ഒരാൾ ആർജ്ജിച്ചെടുത്ത് നിപുണനാകുന്നതാണ്. കർമ്മകുശലത കർമ്മത്തിൽനിന്ന് ആത്യന്തികമായി ലഭിക്കുന്നു. കർമ്മം ധർമ്മവുമായി ബന്ധമുള്ളിടത്താണ് ആത്മീയ കർമ്മകുശലത ഒരു നന്മയായി നാം കാണേണ്ടത്. ഇന്ന് ഈ ലോകത്തിൽ പ്രത്യേകിച്ച് നേതൃത്വത്തിൽ കാണുന്ന കർമ്മകുശലതയുടെ ലക്ഷ്യം പലപ്പോഴും ധർമ്മമല്ലല്ലോ. ഫലത്തിൽ ആശവയ്ക്കാതെ കർമ്മം ചെയ്യുന്ന ഒരു സംസ്കാരത്തിൽ 'നിന്റെ ഇടതുകരം ചെയ്യുന്നത് വലതുകരം അറിയരുതെന്ന്' പഠിപ്പിക്കുന്ന ഒരു ആത്മീയ ദർശനത്തിൽ കർമ്മം ധർമ്മവുമായി അഭേദ്യമായി ബന്ധപ്പെട്ട് നില്ക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവും വിശകലനവിധേയമാകേണ്ടത് ഈ ഒരു ആത്മീയ പശ്ചാത്തലത്തിൽ മാത്രം ആയിരിക്കണം.

രണ്ടാമത്തെ പദം നേതൃത്വപാടവം. വ്യക്തി ആർജ്ജിക്കുന്ന ഒരു കഴിവാണല്ലോ അത്. രാജ്യനന്മയ്ക്കുവേണ്ടി തന്റെ നേതൃത്വപാടവം വിനിയോഗിച്ച മഹാത്മാ ഗാന്ധിജി, പണ്ഡിറ്റ് നെഹ്റു, അതിനുശേഷം ഇന്ത്യമഹാരാജ്യത്തിന് നേതൃത്വം നൽകിയ ധീരരായ, മാന്യരായ നേതാക്കന്മാരുടെ ഒരു നീണ്ടനിരതന്നെ നമ്മുടെ നാട്ടിൽ ഉണ്ടല്ലോ. നേതൃത്വപാടവത്തിന്റെ ഏറ്റം വലിയ മേന്മ രഹസ്യപരസ്യ ജീവിതത്തിലുള്ള നിർമ്മലതയും സുതാര്യതയുമല്ലേ. നാം ഇന്ന് പൊതുവേ കാണുന്ന നേതൃത്വത്തിൽ അറിഞ്ഞോ അറിയാതെയോ സ്വാർത്ഥതയുടെ മൂർത്തഭാവങ്ങൾ അതിന്റെ പൂർണ്ണരൂപത്തിൽ താണ്ഡവമാടിക്കൊണ്ട് അടക്കിഭരിക്കുന്ന നേതാക്കന്മാരിൽ ലോകം പഠിപ്പിക്കുന്ന നേതൃത്വപാടവത്തിന്റെ മുഖം ദൃശ്യമാണ്. എന്നാൽ നാം ഇവിടെ വീക്ഷിക്കുന്ന നേതൃത്വപാടവം ആർജ്ജിക്കുന്നതോടൊപ്പം തന്നെ നല്കപ്പെടുന്നതാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വപാടവവും കർമ്മകുശലതയും താൻ ആർജ്ജിച്ചതിനേക്കാളുപരി തന്നെ വിളിച്ചവനുമായ ദൈവത്തിൽ നിന്ന് തന്റെ സമർപ്പണത്തിന്റെ നിർമ്മലതകൊണ്ട് സ്വന്തമാക്കിയതും നല്കപ്പെട്ടതുമാണ്. പിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവും പ്രകടമാക്കപ്പെട്ട അനേകം സംഭവങ്ങളും അനുഭവങ്ങളും ചരിത്രത്തിലും, എഴുതപ്പെട്ട പുസ്തകങ്ങളിലൂടെയും നമുക്കിന്ന് ലഭ്യമാണ്. ആധുനികനേതാക്കന്മാരിൽനിന്നും തികച്ചും വിഭിന്നമായി സ്വന്തമാക്കിയ ഒരു കർമ്മകുശലതയും നേതൃത്വപാടവവും പിതാവിന് സ്വസിദ്ധമായി ഉണ്ടായിരുന്നു. അതിന്റെ

www.malankaralibrary.com

അടിസ്ഥാനശിലകളായി നിലകൊള്ളുന്നത് തന്റെ ദൈവസമ്പാദനവും ഈശ്വര ധർമ്മത്തിൽ ചാലിച്ചു ചേർത്ത ജീവിതചര്യയും ആയിരുന്നു. അവ വിശദീകരിക്കപ്പെടുന്ന ചില ചരിത്ര സംഭവങ്ങൾ ഓർമ്മിപ്പിക്കട്ടെ:

**ബഥനി പ്രസ്ഥാനം**

ബഥനി ആശ്രമത്തെ ഒരു സ്വതന്ത്ര ആശ്രമപ്രസ്ഥാനമായി മലങ്കരയിൽ സ്ഥാപിക്കുന്നതിലൂടെ പ്രകടമാകുക, വന്ദ്യപിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവുമാണല്ലോ. അന്നത്തെ സഭാത്മക ചരിത്രം സാമൂഹികാവസ്ഥ, രാഷ്ട്രീയ പ്രത്യേകതകൾ ഇവയെല്ലാം മനസ്സിലാക്കി താൻ ജീവിക്കുന്ന സാഹചര്യത്തിൽ സഭയുടെ ഉയർച്ച സന്ന്യാസത്തിൽ നിന്നു മാത്രമേ നേടിയെടുക്കുവാൻ കഴിയുകയുള്ളൂ എന്ന് ബോധ്യപ്പെട്ട് ഒരു സമൂഹസ്ഥാപനം. കേട്ടുകേൾവിപോലുമില്ലാത്ത ഒരു സമർപ്പണ രീതി മലങ്കരയിൽ ആരംഭിച്ചതിലൂടെ തന്റെ നേതൃത്വപാടവത്തിന്റെയും കർമ്മകുശലതയുടെയും മിഴിവാകുന്ന മുഖം നമുക്ക് ദർശിക്കുവാൻ കഴിയും.

**ഭാരതീയ ദർശനം**

താൻ സ്ഥാപിച്ച ഈ പ്രസ്ഥാനം തികച്ചും ഭാരതീയമായിരുന്നു. ക്രിസ്ത്യാനികൾ ഒരിക്കലും ദർശിക്കാത്ത ഒരു ദർശനത്തിന്റെ ആവിഷ്കാരം. ദൈവീക മൂല്യങ്ങളെ അറിയുവാനും അനുകരിക്കുവാനും ദൈവീകരഹസ്യങ്ങളുടെ ജീവിക്കുന്ന മാതൃകകളായി വസിക്കുവാൻ തന്റെ നാടിന്റെ മണവും രുചിയും ജീവിതക്രമങ്ങളും ആചാരനുഷ്ഠാനങ്ങളും വസ്ത്രരീതിയും ഭക്ഷണ സമീപനവും ഒക്കെ ഭാരതത്തിന്റെ ആത്മാവിന് അനുയോജ്യമായ രീതിയിൽ അവ ആഘോഷിക്കുന്ന, പങ്കുവയ്ക്കുന്ന ജീവിക്കുന്ന ഒരു സന്ന്യാസപ്രസ്ഥാനത്തിന് രൂപം നല്കിയത് തന്റെ കർമ്മകുശലതയുടെയും നേതൃത്വപാടവത്തിന്റെയും മറ്റൊരു ഉദാഹരണമാണ്.

**വിജാതീയ മിഷൻ**

ജാതിയുടെയും വർഗത്തിന്റെയും വർണത്തിന്റെയും പേരിൽ ശിഥിലമായ ഒരു സമൂഹത്തെ ഉയർത്തണമെങ്കിൽ താനുൾക്കൊണ്ടു നിൽക്കുന്ന ക്രിസ്തുമതത്തിന്റെ നാലുകെട്ടിനുള്ളിൽനിന്ന് പുറത്തുചാടി വിജാതിയ സമൂഹത്തിന്റെ ഇടയിൽ വിശ്വാസ വെളിച്ചം വീശുവാനുള്ള പിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവും അനന്യസാധാരണവും അത്ഭുതാവഹവുമല്ലേ. വസുധൈവ കുടുംബം നാം ഒരേ ദൈവത്തിന്റെ മക്കളെന്ന ഭാരതീയ ദർശനത്തിന്റെ കാവൽഭടനായി കർമ്മംകൊണ്ടും ധർമ്മംകൊണ്ടും പിതാവ് മാറി. സുവിശേഷ വെളിച്ചം പ്രത്യേകിച്ച് ആരും ഒരിക്കലും നോക്കാൻ അറയ്ക്കുന്നവരുടെ വെറുക്കുന്നവരുടെ ഇടയിൽ സാക്ഷ്യം നൽകി. ക്രിസ്തീയ കൂട്ടായ്മകളെ രൂപപ്പെടുത്തിയ കർമ്മകുശലതയും നേതൃത്വപാടവവും ആദരണീയം തന്നെ.

**സ്ത്രീശാക്തീകരണം**

സമൂഹത്തിൽ ഏറ്റവും അധികം ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീ വർഗ്ഗത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി അവരെ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുന്ന, സ്ത്രീജനത്തിന്റെ

www.malankaralibrary.com

നന്മയ്ക്കുവേണ്ടി, കുടുംബങ്ങളുടെ നവീകരണത്തിനുവേണ്ടി, ആരംഭിച്ച ബഥനി മഠത്തിന്റെ സ്ഥാപനം, ആരോരുമില്ലാത്ത പെൺകുട്ടികളെ പഠിപ്പിച്ച് ഉന്നതരാക്കുന്ന ജാതിയോ മതമോ ഒന്നും നോക്കാതെ കാട്ടിത്തരുന്ന കർമ്മകുശലതയും നേതൃത്വപാടവവും അനുകരണീയം തന്നെ.

**പുനരൈക്യം**

നേതൃത്വത്തിന്റെ ഔന്നത്യം നേർവഴികളിലൂടെയുള്ള നയിക്കൽ തന്നെ. സത്യം അന്വേഷിക്കുക, സത്യം മനസ്സിലാക്കിയാൽ അതിനെ ആഞ്ഞുപുൽകുക. ഇത് നേതൃത്വത്തിന്റെ ആത്മാവ് തന്നെ. കത്തോലിക്കാ തിരുസഭയിലേക്കുള്ള പിതാവിന്റെ കടന്നുവരവിലൂടെ ഈയൊരു യാഥാർത്ഥ്യം നാം മനസ്സിലാക്കണം. പിതാവിന്റെ കർമ്മകുശലതയും നേതൃത്വപാടവവും അതിന്റെ തനിമയിൽ പ്രകടമാക്കപ്പെട്ട ഒരു അനുഭവമാണ് കത്തോലിക്കാസഭാപ്രവേശനം.

ചുരുക്കത്തിൽ പുണ്യപിതാവിന്റെ ജീവിതത്തിന്റെ സകല അനുഭവങ്ങളുടെയും അന്തർധാരയായി നിലനിന്നത് അദ്ദേഹത്തിന്റെ കർമ്മകുശലതയും നേതൃത്വ പാടവവും തന്നെ. ആത്മീയ നേതൃത്വവും ധർമ്മത്തിലധിഷ്ഠിതമായ കർമ്മവുമായിരുന്നു അതിന്റെ വിജയരഹസ്യം. പരിശുദ്ധസഭയുടെ നവീകരണത്തിലും വളർച്ചയിലും ആശ്രമത്തിന്റെ സുസ്ഥിതിയിലുമൊക്കെ നിഴലിച്ചു നിന്ന ഒരു യാഥാർത്ഥ്യമാണ് ഇവ.

സഭയുടെ ആരാധനരീതികളിലും കെട്ടുറപ്പിലൂടെയും നടത്തിയ നിജപ്പെടുത്തൽ, സ്ത്രീപുരുഷന്മാരെ തുല്യരായി കാണേണ്ടതിന്റെ ആവശ്യകതകളും പ്രായോഗികമായി ആരാധനയിൽ നടപ്പിലാക്കുവാനുള്ള ആർജ്ജവത്വവും, അശരണീയരായ അനാഥബാലന്മാരെ അക്കാലത്ത് കൂടെ താമസിപ്പിക്കുവാനും ഉന്നതരാക്കുവാനുമുള്ള പരിശ്രമങ്ങളെല്ലാം വന്ദ്യപിതാവിന്റെ നേതൃത്വപാടവത്തിന്റെയും കർമ്മകുശലതയുടെ ബാക്കിപത്രങ്ങളാണ്. എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവകരുണ തന്നെ. ദൈവം തുടങ്ങി ദൈവം നടത്തി. നാം ഒന്നും ചെയ്തതുമില്ല. പിതാവിന്റെ നേതൃത്വപാടവത്തിന്റെയും കർമ്മകുശലതയുടെയും അടിസ്ഥാനം ഈ ഒരു ബോദ്ധ്യവും അതിൽ ജീവിക്കാനുള്ള ശ്രദ്ധയും ശ്രമവുമായിരുന്നു. ഒരിക്കൽ കൂടി വന്ദ്യപിതാവിന്റെ ഓർമ്മകളാൽ സജീവമാകുന്ന ഈ ദിവസങ്ങളുടെ നന്മ ഏവർക്കും നേർന്നുകൊണ്ടും പിതാവിന്റെ മാധ്യസ്ഥം യാചിച്ചുകൊണ്ടും നിർത്തുന്നു.

**ദൈവത്തിൽ നിന്ന് അനന്യമായ വല്ലതിനോടും പ്രത്യേക പ്രതിപത്തിയുണ്ടാവാതെ സൂക്ഷിക്കണം. കുരിശിനെ സ്നേഹിക്കണം, ബഹുമാനിക്കണം, അത് ദൈവസന്നിധിയുടെ ലക്ഷ്യവും ജയത്തിന്റെ ആയുധവും അടയാളവുമാകുന്നു.**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനം

ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

ഒരു വ്യക്തി എന്ന നിലയിലും ഒരു വൈദികനെന്ന നിലയിലും സന്ന്യാസി എന്ന നിലയിലും മെത്രാപ്പോലീത്താ എന്ന നിലയിലും അദ്ദേഹത്തിന്റെ ജീവിതകാലത്ത് ജീവിച്ചു സാക്ഷ്യം നല്കിയ വിദ്യാഭ്യാസ ദർശനങ്ങളാണ് ഇതിൽ പങ്കുവയ്ക്കപ്പെടുന്നത്.

തന്റേതായ ആദർശങ്ങളോടും ലക്ഷ്യങ്ങളോടും വീക്ഷണങ്ങളോടും കൂടിയാണ് സമൂഹസ്ഥാപകൻ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചത്. ആദ്യം സ്വയം വിദ്യ നേടുകയും തന്നോടു ചേർന്നു നിന്ന വ്യക്തികൾക്ക് വിദ്യാഭ്യാസം സ്വന്തം ചെലവിൽ നൽകുകയും ചെയ്തു. അദ്ധ്യാപകനായും വൈദികനായും സന്ന്യാസിയായും സമൂഹസ്ഥാപകനായും മെത്രാപ്പോലീത്തായായും ആർച്ചുബിഷപ്പായും വിദ്യാഭ്യാസമേഖലയിൽ കേരളസഭയിൽ അദ്ദേഹത്തെപ്പോലെ വിജയം വരിച്ച ആരും തന്നെയില്ല. തന്റെ ജീവിതകാലത്ത് 71 പ്രൈമറി സ്കൂളുകൾ, 18 മിഡിൽ സ്കൂളുകൾ, 15 ഹൈസ്കൂളുകൾ, ഒരു കോളേജ് എന്നിവ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ ദർശനവും ബഥനി സന്ന്യാസി സന്ന്യാസിനി സമൂഹങ്ങളുടെ വിദ്യാഭ്യാസ ദർശനവും അടിസ്ഥാനപരമായി മാർ ഈവാനിയോസ് തിരുമേനിയുടെ വിദ്യാഭ്യാസ ദർശനത്തിന്റെ ആനുകാലികമായ ബഹിർസ്ഫുരണങ്ങളാണ്. അദ്ദേഹത്തിന്റെ ആത്മകഥയിൽ നിന്നും ജീവചരിത്രത്തിൽ നിന്നും വായിച്ചെടുത്ത ദർശനങ്ങളാണ് ക്രോഡീകരിക്കുന്നത്.

### വിദ്യാഭ്യാസം വ്യക്തിവികസനത്തിന് അടിസ്ഥാനമാക്കിയുള്ളതാകണം

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ജീവിതത്തിൽ എത്രയധികം മാറ്റങ്ങളാണ് സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. “മനുഷ്യന്റെ കായികവും മാനസികവും ആദ്ധ്യാത്മികവുമായ അന്തരശക്തികളുടെ സമുചിതമായ വികസനമാണ് യഥാർത്ഥ വിദ്യാഭ്യാസംമെന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ സാമ്പത്തിക നിലവാരം ഉയരുന്നതിലുപരി ആ വ്യക്തിയുടെ വ്യക്തിത്വം ആകർഷണീയമാക്കുകയും തന്നെയും മറ്റുള്ളവരെയും സന്തുഷ്ടിയിലേക്കും സമാധാനത്തിലേക്കും സത്യത്തിലേക്കും നയിക്കുകയും ചെയ്യുന്ന പ്രക്രിയയായിരിക്കണം വിദ്യാഭ്യാസമെന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ നാം വായിക്കുന്നു. ഒരു സാധാരണ കല്ലിൽനിന്ന് മനോഹരമായ ശില്പങ്ങൾ സൃഷ്ടിക്കപ്പെടുന്നതു പോലെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ ഒരു വ്യക്തി സമൂഹത്തിൽ ഇഴുകിച്ചേർന്ന് നല്ല വ്യക്തിത്വം രൂപപ്പെടുത്തും. മാർ ഈവാനിയോസിന്റെ വ്യക്തിപരമായി ജീവിതം തന്നെ ഇതിന് സാക്ഷ്യമാണ്.

### വിദ്യാഭ്യാസം സമൂഹസൃഷ്ടിക്ക് ഉതകുന്നതാകണം

ഭൂമിശാസ്ത്രം, കണക്ക് ആദിയായ വിഷയങ്ങൾ പഠിച്ച് മാനസിക ശിക്ഷണം കൈവരുത്തുകയും കായികവിദ്യാഭ്യാസം മൂലം ആരോഗ്യം പുലർത്തുകയും ചെയ്യാത്ത വ്യക്തികൾക്ക് രാഷ്ട്രത്തിലെ യഥാർത്ഥ പൗരന്മാരായി ജീവിതം നയിക്കുക സാദ്ധ്യമല്ലായെന്ന്

www.malankaralibrary.com

അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതിയ ഇഞ്ചയ്ക്കലോടി അച്ചൻ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ വീക്ഷണത്തെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നു. മാർ ഈവാനിയോസ് കോളേജിന്റെ ഉത്ഘാടനവേളയിൽ ദീപികയുടെ മുഖപത്രവും ഇതുതന്നെയാണ് പറഞ്ഞത്: ഈ കോളേജ് കേരളത്തിലും ഭാരതത്തിലും സമൂഹസൃഷ്ടിക്ക് ഉതകുന്ന ഉന്നതസ്ഥാപനമായി ഭവിക്കട്ടെയെന്ന്. നമുക്കറിയാം കഴിഞ്ഞ വർഷങ്ങളിലെ ചരിത്രം അതിന്റെ നേർസാക്ഷ്യമാണ്.

**മതധാർമ്മിക മൂല്യങ്ങളിലുറച്ചതായിരിക്കണം വിദ്യാഭ്യാസം**

മതമൂല്യങ്ങളെയും ധാർമ്മികതയേയും മറച്ചുവെച്ചുള്ള ഭൗമികമായ ഒരു വിദ്യാഭ്യാസം കേവലം ഭൗതികരായ വ്യക്തിത്വങ്ങളെ മാത്രമേ സൃഷ്ടിക്കുകയുള്ളു. ആദ്ധ്യാത്മികമായ ഒരു ഭാഗം കൂടി മനുഷ്യനുണ്ടെന്നും അതിന്റെ പോഷണം ആവശ്യമാണെന്നും അദ്ദേഹം തന്റെ വിദ്യാഭ്യാസ വീക്ഷണത്തിൽ കൂട്ടിച്ചേർത്തു. സഭയിലെ എല്ലാ കുട്ടികളും വിശ്വാസ സംബന്ധമായ പരിജ്ഞാനവും സ്വഭാവസംസ്കരണവും ആദർശപരമായ പൗരധർമ്മബോധത്തിലും അധിഷ്ഠിതമായ വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം തന്റെ സ്ഥാപനങ്ങളിലൂടെ ശുശ്രൂഷ ചെയ്തത്. സഭയുടെ ഇടയനെന്ന നിലയ്ക്ക് വിദ്യാഭ്യാസ മേഖലയിൽ മതമൂല്യങ്ങളെ നിഷ്കാസനം ചെയ്യുന്ന ഭരണാധിപന്മാരുടെ മർക്കിട മുഷ്ടിക്കു മുമ്പിൽ ഒരിക്കലും അദ്ദേഹം മുട്ടുമടക്കിയില്ല. ക്രിസ്തീയ വിശ്വാസത്തിനും വിദ്യാഭ്യാസം നൽകുവാനുള്ള സഭയുടെ സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടിയതിനാൽ അദ്ദേഹത്തിന് മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നഷ്ടപ്പെട്ടു. മനുഷ്യജീവിതത്തിൽ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഭൗമികമായി നഷ്ടപ്പെടലുകൾ അദ്ദേഹം ഗൗരവമായി കണക്കാക്കിയില്ല.

**വിദ്യാഭ്യാസം ജനകീയമാവണം**

മാർ ഈവാനിയോസ് തിരുമേനി ഈവാനിയോസ് കോളേജ് സ്ഥാപനാർത്ഥം യൂണിവേഴ്സിറ്റി ചാൻസലർക്ക് എഴുതിയ കത്തിൽ തന്റെ വിദ്യാഭ്യാസ ശുശ്രൂഷയെ ഇങ്ങനെ വിവരിക്കുന്നു: "ഇക്കഴിഞ്ഞ മുപ്പത്തിയേഴു വർഷങ്ങളായി തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കാര്യമായ പങ്ക് ഞാൻ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. എന്റെ മേൽനോട്ടത്തിൽ എഴുപതു പ്രൈമറി സ്കൂളുകളിലായി ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ മൂവായിരത്തി അറുനൂറു കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട്. ഇതിൽ മലങ്കര കത്തോലിക്കാ സഭയിലെ വെറും അഞ്ചു ശതമാനം കുട്ടികൾമാത്രമാണ് ഉണ്ടായിരുന്നത്. ബാക്കി കുട്ടികളെല്ലാം പൊതുസമൂഹത്തിൽ ഉൾപ്പെട്ടവരാണ്." സഭയുടെ സമ്പത്തും സഭയുടെ വ്യക്തിത്വങ്ങളും പൊതുസമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി സമർപ്പിക്കുന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ പ്രധാന കാര്യമെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു.

**ഉന്നതവിദ്യാഭ്യാസം**

പ്രൈമറി സെക്കണ്ടറി വിദ്യാഭ്യാസത്തേക്കാളുപരി ഒരു സമൂഹത്തിന്റെ പുരോഗതിക്ക് ഉന്നതവിദ്യാഭ്യാസം ആവശ്യമാണെന്ന് അദ്ദേഹം മുന്നിൽ കണ്ടു. കോളേജ് സ്ഥാപിക്കുന്നതിനുമുമ്പേ അദ്ദേഹം എഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു: "തിരുവിതാംകൂറിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഉള്ള എന്റെ ഭാഗഭാഗിത്വം ഉന്നതവിദ്യാഭ്യാസത്തിലേക്ക് കൂടെ വ്യാപിപ്പിക്കുവാനുള്ള സമയം ആസന്നമായിരിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. ഇതിനു വേണ്ടി പട്ടത്തുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ ഒരു ഒന്നാംഗ്രേഡ് കോളേജായി ഉയർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു സമൂഹത്തിന്റെ സുസ്ഥിര വളർച്ചയ്ക്കും സന്തുലിതാവസ്ഥയ്ക്കും ഇത്തരം

www.malankaralibrary.com

വിദ്യാഭ്യാസം ആവശ്യമാണെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. തന്റെ ആത്മകഥയിൽ അദ്ദേഹം ഇപ്രകാരമെഴുതി: ''ഞാൻ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പുതിയ കോളേജിൽ ചരിത്രത്തിനും, സാമ്പത്തികശാസ്ത്രത്തിനും, കൊമേഴ്സിനും, സഹകരണത്തിനും, സുറിയാനിക്കും ഹീബ്രുവിനും, സ്കൊളാസ്റ്റിക്ക് തത്വശാസ്ത്രത്തിനും ഇൻഡ്യൻ ഫിലോസഫിക്കും മനഃശാസ്ത്രത്തിനും സാമൂഹ്യ ശാസ്ത്രത്തിനുമുള്ള കോഴ്സുകൾ തുടങ്ങുന്നതാണ്. മനുഷ്യജീവിതത്തെ കാര്യമായി ബാധിക്കുന്ന വിഷയങ്ങൾ പഠിപ്പിക്കുവാനുള്ള ഇടങ്ങളായി ഉന്നതവിദ്യാഭ്യാസം മാറണമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

ഉന്നത വിദ്യാഭ്യാസം ഒരലങ്കാരമായിട്ടല്ല, പിന്നെയോ സമൃദ്ധിയിലേക്കുള്ള ചവിട്ടുപടിയായി ഭൂമിശാസ്ത്രപരമായും വാണിജ്യപരമായും സാമ്പത്തികശാസ്ത്രപരമായും ചരിത്രപരമായും പ്രായോഗിക രംഗത്തേക്ക് യുവജനങ്ങളെ നയിക്കുവാനുള്ള മാധ്യമമായിട്ടാണ് ഞാൻ ദർശിക്കുന്നത്. സമൂഹത്തിലെ യൗവ്വനക്കാർ ഇടപെടാൻ സാധ്യതയുള്ള പല സമൂഹതിന്മകളിൽനിന്നും യുവജനതയെ സംരക്ഷിക്കാനാണ് സമഗ്രമായ ഉന്നത വിദ്യാഭ്യാസത്തിലൂടെ അദ്ദേഹം പരിശ്രമിച്ചത്.

**സ്ത്രീ വിദ്യാഭ്യാസം**

ഇന്നേക്ക് നൂറുവർഷങ്ങൾക്കുശേഷം സമൂഹത്തിൽ പുരുഷന്മാരെപ്പോലെ സ്ത്രീകളും അഭ്യസ്ത വിദ്യരാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. തന്റെ സെറാംപൂർ ജീവിത കാലത്ത് തന്റെ വിദ്യാഭ്യാസ ശുശ്രൂഷയുടെ ഭാഗമായി അനേകം പെൺകുട്ടികളെ കേരളത്തിൽനിന്നും വിവിധ യൂണിവേഴ്സിറ്റികളിൽ അയച്ച് അദ്ദേഹം പഠിപ്പിച്ചു.

കന്യാമഠം സ്ഥാപിച്ചതിന്റെ പ്രധാന ഉദ്ദേശവും സ്ത്രീ ശാക്തീകരണമായിരുന്നു. തിരുമൂലയിൽ പണിത് അടച്ചിട്ടിരുന്ന ബാലികാമഠം സ്കൂൾ അദ്ദേഹം തുറന്ന് ഈ പ്രദേശത്തുള്ള പെൺകുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നതിനും, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലേക്ക് അവരെ നയിക്കുന്നതിനും രണ്ട് വിദേശവനിതകളുടെ സഹായത്തോടെ അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹം മേൽപ്പട്ടക്കാരനായിരിക്കെ തിരുവനന്തപുരം അതിരൂപതയിൽ പെൺകുട്ടികൾക്ക് മാത്രമായി അഞ്ച് ഹൈസ്കൂളുകൾ സ്ഥാപിച്ചു. ഈ സ്കൂളുകളോടു ചേർന്ന് കന്യാമഠം സ്ഥാപിക്കുകയും അതിനോടു ചേർന്ന് ദൂരെ നിന്നുവരുന്ന പെൺകുട്ടികളെ താമസിപ്പിച്ച് അവർക്ക് വിദ്യാഭ്യാസം കൊടുക്കുവാനും അദ്ദേഹം നേതൃത്വം നൽകി.

1931-ൽ നങ്ങ്യാർകുളങ്ങരയിൽ സ്ഥാപിച്ച ബാലികാമഠത്തിലൂടെ ആയിരക്കണക്കിന് വ്യത്യസ്ത മതങ്ങളിൽപ്പെട്ട പെൺകുട്ടികൾ വിദ്യാഭ്യാസം നേടി സമൂഹത്തിന്റെ ഉന്നതനിലയിലേക്കു പോയി.

**നിർദ്ധനരുടെ ഉന്നമനത്തിനുവേണ്ടിയുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസം**

വിദ്യാഭ്യാസം എല്ലാവർക്കും ലഭിക്കുന്നതു തീർച്ചപ്പെടുത്തുന്നതുപോലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെ സംരക്ഷിച്ച് ബലപ്പെടുത്തി വിദ്യാഭ്യാസം നൽകുന്ന വീക്ഷണവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. തനിക്കു കിട്ടിയ ശമ്പളം മുഴുവൻ തന്റെ സഹചരന്മാരുടെ വിദ്യാഭ്യാസ ആവശ്യത്തിനുപയോഗിച്ചതായും അതുവഴി അനേകം പേർ വിവിധ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുകയും സമൂഹത്തിലെ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ ഔദ്യോഗികമായി സേവനം ചെയ്യുകയും ചെയ്തതായി അദ്ദേഹത്തിന്റെ ആത്മചരിത്രത്തിൽ നാം വായിക്കുന്നു.

***

www.malankaralibrary.com

താൻ സ്ഥാപിച്ച ബഥനി ആശ്രമത്തോടൊപ്പം ഒരു അനാഥശാല തുടങ്ങി കുട്ടികളെ അടുത്തുള്ള സ്കൂളിൽ പഠിപ്പിക്കുകയും പഠനത്തിൽ സമർത്ഥരായ കുട്ടികളെ ഉന്നതവിദ്യാഭ്യാസത്തിന് പുറത്ത് അയയ്ക്കുകയും അല്ലാത്ത കുട്ടികളെ ജീവിത സന്ധാരണത്തിനായി തൊഴിൽ പരിശീലിപ്പിച്ച് അവരുടെ ഭവനങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു എന്നത് ഗിരിദീപം എന്ന അദ്ദേഹത്തിന്റെ ആത്മകഥ സാക്ഷ്യപ്പെടുത്തുന്നു.

**ഗ്രാമീണ മേഖലയുടെ ഉന്നമനമായിരിക്കണം വിദ്യാഭ്യാസം**

ഇന്നു മലങ്കര സഭയിൽ ഏകദേശം 300 ഓളം ചെറുതും വലുതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 85 ശതമാനവും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഈവാനിയോസ് തിരുമേനി സ്ഥാപിച്ച സ്കൂളുകളിൽ ഏറിയ പങ്കും ഗ്രാമങ്ങളുടെയും ഉൾപ്രദേശങ്ങളുടെയും വികസനം ലക്ഷ്യം വച്ചുള്ളതായിരുന്നു. തിരുവല്ലാ പ്രദേശത്തെ ഹരിജൻ കുട്ടികൾക്കുവേണ്ടി ബഥനി മഠത്തിന്റെ നേതൃത്വത്തിൽ സ്കൂൾ തുടങ്ങുകയും അവരെ അക്ഷരാഭ്യാസം, നെയ്ത്ത്, പാചകവൃത്തി, തയ്യൽ പരിശീലിപ്പിക്കുവാൻ സിസ്റ്റേഴ്സിനെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. കന്യാകുമാരി ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിൽ കടന്നുചെന്ന് പ്രാഥമികമായ വിദ്യാഭ്യാസം ജനത്തിന് കൊടുക്കാൻ സ്കൂളുകൾ സ്ഥാപിച്ചതായി അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

ഗ്രാമങ്ങളിലെ ഇൻഡ്യയെ തേടിയ മഹാത്മജിയെപ്പോലെ ഓരോ ഗ്രാമവും വിദ്യാഭ്യാസ പരമായി മുന്നേറണമെന്ന ദർശനമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ പിൻഗാമികളായ ആശ്രമസ്ഥരും പിതാക്കന്മാരും ഈ പാതയെ പിന്തുടരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

**വൈദികരുടെയും സമർപ്പിതരുടെയും ഉന്നതവിദ്യാഭ്യാസം**

മലങ്കര സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ എന്നും മറ്റു സമുദായങ്ങളെ അപേക്ഷിച്ച് ഈ കൊച്ചുസഭ മുന്നേറുവാൻ ഇടയാക്കിയത് ഈ ദർശനമാണ്. അദ്ദേഹത്തിന്റെ കാലത്തിൽ തന്നെ വൈദികർക്കും സന്യസ്തർക്കും ഉന്നതവിദ്യാഭ്യാസം നൽകുവാൻ കഠിനമായി പരിശ്രമിച്ചു. അദ്ദേഹത്തിന്റെ സെറാംപൂർ ജീവിതകാലത്ത് ഉന്നതമായ ഇംഗ്ലീഷ് വിദ്യാഭ്യാസവും പാശ്ചാത്യ ദൈവശാസ്ത്ര പഠനസൗകര്യങ്ങളോടും കൂടി മുന്നേറിയ തന്റെ സഭയിലെ അംഗങ്ങൾക്ക് പൗരസ്ത്യ സഭാപാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും സുറിയാനി ഭാഷാ പഠനവും ഉൾപ്പെടെ അദ്ദേഹം നൽകി. ആശ്രമത്തിലും രൂപതയിലും വൈദികർ കുറവായിരുന്ന കാലത്തും വൈദികരുടെ ആവശ്യം അധികമായിരുന്ന കാലത്തും വൈദികരെയും സന്യസ്തരെയും ദൂരെ സ്ഥലങ്ങളിൽ വിട്ട് നല്ല വിദ്യാഭ്യാസം നൽകുവാൻ അദ്ദേഹം പരിശ്രമിച്ചു. മേല്പറഞ്ഞ വലിയ ദർശനമാണ് മലങ്കര സഭയെ വിദ്യാഭ്യാസ മേഖലയിൽ ആരേക്കാളും ഉന്നതമായ നിലയിൽ മുന്നേറുവാൻ ഇടയാക്കിയത്.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ നാം ആചരിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പിതാവിന്റെ വിദ്യാഭ്യാസ ദർശനം പ്രാവർത്തികമാക്കുവാൻ നമുക്ക് കടമയുണ്ട്. ഇന്ന് ബഥനി സന്ന്യാസി സമൂഹത്തിന് 45 വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ മാർ ഈവാനിയോസ് പിതാവ് നല്കിയ വെളിച്ചം അനേകർക്ക് പ്രകാശമാകുവാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

***

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനം

ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

മാർ ഈവാനിയോസ് പിതാവിന്റെ ബഥനിയുടെ സ്ഥാപനത്തിന്റെ പിന്നിലുള്ള ദർശനം എന്തായിരുന്നുവെന്നും അദ്ദേഹത്തിന്റെ സന്ന്യാസദർശനത്തിന്റെ പ്രത്യേക ഘടകങ്ങൾ ഏതൊക്കെയെന്ന് വിവരിക്കുകയുമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. തന്റെ സെറാമ്പൂർ വാസകാലത്താണ് ഒരു സന്ന്യാസാശ്രമം തുടങ്ങണമെന്നും അതുവഴി മലങ്കരയുടെ ആത്മീയ നവീകരണം സാധ്യമാക്കുവാൻ സാധിക്കുമെന്നുമുള്ള ആശയം മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്നത്.

സെറാമ്പൂരിലായിരിക്കുമ്പോൾ പാശ്ചാത്യനാടുകളിൽ നിന്ന് മിഷനറിമാർ വന്ന് അവിടെ സുവിശേഷം പ്രസംഗിക്കുകയും ദേവാലയങ്ങൾ സ്ഥാപിക്കുകയും ഒരുക്രിസ്തീയ സമൂഹത്തെ പടുത്തുയർത്തുകയും ചെയ്യുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന് തോന്നിയ ആദ്യത്തെ കാര്യം ഈ വിദേശമിഷനറിമാർക്ക് അവരുടെ രാജ്യത്ത് ക്രിസ്തുമതം പ്രചരിക്കുന്നതിന് എത്രയോ വർഷങ്ങൾക്ക് മുമ്പ് മാർ തോമ്മാശ്ലീഹാ നമുക്ക് സുവിശേഷ ദീപം പകർന്നു തന്നു. പക്ഷേ പറയുടെ കീഴിൽ മറച്ചുവച്ച ദീപം പോലെ നാം അതാർക്കും പങ്കുവച്ചില്ല. സഭ അടിസ്ഥാനപരമായി മിഷനറിയത്രേ എന്ന് മാർ ഈവാനിയോസ് പിതാവ് ഓർമ്മിപ്പിക്കുന്നു. എന്നാൽ ഈ അടിസ്ഥാനസ്വഭാവത്തെ നാം മറന്നിട്ട് നമ്മുടെ തന്നെ സ്വാർത്ഥപരമായ കാര്യങ്ങളിൽ മുഴുകിയപ്പോഴാണ് സഭയുടെ ചൈതന്യം കെട്ട് തിരി അണഞ്ഞുപോയ വിളക്കുപോലെ നാം ആയിത്തീർന്നത്.

അതുകൊണ്ട് സഭയുടെ ഈ നശിച്ചുപോയ അവസ്ഥയിൽനിന്ന് ദുർഗതിയിൽനിന്ന് അതിനെ വീണ്ടെടുക്കുവാൻ അതിന്റെ ചൈതന്യത്തിലേക്ക് സഭ മടങ്ങി വരണം എന്നദ്ദേഹം ഉറപ്പിച്ചു. അതിന് ഏറ്റവും അത്യാവശ്യമുള്ള കാര്യം സഭയിൽ വിദ്യാഭ്യാസമുള്ള, ചിന്തിക്കുവാൻ ശേഷിയുള്ള വൈദികർ ഉണ്ടാവണം എന്നതാണ്. വൈദികരുടെ പാണ്ഡിത്യവും, ആദ്ധ്യാത്മികമായ ഉയർച്ചയും സഭയുടെ അഭ്യുന്നതിയ്ക്ക് സഹായകമാകുമെന്ന് അദ്ദേഹം കരുതി. സെറാമ്പൂർ കോളേജ് ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സ്ഥാപനമാകയാൽ മലങ്കര സഭയിലെ വൈദികർ ഈ കോളേജിൽ പഠനം നടത്തുകയാണെങ്കിൽ അത് സഭയുടെ ഉയർച്ചയ്ക്ക് കാരണമാകും. അഭ്യസ്ഥവിദ്യരായ ആളുകൾ സഭയിലുണ്ടെങ്കിൽ ഒരു വൈദിക കോളേജ് സ്ഥാപിക്കുക എളുപ്പമാണ്. അതോടൊപ്പം, എം.ഡി. ഹൈസ്കൂളിനെ അപ്ഗ്രേഡ് ചെയ്യാനും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഈ ഉദ്ദേശം മനസ്സിൽവച്ചാണ് അദ്ദേഹം ധാരാളം ചെറുപ്പക്കാരെ സെറാമ്പൂരിൽ കൊണ്ടുപോയി വിദ്യാഭ്യാസം കൊടുത്തത്. അവരിൽ നിന്ന് 13 വിദ്യാസമ്പന്നരായ വൈദികരും 6 മെത്രാന്മാരും ഉണ്ടായത് ചരിത്രവസ്തുതയാണ്.

സഭയെക്കുറിച്ചുള്ള പല സ്വപ്നങ്ങളും പരിലാളിച്ചുകൊണ്ടായിരുന്നു ഫാ.പി.റ്റി. ഗീവർഗീസ് പ്രൊഫസർ ഉദ്യോഗം ഏറ്റെടുത്തതും മലങ്കരസഭയിൽ നിന്നും യുവതീയുവാക്കന്മാരെ സെറാമ്പൂർ, കല്ക്കത്ത മുതലായ സ്ഥലങ്ങളിലേക്ക് കൊണ്ടുപോയതും. വലിയ മികവോടു കൂടി അവരെല്ലാവരും തദിഷയത്തിൽ പുരോഗമിക്കുന്നതു കണ്ടപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു.

www.malankaralibrary.com

എന്നാൽ വർഷങ്ങൾക്കുമുമ്പ് അദ്ദേഹം വിഭാവന ചെയ്തതുപോലെ എം.ഡി. സ്കൂളിന്റെ നിലവാരം ഉയർത്തുന്നതുകൊണ്ടും, വൈദിക കോളേജ് സ്ഥാപിക്കുന്നതുകൊണ്ടും സഭ അഭിവൃദ്ധിപ്പെടുമോയെന്നും സഭയുടെ പ്രതിസന്ധികൾ പരിഹരിക്കപ്പെടുമോയെന്നും അദ്ദേഹം സംശയിച്ചു. ശെമ്മാശന്മാരുടെ ശുശ്രൂഷ, സഭയ്ക്ക് പ്രയോജനം വരുന്ന മറ്റു മേഖലകളിലേക്കു തിരിക്കുന്നതാണ് നല്ലതെന്ന ചിന്ത അദ്ദേഹത്തിനുണ്ടായി. അദ്ദേഹത്തിന്റെ ചിന്ത "ഉത്കൃഷ്ടബിരുദധാരികളായ വൈദികവിദ്യാർത്ഥികളെ – വിദ്യാഭ്യാസ പ്രവർത്തനങ്ങളേക്കാൾ ഗുരുതരവും ദൈവത്തിന് പൂർവാധികം ഹിതകരവും സമുദായോന്നമനദൃഷ്ട്യാ പ്രയോജനകരവുമായ മറ്റ് കാര്യങ്ങളിലേക്ക് ഉപയോഗപ്പെടുത്തണമെന്നതായിരുന്നു."

ആദ്ധ്യാത്മിക അധഃപതനമാണ് സഭയിലെ വഴക്കിന്റെയും, വിഭാഗീയതയുടെയും അടിസ്ഥാനകാരണമെന്നും ഈ പ്രശ്നം പരിഹരിക്കാൻ ഉതകുന്ന ശുശ്രൂഷകളിൽ ശെമ്മാശന്മാർ വ്യാപൃതരായാൽ, അതാണ് സഭയുടെ നന്മയ്ക്ക് കൂടുതൽ സഹായകമാവുന്നതെന്നും അദ്ദേഹം മനസ്സിലാക്കി. ഇങ്ങനെ വിദ്യാഭ്യാസം കൊടുക്കുന്നതുകൊണ്ടും മാത്രം സഭയ്ക്ക് തന്റെ നശിച്ചുപോയ മിഷനറി സ്വഭാവം വീണ്ടെടുക്കുന്നതിന് സാധിക്കുകയില്ലായെന്നു മനസ്സിലായപ്പോൾ ഒരു മിഷനറി സമൂഹം തന്നെ സ്ഥാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയാണ്.

മലങ്കരയിൽ ഒരു മിഷനറി സമൂഹം രൂപീകരിക്കുക എന്നത് ഒരു നവീന ദർശനമായിരുന്നു. അതുകൊണ്ടുതന്നെ പ്രത്യേകമായ ദൈവാനുഗ്രഹം ഈ പദ്ധതിക്ക് ആവശ്യമായിരുന്നു. വ്രതനിഷ്ഠകളോടും, പ്രാർത്ഥനയോടുംകൂടി ദൈവഹിതം അറിയുന്നതിനായി അദ്ദേഹം ദിനരാത്രങ്ങൾ കാത്തിരുന്നു. ആ കാലത്ത് മിഷനറി സമൂഹം രൂപീകരിച്ചാലുണ്ടാവുന്ന നന്മകളെക്കുറിച്ചും, മിഷനറി സമൂഹത്തിന്റെ പരിമിതികളെക്കുറിച്ചും ചില കാര്യങ്ങൾ അദ്ദേഹത്തിനു ബോധ്യമായി. സുവിശേഷപ്രചരണത്തിന് മിഷനറി സമൂഹം പ്രയോജനകരമാകുമെങ്കിലും അതിന്റെ തുടർച്ചയെക്കുറിച്ചും, അംഗങ്ങളുടെ സാക്ഷ്യജീവിതത്തെക്കുറിച്ചും ചില സംശയങ്ങൾ അദ്ദേഹത്തിനുണ്ടായി. മിഷനറി സമൂഹത്തിലെ അംഗങ്ങൾ ആജീവനാന്തം അതിലെ അംഗങ്ങളായിരിക്കണമെന്നില്ല. അംഗങ്ങൾ വിവാഹിതരാവുന്ന പക്ഷം ഊർജ്ജിതമായ സുവിശേഷപ്രചരണം സാദ്ധ്യമല്ല. സ്വാഭിഷ്ടപ്രകാരം, സുവിശേഷപ്രചരണം നടത്തിവരുന്ന സ്വതന്ത്രരായ കുറേപ്പേരെ സംഘടിപ്പിക്കുന്നതുകൊണ്ട് കാര്യമായ ഫലം ഉണ്ടാവുകയില്ല. പ്രാർത്ഥനയിലും, ധ്യാനത്തിലും, വി. കുർബാനയിലും ഈ വിഷയത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ദൈവഹിതം അറിയാനായി അദ്ദേഹം കാത്തിരുന്നു.

അപ്പോൾ ആ അവസരത്തിൽ അദ്ദേഹത്തിനുണ്ടായ മൂന്നാമത്തെ ചിന്ത ഉള്ളതുമാത്രമേ കൊടുക്കാനാവൂ. അതുകൊണ്ട് മിഷനറിമാരുടെ പ്രധാന ചുമതല യേശുവിനു കൊടുക്കുക എന്നതാണ്. യേശുവിനെ സമ്പാദിക്കുന്നവർക്കു മാത്രമേ യേശുവിനെ കൊടുക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം തന്റെ പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും മനസ്സിലാക്കി. അതുകൊണ്ട് ദൈവസമ്പാദനം മാത്രം ലക്ഷ്യം വയ്ക്കുന്ന ഒരു സന്ന്യാസസമൂഹം സ്ഥാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെയാണ് 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം' എന്ന വലിയ ആദർശം ഉടലെടുക്കുന്നത്.

"ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം.' ദൈവസമ്പാദനത്തേക്കാൾ ശ്രേഷ്ഠമായ ഒന്നും നശ്വരമായ ഈ ലോകജീവിതത്തിൽ നിന്ന് ലഭിക്കാനിടയില്ലെന്നും,

www.malankaralibrary.com

ത്യാഗംകൊണ്ടല്ലാതെ ദൈവസാമീപ്യം ലഭിക്കുകയില്ലെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. 'സകലതും ഉപേക്ഷിച്ച് നിന്റെ പിന്നാലെ വന്നിരിക്കുന്നു' എന്ന് പറഞ്ഞ് ശ്ലീഹന്മാരെപ്പോലെ യേശുവിനെ പിഞ്ചെല്ലുന്നവരാണ് ദൈവത്തെ സമ്പാദിച്ചവർ. അവരാണ് യഥാർത്ഥ സുവിശേഷകർ. അവരാലാണ് യേശു മിശിഹായെ ലോകത്തിനു അറിയാൻ കഴിഞ്ഞിട്ടുള്ളതും. സന്ന്യാസപദം സ്വീകരിക്കുന്ന ഒരാളാൽ മാത്രമേ ഇവയൊക്കെ സാധിക്കു. സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട സന്ന്യാസികളടങ്ങിയ ഒരു സമൂഹമാണ് വേണ്ടതെന്നും ദൈവതിരു വിഷ്ടം അതാണെന്നും മനസ്സിലാക്കിയ പി. റ്റി. ഗീവർഗീസച്ചൻ ദൈവത്തിൽ നിന്നു ലഭിച്ച ഈ ആദർശത്തെ അമൂല്യനിധിയായി കണക്കാക്കി.

തന്റെ സന്ന്യാസസങ്കല്പത്തെ പിന്നീട് സന്ന്യാസ ജീവിത സഹായിയിൽ അദ്ദേഹം പരാമർശിക്കുന്നുണ്ട്. ദൈവം സ്നേഹമാകുന്നുവെന്നും സ്നേഹം മാത്രമായ ദൈവത്തിലേക്ക് വിളിക്കപ്പെട്ടവരാണ് നാം എന്നും, അതുകൊണ്ട് സ്നേഹം മാത്രമായ ദൈവത്തിങ്കലേക്കുള്ള പാതയായ സന്ന്യാസജീവിതത്തെ അദ്ദേഹം വിളിക്കുന്നത് സ്നേഹമാർഗ്ഗമെന്നാണ്. സ്നേഹം എപ്പോഴും ത്യാഗം ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് സന്ന്യാസം ഒരു മഹായാഗമാണെന്ന് അദ്ദേഹം പറയുന്നുണ്ട്. ഈ രണ്ട് ദർശനവഴികളിൽക്കൂടെ എത്തുന്ന ഒരു ജീവിതമാണ് സന്ന്യാസജീവിതം. 1. സ്നേഹമാർഗ്ഗം, 2. സന്ന്യാസമാകുന്ന യാഗം. അങ്ങനെ സ്നേഹമാകുന്ന ആണിക്കല്ലിൽ ചുറ്റിക്കറങ്ങുന്ന അല്ലെങ്കിൽ പ്രദക്ഷിണം വയ്ക്കുന്ന ഒരു സന്ന്യാസദർശനമാണ് അദ്ദേഹത്തിന്റേത്. അനുസരണം എന്നു പറയുന്നത് സ്വന്തം മനസ്സിനെ ദൈവത്തെ മാത്രം സ്നേഹക്കുന്ന വ്യക്തിയുടെ സമർപ്പണമായിട്ട് അദ്ദേഹം കാണുന്നു. ബ്രഹ്മചര്യം എന്നു പറയുന്നത് മറ്റെല്ലാ ജഡികസ്നേഹങ്ങളേക്കാളധികമായി ദൈവത്തെ സ്നേഹിക്കുന്ന ഒരു വ്രതമാണെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. ദാരിദ്ര്യവ്രതം എന്നു പറയുന്നത് മറ്റെല്ലാത്തിനേക്കാളും കൂടുതലായി ദൈവത്തെ സമ്പാദ്യമായി സ്വീകരിക്കുന്നവൻ ജീവിതനിലാപാടാണെന്നും അദ്ദേഹം മനസ്സിലാക്കുന്നു. ഇത് ഒരു വലിയ ത്യാഗം ആവശ്യപ്പെടുന്നുണ്ടെന്നും ഇത് സർവ്വാംഗഹോമയാഗമാണെന്നും അതിനാൽ ഇത് സന്ന്യാസ യാഗമാണെന്നും അദ്ദേഹം പഠിപ്പിക്കുന്നു. അപ്പോൾ ബഥനി ആശ്രമം എന്നത് ഈ രണ്ട് പ്രധാന ദർശനങ്ങളിൽ ഊന്നിയാണ് നിൽക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഈ സ്നേഹമാർഗ്ഗവും സന്ന്യാസയാഗവും ചേർന്ന് വളരെ ആഴമുള്ള ഒരു ആത്മീയ ദർശനത്തിന്റെ അടിത്തറയിലാണ് അന്ന് മാർ ഈവാനിയോസ് തിരുമേനി മലങ്കരയിൽ സന്ന്യാസം സ്ഥാപിക്കുന്നത്.

●

**മരണകരമായ പാപങ്ങളിൽ നിന്ന് ഒഴിയുന്നതിന് ശ്രമിച്ചാൽമാത്രം പോരാ, ലഘുവായ പാപങ്ങളിൽ നിന്ന് ഒഴിയുന്നതിനും കൂടി നന്നായി ശ്രമിക്കണം; പാപത്തിലേക്ക് വീഴ്ത്താനിടയുള്ള പരിസരങ്ങൾ വർജ്ജിക്കുകയും വേണം.**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# മാർ ഈവാനിയോസ്: അഗതികളുടെയും ദരിദ്രരുടെയും പക്ഷം ചേർന്നവൻ

**ഫാ. ജെയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.**

എന്തുകൊണ്ട് ഒരു ക്രൈസ്തവൻ അഗതികളോടു കരുതൽ കാണിക്കണം? എങ്ങനെ കരുതൽ കാണിക്കണം? ഒരു ഉത്തമ ക്രിസ്ത്യാനി എന്ന നിലയിൽ മാർ ഈവാനിയോസ് തിരുമേനി പാവപ്പെട്ടവരോട് എങ്ങനെ കരുതൽ കാണിച്ചു? ഈ മൂന്നു കാര്യങ്ങളാണ് ഈ ലേഖനത്തിന്റെ വിഷയം.

ഒന്നാമതായി, എന്തുകൊണ്ട് ഒരു ക്രൈസ്തവൻ അഗതികളോട് കരുണ കാണിക്കണം? നൂറുവർഷങ്ങൾക്കുമുമ്പ് പതിനായിരം രൂപ ശമ്പളം പറ്റി സെറാമ്പൂർ കോളേജ് പ്രൊഫസർ ഉദ്യോഗം വഹിച്ച മാർ ഈവാനിയോസ് തിരുമേനി ഒരുജീവിതയാഥാർത്ഥ്യം തിരിച്ചറിഞ്ഞു. ഭൂമിയിൽ നിക്ഷേപങ്ങൾ കരുതിവച്ചാൽ അത് തുരുമ്പും കീടങ്ങളും നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും. അതിനാൽ സ്വർഗ്ഗത്തിൽ നിക്ഷേപം കരുതിവയ്ക്കണം. അദ്ദേഹം സഭയിൽ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ച് വിലയിരുത്തിയപ്പോൾ മറ്റൊരു കാര്യം തിരിച്ചറിഞ്ഞു. വിദ്യാഭ്യാസപ്രവർത്തനങ്ങളേക്കാളും സ്ഥാപനങ്ങൾ നടത്തുന്നതിനേക്കാളും സഭയ്ക്ക് ആവശ്യമായിരിക്കുന്നത് യഥാർത്ഥ ദൈവഭക്തിയാണ്. വിശ്വാസത്തിന്റെ ലംബമാനമായ വശം ആദ്ധ്യാത്മിക കാര്യങ്ങളാണെങ്കിൽ അതിന് തിരശ്ചീനമായ തലം പരസ്നേഹമാണ്. സ്നേഹസമ്പൂർണ്ണനായ ദൈവം മനുഷ്യരക്ഷയ്ക്കായി അവതാരം ചെയ്തപ്പോൾ നമ്മെ പഠിപ്പിച്ച പ്രധാന ഉപദേശം: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്നാണ്. ആവശ്യമുള്ളവന് ആഹാരം, വെള്ളം, വസ്ത്രം എന്നിവ കൊടുത്തും പരദേശിയെ സ്വഭവനത്തിൽ സ്വീകരിച്ചും, രോഗത്തിലും കാരാഗൃഹത്തിലും കഴിഞ്ഞവരെ സന്ദർശിച്ചും, അഗതികളോടും ദരിദ്രരോടും കരുതൽ കാണിക്കണമെന്ന യേശുവിന്റെ ഉപദേശമാണ് പരസ്നേഹപ്രവർത്തികളുടെ അടിസ്ഥാനം. ദൈവഭക്തിയുടെ തിരശ്ചീനതലമായ കാരുണ്യപ്രവർത്തികൾ ഉത്തമക്രിസ്തീയ ജീവിതം നയിക്കാനും സ്വർഗ്ഗരാജ്യത്തിന് യോഗ്യരാകനും നമ്മെ സഹായിക്കുന്നു.

രണ്ടാമതായി, എങ്ങനെയാണ് പാവപ്പെട്ടവരോട് കരുതലും സ്നേഹവും പ്രകടമാക്കേണ്ടത്? ആവശ്യക്കാരനിൽനിന്നും മുഖം തിരിക്കാതെ അയാൾക്ക് ആവശ്യമായത് കൊടുക്കുന്നത് ഒരു വിശ്വാസിയുടെ ജീവിതശൈലിയായി മാറണം. ഭൗതികസമൃദ്ധിയുള്ളപ്പോൾ ദശാംശം കൊടുക്കാനും സമ്പത്ത് പങ്കുവയ്ക്കാനും കഴിയും. ഇതിലും അല്പംകൂടി ആഴമായ വിധത്തിൽ പരസ്നേഹം അഭ്യസിച്ച വ്യക്തിയാണ് മാർ ഈവാനിയോസ് തിരുമേനി. ഭൗതിക സമൃദ്ധിയല്ല, പങ്കുവയ്ക്കാനും കരുതാനും ഉള്ള സ്നേഹത്തിന്റെ ആഴമാണ് കരുതലിന്റെ മാനദണ്ഡമെന്ന് അദ്ദേഹം തന്റെ പ്രവർത്തികളിലൂടെ നമ്മെ പഠിപ്പിച്ചു. ഹൃദയത്തിൽ നിന്നും സ്നേഹംകൂടി പങ്കുവയ്ക്കുമ്പോഴാണ് സുകൃതപ്രവർത്തികളിൽ ദൈവസാന്നിദ്ധ്യം പ്രകടമാകുന്നത്. ആശ്രമസ്ഥാപനത്തിനു മുമ്പ് ഇല്ലായ്മയുടെ കാലത്താണ് മാർ ഈവാനിയോസ് തിരുമേനി

www.malankaralibrary.com

മുണ്ടൻമലയിൽ അനാഥശാല ആരംഭിക്കുന്നത്. അക്കാലത്തെ സാമ്പത്തികപരാധീനതയെക്കുറിച്ച് മനസ്സിലാക്കുവാൻ ഒരു ഉദാഹരണം മതിയാകും. ഒരുദിവസം ഉച്ചയ്ക്കുമുമ്പായി ഒരാൾ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് 'അരി'യില്ലായെന്ന് മാർ ഈവാനിയോസ് തിരുമേനിയെ അറിയിച്ചു. 'ഉള്ള അരി കഞ്ഞിവെച്ച് അനാഥക്കുഞ്ഞുങ്ങൾക്ക് കൊടുക്കുക, നമുക്ക് കപ്പയുണ്ടല്ലോ' എന്നായിരുന്നു പിതാവിന്റെ മറുപടി. 'കപ്പയും തീർന്നുപോയി' എന്ന് മറ്റേയാൾ പറഞ്ഞപ്പോൾ 'ഉള്ള സാധനം പങ്കുവച്ച് കുഞ്ഞുങ്ങൾക്ക് കൊടുക്കുക, നമുക്ക് പട്ടിണി കിടക്കാം' എന്ന പിതാവിന്റെ പ്രതികരണത്തിൽ നിന്നും സന്ന്യാസികൾ ദാരിദ്ര്യത്തിൽ കഴിഞ്ഞപ്പോഴും എത്ര കരുതലോടെ അനാഥബാലന്മാരുടെ പരിപാലനം നടത്തിയിരുന്നു എന്ന് നമുക്ക് മനസ്സിലാകും. മാർ ഈവാനിയോസ് തിരുമേനി ബഥനി സന്ന്യാസികളെ ആദ്യമായി ഏല്പിച്ച ദൗത്യം അധഃകൃതരായ ആ കുട്ടികൾക്കുവേണ്ടി തിരുമൂലപുരത്തു സ്ഥാപിച്ച നല്ലിടയൻ എന്ന സ്കൂളിന്റെ നടത്തിപ്പാണ്. വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ വരാൻ സാധിക്കാതിരുന്ന പുലയ സമുദായത്തിലെ കുട്ടികളുടെ അഭിവൃദ്ധി അദ്ദേഹം വിഭാവനം ചെയ്തു. അക്ഷരാഭ്യാസത്തിനു പുറമേ നെയ്ത്ത്, ഭക്ഷണം പാകം ചെയ്യൽ, തയ്യൽ എന്നിങ്ങനെ പ്രയോജനകരമായ തൊഴിലുകൾ പരിശീലിപ്പിച്ചുകൊണ്ട് മാന്യമായി ജീവിക്കാൻ അധഃകൃത വിഭാഗത്തിൽപ്പെട്ട കുട്ടികളെ അദ്ദേഹം ഒരുക്കി. സ്വന്തം കൂടപ്പിറപ്പുകളോടു കാണിക്കുന്ന സ്നേഹം കൊടുത്ത് പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പരിശ്രമിക്കണമെന്ന് അദ്ദേഹം തന്റെ ആത്മീയ മക്കളെ ഉപദേശിച്ചു.

മൂന്നാമതായി നാം കാണുന്നത്, പുനരൈക്യപ്പെടുന്നതിനും മുമ്പ് മാർ ഈവാനിയോസ് തിരുമേനി പാവപ്പെട്ടവരോടു കരുതൽ കാണിച്ചതിന്റെ മൂന്ന് ഉദാഹരണങ്ങളാണ്.

1. എം.ഡി.സെമിനാരി സ്കൂളിൽ പ്രിൻസിപ്പലായിരുന്ന കാലത്ത് നടന്ന സംഭവം: ഒരു കുട്ടി ഏതാനും ദിവസങ്ങളിൽ ക്ലാസിൽ എത്താതിരുന്നത് അദ്ദേഹം ശ്രദ്ധിക്കുകയും അതിന്റെ കാരണം അന്വേഷിക്കുകയും ചെയ്തു. ആ കുട്ടി പനി ബാധിച്ച് കിടപ്പിലായിരുന്നുവെന്ന് അറിഞ്ഞ അദ്ദേഹം അന്നു തന്നെ വൈകിട്ട് അവന്റെ വീട്ടിൽ പോയി അവനെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായം ചെയ്യുകയും ഉണ്ടായി.

2. സെറാമ്പൂർകോളേജ് പ്രൊഫസറായിരിക്കുമ്പോൾ ചില അവധിദിവസങ്ങളിൽ തന്റെ കയ്യിൽ കരുതിയിരുന്ന പണവും മരുന്നുമായി തെരുവുകളിലെ വൃത്തിഹീനമായ സാഹചര്യത്തിൽ കഴിഞ്ഞിരുന്ന കുട്ടികളെ സന്ദർശിക്കുകയും അവരെ കുളിപ്പിച്ച് അവരുടെ മുറിവുകളിൽ ലേപനം പുരട്ടുകയും ചെയ്തു. തുടർചികിത്സക്കായി തന്റെ കയ്യിൽ കരുതിയിരുന്ന പണം മാതാപിതാക്കന്മാരെ ഏല്പിച്ചു. അദ്ദേഹത്തിന്റെ കൂടെ പോയിരുന്ന ശെമ്മാശന്മാർ തന്നെയാണ് ഈ സംഭവത്തിന് സാക്ഷികളായിട്ടുള്ളത്.

3. കോളേജിൽനിന്നും അദ്ദേഹത്തിനു ലഭിച്ചിരുന്ന ശമ്പളം ഉപയോഗിച്ച് തന്റെ സഭയിൽ നിന്ന് യുവാക്കന്മാരെയും ശെമ്മാശന്മാരെയും പല കോളേജുകളിൽ പഠിക്കാൻ അയച്ചിരുന്നു. വിദ്യാഭ്യാസ സാദ്ധ്യതകൾ തുറന്നുകൊടുത്തുകൊണ്ട് പാവപ്പെട്ടവരുടെ ഉയർച്ച് ലക്ഷ്യമാക്കി അദ്ദേഹം പ്രവർത്തിച്ചിരുന്നു. അനേകരുടെ ഭാവിജീവിതം ഭാസുരമാക്കാൻ

www.malankaralibrary.com

സന്തോഷത്തോടെയാണ് തന്റെ വരുമാനം അദ്ദേഹം പങ്കുവച്ചത്. മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിക്കുകയും പ്രവർത്തിപഥത്തിലെത്തിക്കാൻ കഴിയാതെയും പോയ രണ്ട് പദ്ധതികൾ കൂടിയുണ്ട്.

1. നൂറനാട് കുഷ്ഠരോഗാശുപത്രി, നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുവാൻ ഒരു മെച്ചമായ നേതൃത്വം ആവശ്യമായ കാലത്ത് മാർ ഈവാനിയോസ് തിരുമേനി അതിന് സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഉത്തരവാദിത്വ ബാഹുല്യത്താലും സാമ്പത്തിക ഭാരത്താലും റോമിൽ നിന്നും അദ്ദേഹത്തിന്റെ ആഗ്രഹം നിരുത്സാഹപ്പെടുത്തിയിരുന്നതിനാൽ ഈ പദ്ധതി അദ്ദേഹം ഏറ്റെടുത്തില്ല.

2. തിരുവനന്തപുരത്ത് ഒരു അനാഥശാല, ഗ്രാമപ്രദേശത്തുള്ള പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം, തൊഴിൽ, ജീവിതമൂല്യങ്ങൾ ഇവ കൊടുത്ത് ഉത്തമ പൗരന്മാരാക്കുന്നതിന് ഒരു അനാഥാലയം തിരുവനന്തപുരത്ത് തുടങ്ങാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇത് പ്രാവർത്തികമാക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. പാവപ്പെട്ടവരുടെയും അനാഥരുടെ ഉന്നമനത്തിന് അദ്ധ്വാനിച്ചുംകൊണ്ട് സ്നേഹത്തിൽ പൂർണ്ണത കൈവരിക്കുവാൻ ജീവിതം മുഴുവൻ പരിശ്രമിച്ച മാർ ഈവാനിയോസ് തിരുമേനിക്ക് പരസ്നേഹപ്രവർത്തികൾ തന്റെ ജീവിതലക്ഷ്യമായിരുന്നില്ല. ദൈവസമ്പാദനമെന്ന ജീവിതലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗമായിരുന്നു പരസ്നേഹപ്രവർത്തികൾ.

'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം!'

**സകലതുമുപേക്ഷിച്ചുകൊണ്ട് ഞങ്ങൾ നിന്റെ പിന്നാലെ വന്നിരിക്കുന്നു എന്ന് പറയത്തക്കവണ്ണം മനഃശക്തിയും ദൈവാനുഗ്രഹം ലഭിച്ചവരത്രേ യഥാർത്ഥ സുവിശേഷകന്മാർ.**

**സർവ്വസംഗപരിത്യാഗികളും യഥാർത്ഥ ദൈവസ്നേഹവും ദൈവഭക്തിയും നിറഞ്ഞവരുമായ നിസ്വാർത്ഥരെക്കൊണ്ടു മാത്രമെ സുവിശേഷ ഘോഷണം ശക്തിയുക്തം നടത്തുന്നതിനും ഫലം കൈവരുത്തുന്നതിനും സാധിക്കുകയുള്ളു.**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവും മലങ്കര ആരാധനക്രമജീവിതവും

ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി

ബഥനി ആശ്രമത്തിന്റെ അഥവാ മിശിഹാനുകരണ സന്ന്യാസി സമൂഹത്തിന്റെ ആരാധനക്രമ ജീവിതത്തിലുള്ള ശ്രേഷ്ഠത സമൂഹസ്ഥാപകനായ പണിക്കരുവീട്ടിൽ പി.റ്റി.ഗീവർഗ്ഗീസ് കശ്ശീശയിൽ നിഴലിച്ചു നിന്നിരുന്നു. ആത്മീയശോഷണവും മൂല്യച്യുതിയും കടന്നുകൂടിയ മലങ്കരസഭയുടെ ആദ്ധ്യാത്മിക ആത്മീയ സമുദ്ധാരണവും സഭോന്മുഖമായ പ്രവർത്തനവും അദ്ദേഹം ലക്ഷ്യം വച്ചു. സത്യമായ ആരാധനയിലൂടെ മാത്രമേ ഈ ബന്ധം സ്ഥാപിച്ചെടുക്കാൻ സാധിക്കൂ എന്ന് അദ്ദേഹം അറിഞ്ഞിരുന്നു. കാരണം പരിശുദ്ധ സഭ അതിന്റെ സ്വഭാവത്താൽതന്നെ അഥവാ സത്താപരമായി ഒരു ആരാധനസമൂഹവും അതേസമയം പ്രേഷിതയുമാണ്. ബഥനി സന്ന്യാസി സമൂഹം ഇതിൽ നിന്നും വിഭിന്നമല്ല. ആരാധനക്രമോന്മുഖമായ ജീവിതത്തിലൂടെ മാത്രമേ ബഥനിയുടെയും മലങ്കരസഭയുടെയും തനിമ നിലനിർത്താൻ കഴിയുകയുള്ളു. ബഥനി ആശ്രമത്തെ സംബന്ധിച്ചിടത്തോളം മലങ്കരസഭയ്ക്ക് ഭാഗ്യകരമായി ലഭിച്ച അന്ത്യോഖ്യൻ ആരാധനക്രമ വിധികളിലെ യാക്കോബായ സഭയിൽവച്ചു തന്നെ ക്രിസ്തീയ വിശ്വാസത്തിന്റെയും കൂട്ടായ്മയുടേയും സവിശേഷതകളനുഭവമാക്കിക്കൊണ്ട് ജീവിക്കുകയാണ് വേണ്ടതെന്ന് അഭിവന്ദ്യ തിരുമേനിക്ക് ബോധ്യമായതിന്റെ വെളിച്ചത്തിൽ ബഥനിയുടെ അർപ്പിത ജീവിതശൈലി അതിനനുസരിച്ചാണ് അദ്ദേഹം രൂപപ്പെടുത്തിയത്.

സഭയിലെ മൂല്യച്യുതികളെ തിരുത്തി പ്രവർത്തിപഥത്തിൽ ഏർപ്പെടണമെന്നുണ്ടെങ്കിൽ ആദ്യം ആരാധനയിൽ നിന്ന് ആത്മീയ ശക്തി സംഭരിക്കണം. അപ്രകാരം മുണ്ടൻമലയിലെ ബഥനി താപസരുടെ ജീവിതവും ആരാധന ജീവിതത്തിന്റെ ആവിഷ്കാരമായി നിലകൊണ്ടു. ആശ്രമസ്ഥരുടെ ആരാധനക്രമോന്മുഖമായ പ്രാർത്ഥനാശൈലിയും അതിനനുസരിച്ചുള്ള ജീവിതവും മുണ്ടൻമലയിലും അതിനു ചുറ്റുമുള്ള ദൈവജനത്തെയും ആകർഷിച്ചു. ആശ്രമത്തിലെ പ്രാർത്ഥനാജീവിതത്തിലും ആരാധനക്രമവിധികളിലും പങ്കെടുക്കാൻ വിശ്വാസികൾ വന്നുചേർന്നിരുന്നത് അതിന്റെ തെളിവാണ്. കഷ്ടാനുഭവ ആഴ്ചയിൽ വിശ്വാസികൾ മുണ്ടൻമലയിലുള്ള ലളിതമായ സംവിധാനത്തിൽ താമസിച്ചുകൊണ്ട് യാമപ്രാർത്ഥനകളിലും വിശുദ്ധ കുർബാനകളിലും പങ്കെടുക്കുന്നത് ഒരു മഹാഭാഗ്യമായിട്ടു തന്നെയാണ് കരുതപ്പെട്ടിരുന്നത്.

മുണ്ടൻമലയിൽ ആരംഭിച്ച സന്ന്യാസ സമൂഹത്തിൽ സന്തോഷവും സമാധാനവും ശാന്തിയും അനുഭവിച്ചിരുന്നു എങ്കിൽ തന്നെയും മലങ്കര സഭയിലുള്ള ഭിന്നതയും മൂല്യച്യുതിയും മാർ ഈവാനിയോസ് തിരുമേനിയെ നിരന്തരം അലട്ടിയിരുന്നു. ഈ അവസ്ഥയ്ക്ക് ശാശ്വതമായൊരു പരിഹാരം സാർവ്വത്രിക സഭയുമായുള്ള ഐക്യത്തിലൂടെയാണ് നേടിയെടുക്കേണ്ടത് എന്ന് അഭിവന്ദ്യ തിരുമേനിക്ക് ബോധ്യമായി. സ്വയം ശീർഷകാവകാശവും സംവിധാനവുമുള്ള ഒരു വ്യക്തിഗത സഭയായി മലങ്കരസഭയെ ആഗോളസഭയുടെ ഭാഗമാക്കാനുള്ള പരിശ്രമം ഈ ബോധ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. തങ്ങൾക്ക് ലഭിച്ച

www.malankaralibrary.com

ധന്യമായ അന്ത്യോഖ്യൻ ആരാധനക്രമം അതേപടി തുടർന്നാൽ മാത്രമേ ഒരു വ്യക്തിഗത സഭയ്ക്ക് ആവശ്യമായ ഭരണസംവിധാനവും ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും നിലനിർത്തിക്കൊണ്ട് സാർവ്വത്രിക സത്യസഭയുടെ കൂട്ടായ്മയിലെ അംഗമാകാനും കഴിയുകയുള്ളുവെന്ന ബോധ്യം മാർ ഈവാനിയോസ് തിരുമേനിക്ക് ഉണ്ടായിരുന്നതിന്റെ പ്രകാശനമായി രൂപം കൊണ്ടതാണ് മലങ്കര കത്തോലിക്കാസഭ.

നമ്മുടെ ആരാധന പൈതൃകത്തെയും കൂദാശാനുഷ്ഠാനങ്ങളെയും അതിന്റെ തനിമയിൽ നിലനിർത്തി മലങ്കര സഭയുടെ സാർവ്വത്രികസഭയിലുള്ള കറയറ്റ സാന്നിദ്ധ്യം നിലനിർത്തുവാൻ ബഥനി പ്രസ്ഥാനത്തിന് കഴിയണമെന്ന നിർബന്ധമാണ് അഞ്ചുപേരിൽ തുടങ്ങിയ മലങ്കര സഭ പിന്നീട് അംഗസംഖ്യയിൽ അസൂയാവഹമായി വളർന്നത്. അനുസൃതമായി സന്ന്യാസികൾ തങ്ങൾക്കായി ഭരമേല്പിക്കപ്പെട്ടിട്ടുള്ള ഇടവകകളിൽ ആരാധനവിധികൾ നടത്തുന്നതിനും അതിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്നതിനും കടപ്പെട്ടിരിക്കുന്നു. ഇതിന്റെ നിർവ്വഹണത്തിൽ മറ്റ് അജപാലകർക്കു മുഴുവനും ഇവ ഉത്തേജനമായി നിലകൊള്ളുന്നു. ആരാധനക്രമം എപ്രകാരമായിരിക്കണമെന്നുള്ള ചിന്തയിൽ നിന്ന് ഇപ്രകാരമൊരു തൂക്കാസായ്ക്ക് രൂപം കൊടുത്തതുതന്നെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയാണ്. പിന്നീട് മാർ ഗ്രിഗോറിയോസ് തിരുമേനിയും മാർ അത്തനാസ്യോസ് തിരുമേനിയും ഒന്നിച്ചു ചേർന്ന് ഈ തൂക്കാസായ്ക്ക് പ്രത്യേകമായ എഡിറ്റിംഗ് ഒക്കെ നടത്തി സഭയ്ക്ക് അത് പ്രയോജനകരമാകത്തക്ക വിധത്തിൽ പ്രദാനം ചെയ്തു.

നമ്മുടെ ആശ്രമങ്ങളിൽ അനുഷ്ഠിക്കപ്പെടുന്ന ആരാധനകർമ്മങ്ങളെല്ലാം അതിന്റെ ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും പ്രകാശിപ്പിക്കുന്നതാവണം. കൂദാശ ശെമ്മാശൻ എന്ന നാമത്തിൽ വിളിക്കപ്പെടുവാൻ തക്കവണ്ണം ഒരു ശെമ്മാശനായിരിക്കുമ്പോൾ തന്നെ കൂദാശകളെക്കുറിച്ച് പഠിക്കുന്നതിനും അത് പഠിപ്പിക്കുന്നതിനും താല്പര്യപ്പെട്ടിരുന്ന ഒരു പിതാവിന്റെ ആത്മീയ പിന്തുടർച്ചക്കാരല്ലേ നമ്മൾ. ആ പാരമ്പര്യമല്ലേ നമുക്കുള്ളത്. അത് നമുക്ക് കാത്തുസംരക്ഷിക്കണ്ടേ, ചുരുക്കത്തിൽ കൂദാശകളുടെയും അതിന്റെ പ്രതീകങ്ങളുടെയും അർത്ഥങ്ങൾ അറിവിന്റെയും മനസ്സിലാക്കലിന്റെയും പാലനത്തിന്റെയും തലത്തിലേക്ക് വളരുവാൻ ഈ പാരമ്പര്യം ദൈവജനത്തിന് പ്രചോദനമാകണം. അതിനാവശ്യമായ പഠനക്ലാസുകളും ചർച്ചകളും പങ്കുവയ്ക്കലുകളും ഉണ്ടാകണം. സഭയുടെ നിലനില്പ്പുതന്നെ ആരാധനക്രമത്തിന്റെ അടിസ്ഥാനത്തിന്മേലാണ്. അവളുടെ ശക്തിസ്രോതസ്സും അവിടെനിന്നു തന്നെ. ഞാനൊരു മലങ്കരക്കാരനാണ്. മലങ്കര കത്തോലിക്കനാണ് എന്ന് എനിക്ക് പറയുവാനും അഭിമാനിക്കാനും വകയുണ്ടെങ്കിൽ ഞാൻ ഏത് ആരാധനവിധിയെ അനുഷ്ഠിക്കുന്നുണ്ടോ അതിന് അനുസൃതമായിട്ടാണ് അപ്രകാരം ഞാൻ അറിയപ്പെടുക. ദൈവജനത്തിന്റെ നന്മയും സമൂഹത്തിന്റെ വളർച്ചയും പരസ്പരബന്ധങ്ങളുടെ ഊട്ടിയുറപ്പും ആതുരസേവനവും ഇതിൽ നിന്നും ഉരുത്തിരിയണം.

എല്ലാവർക്കും എല്ലാവിധമായ നന്മകളും മാർ ഈവാനിയോസ് തിരുമേനിയുടെ പ്രത്യേകമാകുന്ന മധ്യസ്ഥ പ്രാർത്ഥനകളുടെ കൃപകളും ആശംസിക്കുന്നു.

***

www.malankaralibrary.com

# മാർ ഈവാനിയോസ്
# തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പ്രചോദനം

**ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപനത്തിന്റെ നവതി പിന്നിട്ട് ശതാബ്ദിയിലേക്കുള്ള പ്രയാണം ആരംഭിച്ചിരിക്കുകയാണ്. ഒരു ആത്മീയമുന്നേറ്റം ലക്ഷ്യം വച്ചുകൊണ്ടുള്ള ചർച്ചകളും തീരുമാനങ്ങളും ഈ കാലഘട്ടത്തോടു ചേർത്തുവച്ചുകൊണ്ട് സഭയൊന്നാകെ ഒരുങ്ങുകയും നവീകരണത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരുന്നതിന് ഈ ഒരുക്കങ്ങൾ നമ്മെ സഹായിക്കട്ടെയെന്ന് നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

**വിശുദ്ധിയുടെ പരിമളം പരത്തുന്ന പട്ടം കബറിടം**

മലങ്കര മക്കൾ ഏറെ അഭിമാനത്തോടെയും സന്തോഷത്തോടെയും ഓർക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന സുദിനമാണ് ജൂലൈ 15. വിശുദ്ധിയുടെ പരിമളം വീശുന്ന പുണ്യപിതാവായ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്ക് ആത്മീയമായ ഒരുക്കത്തോടുകൂടി പ്രാർത്ഥനാമന്ത്രണങ്ങൾ ഉരുവിട്ടുകൊണ്ട് സഭാമക്കൾ ഓടിയെത്തുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളെ സംബന്ധിച്ചിടത്തോളം പട്ടം കത്തീഡ്രലിനോടു ചേർന്ന് സ്ഥിതി ചെയ്യുന്ന പിതാവിന്റെ കബറിടം ഒരു പുണ്യസങ്കേതമാണ്. ഈ പുണ്യസങ്കേതത്തിലേക്ക് ഓടിയെത്തുന്ന ഏതൊരാൾക്കും പുണ്യപിതാവിന്റെ മധ്യസ്ഥതയിൽ ലഭിക്കുന്ന അനുഗ്രഹങ്ങളുടെ സാക്ഷ്യപ്പെടുത്തലുകൾ ഏറെ പറയുവാനുണ്ടാകും. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുമാത്രമല്ല ഭാരതസഭയ്ക്കും സാർവ്വത്രിക സഭയ്ക്കും മുഴുവനുമായി ഈ പുണ്യപിതാവിന്റെ വിശുദ്ധിയുടെ പരിമളം ലഭ്യമാകുന്നതിന് 'ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തി അനുഗ്രഹിക്കണമേയെന്ന്' തീവ്രമായി പ്രാർത്ഥിച്ചുകൊണ്ട് സഭാമക്കൾ ഏവരും ആ ധന്യനിമിഷത്തിനായി കാത്തിരിക്കുന്നു.

**ആരാണ് വിശുദ്ധർ?**

സ്വന്തം ഇഷ്ടങ്ങൾ മാറ്റിവച്ചുകൊണ്ട് ദൈവത്തിന്റെ സ്വപ്നത്തെ തങ്ങളുടെ ഹൃദയത്തിൽ ഏറ്റുവാങ്ങി സുകൃതജീവിതത്തിലൂടെയോ (Heroic Practice) രക്തസാക്ഷിത്വത്തിലൂടെയോ (Martyrdom) തങ്ങളുടെ ജീവിതത്തെ ദൈവസന്നിധിയിൽ ആത്മാർപ്പണം ചെയ്തവരാണ് വിശുദ്ധർ. പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് തങ്ങളുടെ പാദങ്ങളെ എടുത്തുവച്ചവർ. ഇപ്രകാരമുള്ളവരെ സഭ എക്കാലവും ആദരിച്ചിരുന്നു. കാരണം അവർ സ്വന്തം ഇഷ്ടമനുസരിച്ചല്ല മറിച്ച്, ദൈവത്തിന്റെ പദ്ധതിയോടു ചേർന്ന് നടന്നവരാണ്. തങ്ങളുടെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ദൈവഹിതം അനുവർത്തിക്കുകയും വിശുദ്ധിയുടെ പരിമളം പരത്തുകയും ചെയ്തുകൊണ്ട് ദൈവജനത്തിന്റെ ആദരം പിടിച്ചുപറ്റിയവരാണ്. ദൈവജനത്തിന് അവരോടുള്ള ആദരവും ഭക്തിയും ദൈവത്തോടുള്ള ഈ വ്യക്തികളുടെ ആഴമായ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും നിദർശനങ്ങളായി ഏറ്റുവാങ്ങുന്നതാണ്.

**ദൈവാത്മാവിന്റെ നടത്തിപ്പ്**

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവഴികളിലെല്ലാം പരിശുദ്ധാത്മാവിന്റെ വലിയ നടത്തിപ്പുണ്ടായിരുന്നതായി ആ പുണ്യപിതാവിന്റെ ജീവിതത്തെ അടുത്തറിയുന്നവർക്ക് മനസ്സിലാക്കുവാൻ വലിയ ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ചെറുപ്പകാലം മുതൽ മാർ ഈവാനിയോസ്

www.malankaralibrary.com

പിതാവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ സംഭവങ്ങളോടും ചേർന്ന് ദൈവാത്മാവിന്റെ ഈ നടത്തിപ്പിനെ പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. 'ഞാൻ വയ്ക്കുന്ന ഓരോ കാലടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള പരിപൂർണ്ണ വിശ്വാസം എനിക്കുണ്ട്' എന്നാണ് മാർ ഈവാനിയോസ് പിതാവ് ദൈവിക നടത്തിപ്പിനെപ്പറ്റി തന്റെ ആത്മകഥയിൽ കുറിച്ചിട്ടിട്ടുള്ളത്.

മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ സഭയിൽ ചേർന്നതിനുശേഷം യാക്കോബായ -ഓർത്തഡോക്സ് സഹോദരങ്ങൾ പിതാവിനെപ്പറ്റി പറഞ്ഞു പരത്തിയ അപവാദങ്ങളും നുണപ്രചരണങ്ങളും അനവധിയാണ്. പിതാവിനെ കള്ളനെന്നും ചതിയനെന്നും സഭയെ വഞ്ചിച്ചവനെന്നും പറഞ്ഞ് അധിക്ഷേപിച്ചതും ഭീഷണിപ്പെടുത്തിയും കയ്യേറ്റം നടത്തിയും തളർത്താൻ ശ്രമിച്ചതും ചരിത്രത്തിന്റെ ഏടുകളിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. ഓർത്തഡോക്സ് സഭയെ വഞ്ചിച്ചവൻ കത്തോലിക്കാസഭയെയും പറ്റിക്കും എന്നു പറഞ്ഞവരോട് പിതാവ് നൽകിയ മറുപടി ആരെയും അതിശയിപ്പിക്കുന്നതാണ്: "യാക്കോബായ-ഓർത്തഡോക്സ് സഭകളിലെ വഴക്കും മത്സരവും അഹങ്കാരവും അനുസരണമില്ലായ്മയും ഉപേക്ഷിച്ചുപോരുന്നതിൽ പരിശുദ്ധ റൂഹാ നമ്മെ പറ്റിക്കതന്നെ ചെയ്തു. യാക്കോബായ-ഓർത്തഡോക്സ് സഹോദരങ്ങൾ അവരുടെ മനസ്സിനെ ദൈവത്തിൽ സമർപ്പിക്കുന്ന പക്ഷം പരിശുദ്ധ റൂഹാ അവരെയും പറ്റിക്കുമെന്നാണ് നമ്മുടെ ബോധ്യം." ആരെയും മുറിപ്പെടുത്താതെയും അതേസമയം ദൈവാത്മാവിന്റെ പ്രേരണയോടു ചേർന്നു നിൽക്കുവാൻ പ്രചോദനം നൽകുകയും ചെയ്യുന്ന വാക്കുകളാണിവ. വലിയ എതിർപ്പുകളുടെ മധ്യത്തിൽ നിൽക്കുമ്പോഴും ശാന്തത കൈവെടിയാതെ സമചിത്തതയോടെയും ബഥനി ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽ നിന്നും ആവാഹിച്ചെടുത്ത സന്ന്യാസജീവിതത്തിന്റെ പക്വമായ ആത്മീയതയുടെ നിറവിലും അവയൊക്കെ അതിജീവിക്കുന്നതിന് വന്ദ്യപിതാവിന് സാധിച്ചു. കൊടുങ്കാറ്റിൽപ്പെട്ട് വള്ളം ആടിയുലഞ്ഞപ്പോഴും തിരമാലകൾ വഞ്ചിയിലേക്ക് ആഞ്ഞടിച്ച് കയറി വഞ്ചിയിൽ വെള്ളം നിറഞ്ഞുകൊണ്ടിരുന്നപ്പോഴും അമരത്ത് തലയിണവച്ച് ശാന്തമായി ഉറങ്ങുകയായിരുന്ന യേശുവിനെപ്പോലെ (മർക്കോ 4:35-41) ഏതു പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്യുവാനുള്ള ആത്മീയ കരുത്ത് ഇതിനോടകം മാർ ഈവാനിയോസ് പിതാവിന് കൈവന്നിരുന്നു. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും പിൻബലത്തിൽ തന്റെ മനസ്സിനെ ദൈവത്തിൽ സമർപ്പിച്ച് ദൈവാത്മാവിനാൽ പ്രചോദിതനായിട്ടാണ് തന്റെ ഓരോ ചുവടുവയ്പുമെന്ന് മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഏതൊരു സഭാവിശ്വാസിയും പിൻതുടരേണ്ട ജീവിത മാതൃകയാണ് പുണ്യപിതാവ് നമുക്ക് കാട്ടിത്തരുന്നത്. ശക്തമായ പ്രതിഷേധങ്ങളും പ്രതിബന്ധങ്ങളും തനിക്കുചുറ്റും വട്ടമിട്ടു പറക്കുമ്പോഴും അവയെയൊക്കെ സധൈര്യം നേരിടുന്നതിനും പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നതിനും അങ്ങനെ സാർവ്വത്രിക സഭയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരുന്നതിനും മാർ ഈവാനിയോസ് പിതാവിന് സാധിച്ചത് ദൈവാത്മാവിന്റെ നടത്തിപ്പിലൂടെയാണ്.

**ഐക്യത്തിലേക്കുള്ള വിളി - പരിശുദ്ധാത്മാവിന്റെ ഉൾവിളി**

സെറാമ്പൂർ വാസക്കാലം മുതൽ തന്റെ പഠനവും ചിന്തയുമെല്ലാം സഭയുടെ ഐക്യത്തെപ്പറ്റിയുള്ളതായിരുന്നു. ബഥനി ആശ്രമ സ്ഥാപനം ഈ ആഗ്രഹത്തെ സാക്ഷാത്കരിക്കുവാൻ കൂടുതൽ അവസരമൊരുക്കി. 'കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയകാലത്ത് ഒരു സഭയായിരുന്ന പ്രകാരം വീണ്ടും യഥാർത്ഥമായ പുനരൈക്യം സാധിച്ച് ഒരു സഭയും ഒരു ഇടയനും എന്ന വിശുദ്ധ വേദോക്തിയെ കേരളീയ

www.malankaralibrary.com

സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യാഥാർത്ഥീകരിക്കുവാൻ കാതോലിക്കാ ബാവാ തിരുമേനി ശ്രദ്ധിക്കേണ്ടതാണ്' (വിശ്വാസധോരണി, പേജ് 64). 1925 മെയ് 1-ന് മാർ ഈവാനിയോസ് പിതാവ് തന്റെ മെത്രാഭിഷേകാനന്തരം പരുമല പള്ളിയുടെ അങ്കണത്തിൽവച്ച് നടത്തിയ പ്രസംഗത്തിലെ ഒരു ഉദ്ധരണിയാണ് മേൽപ്രസ്താവിച്ചത്. കർത്താവിന്റെ സഭയെക്കുറിച്ചുള്ള കാഴ്ചപ്പാട് വളരെ വ്യക്തമായി തന്റെ വാക്കുകളിൽ പിതാവ് കോറിയിട്ടിരിക്കുന്നു. 'ഒരു തൊഴുത്തും ഒരു ഇടയനും' എന്ന കർത്താവേശുമിശിഹായുടെ സ്വപ്നവും പ്രാർത്ഥനയും തന്റെ സ്വപ്നമായി മാർ ഈവാനിയോസ് പിതാവ് തന്റെ ഹൃദയത്തോടു ചേർത്തുവച്ചുകൊണ്ട് സഭാമെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ സഭാമക്കളോടു പറയുവാൻ മാർ ഈവാനിയോസ് പിതാവ് കാട്ടുന്ന ധൈര്യവും ആത്മാർത്ഥതയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നുവെന്നതിന്റെ ദൃഷ്ടാന്തമായി നമുക്ക് കാണാവുന്നതാണ്.

കർത്താവിന്റെ സഭ വിഭജിക്കപ്പെട്ടിരിക്കുന്നു എന്നുള്ള തീവ്രമായ ദുഃഖം പിതാവിന്റെ വാക്കുകളിൽ വളരെ പ്രകടമാണ്. അതുപോലെതന്നെ കർത്താവിന്റെ സഭ വിഭജിക്കപ്പെടുവാൻ പാടുള്ളതല്ല എന്ന ഉറച്ച ബോധ്യവും പിതാവിന്റെ വാക്കുകളിൽ സ്പഷ്ടമാണ്. ഏതെല്ലാം കാര്യങ്ങളിൽ കേരളസഭാമക്കൾ ഐക്യപ്പെട്ടിരിക്കുന്നു എന്ന് പിതാവിന്റെ തുടർന്നുവരുന്ന വാക്കുകളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. "സാമൂഹ്യാചാരങ്ങൾ, രാഷ്ട്രീയ ചുമതലകൾ, പൂർവ്വചരിത്രം, സംസാരഭാഷ, വൈദികഭാഷ മുതലായ വിഷയങ്ങളിൽ കേരളീയ സുറിയാനിക്കാർ എല്ലാവരും തമ്മിൽ ഐക്യമുണ്ട്. അവർ യഥാർത്ഥത്തിൽ ഒരു സമുദായമാണ്. മതസംബന്ധമായ വിഷയങ്ങളിൽ മാത്രം ഭിന്നതയും പിരിച്ചിലും സംഭവിച്ചിരിക്കുന്നു." വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ സഭകളുടെ ഐക്യത്തെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ 'നമ്മെ ഭിന്നിപ്പിക്കുന്ന കാര്യങ്ങളേക്കാൾ എത്രയോ പതിന്മടങ്ങാണ് നമ്മെ യോജിപ്പിക്കുന്ന കാര്യങ്ങൾ.' ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് സഭകൾ തമ്മിൽ സമ്പൂർണ്ണമായ ഐക്യത്തിലേക്ക് കടന്നുവരണമെന്ന് പരിശുദ്ധ പിതാവ് ഉൽബോധിപ്പിക്കുന്നു. എന്നാൽ ഇതിനൊക്കെ എത്രയോ പതിറ്റാണ്ടുകൾക്കു മുമ്പേ മാർ ഈവാനിയോസ് പിതാവ് ഈ സത്യം തിരിച്ചറിഞ്ഞ് സഭകൾ തമ്മിലുള്ള സമ്പൂർണ്ണമായ ഐക്യത്തിന് പരിശ്രമം നടത്തി എന്നത് പരിശുദ്ധാത്മ നടത്തിപ്പിന്റെ വലിയ നിദർശനങ്ങളായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ടാണ് അർത്ഥശങ്കയ്ക്ക് ഇടം നൽകാത്ത വിധം മാർ ഈവാനിയോസ് പിതാവ് സഭാനേതൃത്വത്തെയും സഭാമക്കളെയും ഇപ്രകാരം ഉൽബോധിപ്പിക്കുന്നത്: "മതസംബന്ധമായ വിഷയങ്ങളിൽ കൂടെയും എല്ലാ സുറിയാനി ക്രിസ്ത്യാനികളും തമ്മിൽ യോജിപ്പുണ്ടാകുവാൻ തക്കവിധം വന്ദ്യതിരുമേനികളും അവരോടു ചേർന്ന് സഭാമക്കളും മനഃപൂർവ്വമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു." മാർ ഈവാനിയോസ് പിതാവിന്റെ ഹൃദയത്തിൽ നിന്നും വരുന്ന വാക്കുകളാണിവ. മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേകാനന്തരം നടത്തുന്ന ഒരു വാഴ്ത്തു പാട്ടായോ അധരവ്യായാമമായിട്ടോ പിതാവിന്റെ ഈ വാക്കുകളെ കാണുവാൻ സാധിക്കില്ല. ആരെയെങ്കിലും പ്രീതിപ്പെടുത്തുവാൻ വേണ്ടി പറഞ്ഞ വാക്കുകളുമല്ല. അനേകം പേരുടെ അപ്രീതിയുണ്ടാകും എന്നു മനസ്സിലാക്കിക്കൊണ്ടാണ് ഈ അപ്രിയസത്യം ഒരു പ്രവാചകശബ്ദമായി വന്ദ്യപിതാവിന്റെ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്നത്. താൽക്കാലികമായ ചില ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടലുകളിൽ നിന്ന് ഉരുത്തിരിയുന്ന ചില തീരുമാനങ്ങളല്ല സഭയ്ക്കാവശ്യം, മറിച്ച് ദൈവീകപദ്ധതിയോടു ചേർന്നു നിന്നുകൊണ്ട് പരിശുദ്ധാത്മ സ്വരം ശ്രവിക്കുവാനുള്ള ആത്മാർത്ഥമായ ആഗ്രഹമാണ് ഓരോരുത്തർക്കും ഉണ്ടാകേണ്ടത് എന്ന് ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തായെയും സഭാമക്കളെ മുഴുവനായും വന്ദ്യ മാർ ഈവാനിയോസ് പിതാവ് ഓർമ്മപ്പെടുത്തുന്നു.

***

www.malankaralibrary.com

**ദൈവമഹത്വം ജീവിതത്തിന്റെ പരമോദ്ദേശ്യം**

1912-ൽ മലങ്കര സഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുവാൻ മലങ്കര മെത്രാപ്പോലീത്തായോടു ചേർന്നു നിന്നുകൊണ്ട് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും അതിനുവേണ്ടുന്നതായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തതിനെ അഭിമാനപുരസ്സരം കാണുമ്പോഴും യഥാർത്ഥമായ ലക്ഷ്യത്തിലേക്കുള്ള സഭയുടെ പ്രയാണത്തേക്കുറിച്ചുള്ള മാർ ഈവാനിയോസ് പിതാവിന്റെ ഹൃദയതേങ്ങലുകൾ പിതാവിന്റെ തുടർന്നുവരുന്ന വാക്കുകളിൽ കാണുവാൻ കഴിയും: ''എന്നാൽ ഇപ്രകാരമുള്ള പ്രയത്നംകൊണ്ട് സഭയ്ക്കുണ്ടാകുന്ന ഐശ്വര്യത്തേക്കാൾ കൂടുതലായി നമ്മുടെ സഭയ്ക്കും ഈ നാട്ടിൽ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമുള്ളത് ജനങ്ങളിൽ യഥാർത്ഥമായ ദൈവഭക്തിയാണെന്ന് എനിക്ക് ബോധ്യമുണ്ട്." തന്റെ സഭയുടെ കെട്ടുറപ്പിനുവേണ്ടി സ്വയം പ്രയത്നിക്കുമ്പോഴും സഭകളുടെ മുഴുവൻ ഐക്യത്തിനുവേണ്ടിയുള്ള ദാഹമാണ് പിതാവിന്റെ വാക്കുകളിലും പ്രയത്നങ്ങളിലും നിഴലിക്കുന്നത്. "ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം" എന്ന ദൈവവചനം ആഴത്തിൽ മനസ്സിലാക്കി സഭാമക്കളെല്ലാവരും യഥാർത്ഥ ദൈവഭക്തിയിൽ വളർന്നുവരണമെന്ന് പിതാവ് ആഗ്രഹിക്കുകയാണ്. യഥാർത്ഥ ദൈവഭക്തിയിലൂടെ മാത്രമേ തീവ്രമായ വിനയവും ദൃഢമായ ക്ഷമയും പരിശീലിക്കുവാൻ നമുക്ക് സാധിക്കുകയുള്ളുവെന്നും അതുവഴി പരിപൂർണ്ണമായ ഐക്യം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ എന്നും വന്ദ്യപിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടാണ് മാർ ഈവാനിയോസ് പിതാവ് പറയുന്നത്: "എത്രത്തോളം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യണമോ അത്രത്തോളം സഹിപ്പാനും ക്ഷമിപ്പാനും നാം തയ്യാറാകണം." അതുവഴി ദൈവഹിതം നമ്മൾ നിറവേറ്റണം. ഈ സത്യം തിരിച്ചറിഞ്ഞുകൊണ്ടാണ് വന്ദ്യപിതാവ് പറയുന്നത്: ''എന്റെ ജീവിതത്തിന്റെ പരമോദ്ദേശ്യം ദൈവത്തെ മഹത്വപ്പെടുത്തുക എന്നുള്ളതാണ്."

**വിഘടനവാദികൾക്കുള്ള മുന്നറിയിപ്പ്**

സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി സഭയെ ഒറ്റിക്കൊടുക്കുന്നവർക്കും സഭകൾ തമ്മിൽ ഒന്നിച്ചുവരുന്നതിനെ എതിർക്കുന്നവർക്കും മാർ ഈവാനിയോസ് പിതാവ് മുന്നറിയിപ്പ് നൽകുന്നുണ്ട്: ''കക്ഷിവഴക്കിൽ ആസക്തിയുള്ളവർ ധാരാളം ശകാരം പറഞ്ഞേക്കാമെന്ന് എനിക്കറിയാം. എന്നാൽ പരസ്പരമുള്ള ഭിന്നിപ്പ് തടയുവാനും സ്നേഹം വർദ്ധിക്കുവാനും വേണ്ടി ക്രിസ്തീയമായി എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിന് നമ്മെക്കൊണ്ട് കഴിയുമോ അതെല്ലാം നമ്മൾ ചെയ്യണം." മലങ്കരസഭയിൽ നിലനിൽക്കുന്ന പിളർപ്പും അരാജകത്വവും മാർ ഈവാനിയോസ് പിതാവിനെ ഏറെ നൊമ്പരപ്പെടുത്തി. യേശുവിന്റെ സഭ ഏകസഭയാണെന്നും വിഭജിക്കപ്പെടുവാൻ പാടുള്ളതല്ലായെന്നും മലങ്കരസഭയുടെ പിളർപ്പിനെ നോക്കി കണ്ടുകൊണ്ട് വന്ദ്യപിതാവ് ഇപ്രകാരം സൂചിപ്പിച്ചു: മലങ്കരസഭയിൽ നിന്ന് നിർഭാഗ്യവശാൽ ഭിന്നിച്ചുപോയ മാർത്തോമ്മാ സഭയുമായി ഐക്യപ്പെടുവാൻ നമ്മൾ സർവ്വാത്മനാ പരിശ്രമിക്കണമെന്ന് മാർ ഈവാനിയോസ് പിതാവ് ഓർമ്മപ്പെടുത്തുന്നു. മാത്രമല്ല, മാർത്തോമ്മാ സഭയുടെ രൂപീകരണത്തിനും അതുവഴി മലങ്കര സഭയുടെ പിളർപ്പിനും കാരണക്കാർ മലങ്കര സഭയാണെന്നും ഇത് ദൈവതിരുമുമ്പാകെ കുറ്റകരമാണെന്നും പിതാവ് വേദനയോടെ ഓർക്കുന്നു: "കേരളീയ സുറിയാനിക്കാരിൽ ഭൂരിപക്ഷ ജനങ്ങളും സർവ്വലോക വ്യാപകത്വമുള്ള റോമൻ കത്തോലിക്കാസഭയിൽ ഉൾപ്പെട്ടു നിൽക്കുന്നവരാണ്." കത്തോലിക്കാസഭയുടെ സാർവ്വത്രിക ഭാവത്തെ എടുത്തുപറയുന്ന പിതാവ് ഈ സാർവ്വത്രികതയിലേക്ക് എല്ലാ സഭകളും ചേർന്നുനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. "അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" എന്നാണ് കത്തോലിക്കാസഭയെപ്പറ്റി മാർ ഈവാനിയോസ് പിതാവ്

www.malankaralibrary.com

വിശേഷിപ്പിക്കുന്നത്. മാർ ഈവാനിയോസ് പിതാവ് ആഗ്രഹിക്കുന്നത് ഏതെങ്കിലും ഒന്നോ, രണ്ടോ സഭകൾ തമ്മിലുള്ള പുനരൈക്യമല്ല മറിച്ച് 'സർവ്വലോകപുനരൈക്യ'മാണ് മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട പുനരൈക്യം. ഇതു സാധിതമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ഇടപെടലുകൾക്ക് ചെവികൊടുക്കണം. ലാഭനഷ്ടങ്ങളുടെ കണക്കുകൾ കൂട്ടിയെടുത്ത് ഉണ്ടാക്കിയെടുക്കേണ്ടതല്ല സർവ്വലോക പുനരൈക്യം. മറിച്ച് പരിശുദ്ധാത്മ സ്വരത്തിന് അനുസരിച്ച് സഭാമക്കൾ ആത്മാർപ്പണം നടത്തുമ്പോൾ ലഭിക്കുന്ന ദൈവീകദാനമാണ്.

**സാർവ്വത്രിക ഭാവം - വിശുദ്ധിയുടെ അടയാളം**

എല്ലാവരെയും ഉൾക്കൊള്ളുന്ന സാർവ്വത്രിക ഭാവത്തിലേക്കുള്ള വളർച്ചയാണ് ആത്മീയ പക്വതയുടെ ലക്ഷണം. തടസ്സങ്ങൾ സൃഷ്ടിക്കുന്നവനല്ല, തടസ്സങ്ങൾ മാറ്റുന്നവനായിരിക്കണം ഓരോ ക്രിസ്തുശിഷ്യനും. ക്രിസ്തുവിന്റെ മനസിനോളം ഓരോ ക്രിസ്തുശിഷ്യന്റെയും മനസ് വിശാലമാകുമ്പോൾ മാത്രമാണ് ഈ സ്വപ്നം പൂവണിയുന്നത്. മാർ ഈവാനിയോസ് പിതാവ് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് വിധേയപ്പെട്ട് ക്രിസ്തുവിന്റെ മനസിനെ സ്വന്തമാക്കി. വ്യക്തിഗതമായ നേട്ടങ്ങൾക്ക് സഭയെ കരുവാക്കുകയും ഭിന്നിപ്പിന്റെ സ്വരം ഉയർത്തുകയും ചെയ്യുന്നവർക്ക് മാർ ഈവാനിയോസ് പിതാവ് ഉയർത്തുന്ന ഈ വെല്ലുവിളി കൂടുതൽ അസ്വസ്ഥത ഉളവാക്കുമെന്നുള്ളതിന് സംശയമില്ല. ദൈവത്തോടും ദൈവീക നിയോഗങ്ങളോടുമല്ലാതെ ഒന്നിനോടും കടപ്പാടില്ലാതെ മുന്നേറുവാനുള്ള ധൈര്യം ഉണ്ടാകണം എന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

**ഉപസംഹാരം**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം മുഴുവൻ ദൈവാത്മാവിനാൽ നയിക്കപ്പെട്ടതായിരുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവർക്കു മാത്രമേ മാർ ഈവാനിയോസ് പിതാവിനെപ്പോലെ ഇപ്രകാരം പറയുവാൻ സാധിക്കുകയുള്ളു: "എല്ലാറ്റിന്റേയും അടിസ്ഥാനം ദൈവകരുണ തന്നെ. അവിടുന്ന് തുടങ്ങി, അവിടുന്ന് നടത്തി, നാം ഒന്നും ചെയ്തില്ല, ചെയ്യിച്ചുമില്ല." അതുകൊണ്ടാണ് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഒരു പ്രചോദനമായി മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം മാറുന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ആനന്ദത്തിന്റെ സാക്ഷികൾ' എന്ന അപ്പസ്തോലിക ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ''കൂടുതൽ മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പരിശുദ്ധാത്മാവ് നിങ്ങളെ അയയ്ക്കുന്ന ഭാവിയിലേക്ക് നോക്കുക." ദൈവാത്മാവിനാൽ പ്രചോദിതനായി മുന്നേറിയ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം ഏതു കാലഘട്ടത്തിൽ ജീവിക്കുന്നവർക്കും ജ്വലിച്ചു നിൽക്കുന്ന ഒരു പ്രകാശസ്തംഭമാണെന്നുള്ളതിന് സംശയമില്ല.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാമത് ഓർമ്മപ്പെരുന്നാളിൽ പ്രാർത്ഥനാപൂർവ്വം സംബന്ധിക്കുന്ന സഭാമക്കൾക്കേവർക്കും ആത്മീകമായ നന്മകളാൽ പൂരിതമാക്കുവാനുള്ള അവസരമായി ഈ ദിവസങ്ങൾ മാറട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ പുണ്യദിനത്തോട് ചേർന്ന് അഭിഷിക്തരാകുന്ന വന്ദ്യ മനക്കരക്കാവിൽ റമ്പാച്ചനും, വന്ദ്യ ആന്റണി കാക്കനാട്ട് റമ്പാച്ചനും സഭ ഏല്പിക്കുന്ന നിയോഗങ്ങളിൽ മുന്നേറുവാനുള്ള കൃപയുടെ അഭിഷേകം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതുവഴി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വർത്തമാനകാലഘട്ടത്തിലുള്ള സാക്ഷ്യം കൂടുതൽ പ്രോജ്ജ്വലമാക്കുകയും മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട മലങ്കര സഭകളുടെ ഐക്യം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യട്ടെ.

***

www.malankaralibrary.com

# മാർ ഈവാനിയോസ്: സഭകളുടെ കൂട്ടായ്മ സ്വപ്നം കണ്ട സഭാപിതാവ്

ഫാ. ക്രിസ്റ്റി ജോൺ ഒ.ഐ.സി.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നങ്ങളിലൊന്നായിരുന്നു സഭകളുടെ കൂട്ടായ്മ. വന്ദ്യപിതാവിന്റെ തന്നെ വാക്കുകൾ കടമെടുത്താൽ, 'ക്രിസ്ത്യാനികൾക്ക് യേശുവിലുള്ള വിശ്വാസം ഉറച്ചതാണെങ്കിൽ ഇന്ന് കാണുന്ന ഭിന്നതകൾ സഭയിൽ ഉണ്ടാകുമായിരുന്നില്ല.'

ഇന്നത്തെ ക്രൈസ്തവ സമൂഹത്തെ നോക്കിയാൽ അവർ പല സഭകളായി ഭിന്നിച്ചു നിൽക്കുന്നു. കാരണം, അവയോരോന്നും അവരവരുടെ അഭിരുചികൾക്കും, അഭിപ്രായങ്ങൾക്കുമനുസരിച്ചാണ് പ്രവർത്തിച്ചു പോരുന്നത്. അല്ലെങ്കിൽ ചില വ്യക്തിഗത താല്പര്യ പൂർത്തീകരണത്തിനുവേണ്ടി സഭ നിലകൊള്ളുന്നതുപോലെ. പിതാവ് സൂചിപ്പിക്കുന്നു, 'ഒരുവൻ കർത്താവിന്റെ പ്രബോധനങ്ങളെ വിശ്വസ്തതയോടെ കാണുന്നുവെങ്കിൽ, തന്റെ പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് കർത്താവിനെ അനുഗമിക്കട്ടെ.'

സഭ കർത്താവിന്റെ ശരീരമാണ്. അവിടെയാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം അനുഭവമാക്കുന്നതും. അവിടെ നാം ക്രിസ്തുവുമായി ഐക്യപ്പെടുന്നു. ഗാഢമായി ചിന്തിച്ചാൽ, കർത്താവിന്റെ പ്രബോധനങ്ങളുടെ യഥാർത്ഥ ചിത്രം വെളിവാക്കുന്നത് സഭയിലാണ് എന്ന് മനസിലാക്കാം. സഭയിലൂടെ മാത്രമേ ഉത്ഥിതനായ ക്രിസ്തുവിനെ അനുഭവിക്കാനും അങ്ങനെ യേശുവുമായി ഐക്യപ്പെടുവാനും സാധിക്കുകയുള്ളു. യേശുക്രിസ്തുവാണ് സഭയുടെ സ്ഥാപകനും ശിരസ്സും. സഭ അവന്റെ ശരീരവും തുടർച്ചയുമാണ്. ഒരാൾക്ക് ഒരു ശരീരമേ പാടുള്ളൂ എന്നിരിക്കെ, ഇന്നീ കാണുന്ന എണ്ണിയാലൊടുങ്ങാത്ത സഭാ സമൂഹങ്ങളിൽ (എപ്പിസ്കോപ്പൽ സഭകൾ, പ്രോട്ടസ്റ്റന്റ് സഭകൾ, വ്യക്തിഗത സഭകൾ) നിന്ന് യേശുവിന്റെ ശരീരമാകുന്ന സഭയെ എവിടെ കണ്ടെത്തുവാൻ സാധിക്കും? അത് ക്രിസ്തു സ്ഥാപിച്ച കത്തോലിക്കാ സഭയിലാണ് വെളിവാകുന്നത്.

അതുകൊണ്ടാണ് മാർ ഈവാനിയോസ് പിതാവിന്റെ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യത്തെ ചരിത്രത്തിന്റെ അഭ്രപാളികളിൽ രേഖപ്പെടുത്തിയിരിക്കുന്നതും, ആ വന്ദ്യ താതനെ 'ഭാരത ന്യൂമാൻ' എന്ന് വിളിക്കുന്നതും.

താൻ അംഗമായിരുന്ന സഭ സ്വത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി തമ്മിലടിച്ചപ്പോൾ ആ വന്ദ്യ ഹൃദയം തേങ്ങി. ദീർഘ നാളത്തെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും വെളിച്ചത്തിൽ ആ സത്യം തിരിച്ചറിഞ്ഞു. ഇതൊന്നുമല്ല യഥാർത്ഥ ക്രൈസ്തവികത. ദൈവത്തോടു കൂടുതൽ അടുക്കണമെങ്കിൽ, സത്യത്തെ പുൽകണമെങ്കിൽ, യഥാർത്ഥമായത് കണ്ടെത്തണമെങ്കിൽ പ്രിയപ്പെട്ട പലതിനേയും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് താൻ മനസ്സിലാക്കിയ സത്യത്തെ പുണരുവാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് എല്ലാം ഉപേക്ഷിച്ചത്.

അങ്ങനെയാണ്, ഈവാനിയോസ് പിതാവ് തനിക്കുണ്ടായിരുന്നതും ആകാമായിരുന്നതും ഉപേക്ഷിച്ച പരിശുദ്ധ സഭയിലേക്ക് കടന്നുവന്നതും പത്രോസിനാൽ സ്ഥാപിതമായ കർത്താവിന്റെ

www.malankaralibrary.com

മണവാട്ടിയായ സഭയിൽ അവന്റെ ശരീരമായ സഭയിൽ അംഗമായി തീർന്നതും, അദ്ദേഹത്തിന്റെ ദീർഘകാല വ്യഥ വിഘടിച്ച നിൽക്കുന്ന വൃണപ്പെട്ട കർത്താവിന്റെ ശരീരമാകുന്ന സഭകളെ ഓർത്തായിരുന്നു എന്ന് നിസ്സംശയം പറയാം. അദ്ദേഹം പറയുന്നു, 'ഞാൻ സ്വർഗ്ഗത്തിലായിരിക്കുമ്പോൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. പിതാവേ, ഞാൻ നിന്നിലും നീ എന്നിലുമായിരിക്കുന്നതുപോലെ ഇവരും നമ്മളും ഒന്നാകണമേ എന്നു പ്രാർത്ഥിച്ച യേശു തമ്പുരാന്റെ ആഗ്രഹവും അതായിരുന്നില്ലേ? സഭകളെല്ലാം ഒന്നായി തീരണം. അങ്ങനെ മാത്രമേ ഒരു തൊഴുത്തും ഒരു ഇടയനും എന്ന പുണ്യപ്പെട്ട അവസ്ഥയിലേക്ക് എത്തിച്ചേരുവാൻ സാധിക്കൂ.

ഇന്നത്തെ ചുറ്റുപാടിൽ ഏക കൂട്ടായ്മ എന്ന ചിന്ത വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ദേവാലയങ്ങൾ പിടിച്ചെടുക്കാനും, സ്വത്തുക്കൾ കൈവശമാക്കാനും ഉദ്യമിക്കുമ്പോൾ, അക്രൈസ്തവർ പോലും ചോദിക്കുന്നു, 'ഒരേ യേശുക്രിസ്തുവിനെയല്ലേ നിങ്ങൾ ആരാധിക്കുന്നത്, പിന്നെയെന്തുകൊണ്ട് നിങ്ങൾ വിഘടിച്ചു നിൽക്കുന്നു?

ഓർക്കാം, ഒന്നിച്ചുനിൽക്കുമ്പോഴാണ് നമ്മൾ ശക്തിയുള്ളവരാകുന്നത്. ഭവനത്തിൽ അപ്പനും അമ്മയും മക്കളും ഒന്നിച്ചു ജീവിക്കുന്നുവെങ്കിലും പല തരത്തിലുള്ള ചിന്താഗതികളും, ജീവിത രീതികളുമാണെങ്കിൽ ആ കുടുംബം പെട്ടെന്ന് നശിക്കുന്നു. അതുകൊണ്ട് സഭയാകുന്ന കൂട്ടായ്മയെ ശിഥിലമാക്കാൻ നമ്മൾ അനുവദിക്കരുത്. സഭകളുടെ ഐക്യത്തിനായി പരിശ്രമിക്കാം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ എല്ലാ സഭാമക്കളും ഒന്നായിച്ചേർന്ന് ഒരു തൊഴുത്തും ഒരു ഇടയനും എന്ന ഭാഗ്യപ്പെട്ട ശ്രേണി കൈവരിക്കുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.

മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം നമ്മുക്ക് കോട്ടയായിരിക്കട്ടെ.

●

**ദൈവസമ്പാദനത്തെക്കാൾ മഹത്തരമായ മറ്റൊന്നും ചിതലുകളുടെ സങ്കേതമാകുന്ന ഈ ലോകത്തിൽ നിന്നും ലഭിക്കാൻ ഇടയുള്ളതല്ലെന്നു ക്രൈസ്തവ ജീവിതത്തിൽ വിശ്രമമന്യേ പ്രയാണം ചെയ്യുന്നവർക്കു ഗ്രഹിക്കാവുന്നതാണ്. വിശ്വാസത്തിൽ മനുഷ്യൻ ദൈവവുമായി ബന്ധപ്പെടണം. എന്നാൽ ഇപ്രകാരം ബന്ധപ്പെടുന്നതിനുള്ള പ്രയത്നംകൊണ്ടു നമ്മുടെ സഭയ്ക്കുണ്ടാകാവുന്ന ഐശ്വര്യത്തേക്കാൾ കൂടുതലായി നമ്മുടെ സഭയ്ക്കും, ഈ നാട്ടിലെ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമുള്ളത് ജനങ്ങളിൽ യഥാർത്ഥ ദൈവഭക്തി ഉളവാക്കുക എന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടു.**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവിന്റെ വിശാലവീക്ഷണവും ക്രാന്തദർശനവും

**ഫാ. വർഗ്ഗീസ് വിനയാനന്ദ് ഒ.ഐ.സി.**

ധർമ്മശിഷ്യൻ ഗുരുവിനോടു ചോദിച്ച ചോദ്യം, മനസ്സിന് ഓർമ്മകളുള്ളതുപോലെ ശരീരത്തിനും ആത്മാവിനും ഓർമ്മകളുണ്ടോ? എന്തിന് നമ്മൾ ഈ ചോദ്യത്തെ വിശകലനം ചെയ്യുന്നു. അതിനു കാരണം മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം തന്നെയാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മയ്ക്കായി നമ്മൾ ഒരുങ്ങുമ്പോൾ ഇന്ന് നമ്മൾ വിശകലനം ചെയ്യുക മാർ ഈവാനിയോസ് പിതാവിന്റെ വിശാലവീക്ഷണവും ക്രാന്തദർശനവുമാണ്. മാർ ഈവാനിയോസ് പിതാവ് ക്രാന്തദർശിയായിരുന്നു എന്നതിൽ നമുക്ക് സംശയമില്ല. ആ പുണ്യജീവിതത്തെ ഈ അവസരത്തിൽ ധ്യാനിക്കുക ഏറെ ശ്രേഷ്ഠമാണ്. എന്താണ് ക്രാന്തദർശനം. സ്വയം കേന്ദ്രീകൃതമായ ഒരു ജീവിത വീക്ഷണത്തിൽ നിന്ന് അപരന്റെ കേന്ദ്രീകൃതമായ ഒരു ജീവിത വീക്ഷണത്തിലേക്ക് യാത്ര ചെയ്യുന്ന വ്യക്തികളാണ് നേതാക്കന്മാരായി മാറുന്നത്. ക്രാന്തദർശികളാവുന്നത്. എന്നാൽ മാർ ഈവാനിയോസ് പിതാവ് അതിലും അതിരു കടന്ന് യാത്ര ചെയ്യുന്നത് നാം കാണുകയാണ്. അപരനിൽനിന്ന് ദൈവത്തെ കേന്ദ്രീകരിച്ചുള്ള ഒരു ജീവിതത്തെ മാർ ഈവാനിയോസ് പിതാവിൽ നമ്മൾ കണ്ടെത്തുന്നു. അതുകൊണ്ടുതന്നെ മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വീക്ഷണങ്ങൾ നമ്മെയും ഏറെ സ്വാധീനിക്കേണ്ടതായിട്ടുണ്ട്. ഇവിടെ സെറാമ്പൂരിൽ പഠിപ്പിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ ക്രാന്തദർശനവും വിശാലവീക്ഷണവും ഉൾക്കൊള്ളുന്ന ഒന്നുരണ്ട് ചിന്തകൾ നമുക്ക് വിശകലനം ചെയ്യാം:

ഭാരത ഭൂമിയുടെ ആത്മോത്കൃഷ്ടാർത്ഥം അന്യരാജ്യങ്ങളിൽ നിന്ന് പലരും ഇവിടെയെത്തി. ആരോഗ്യവും ധനവും ഒന്നും പരിഗണിക്കാതെ അവർ ചെയ്തുകൊണ്ടിരുന്നത് കണ്ടുകൊണ്ടിരുന്നിട്ടും നമ്മുടെ ആലസ്യത്തെയും വിസ്മൃതിയോടും അവർ ചോദ്യങ്ങൾ ചോദിച്ചപ്പോഴും ഉണരാതെയും എണീക്കാതെയും നമ്മുടെ ആ പഴയ കിടപ്പ് നിർഭാഗ്യമായിതന്നെ കരുതപ്പെടേണ്ടതാണ്. മാർ ഈവാനിയോസ് പിതാവ് ചരിത്രത്തിൽ നിന്ന് പഠിക്കാനായിട്ട് നമ്മളെ ഓർമ്മപ്പെടുത്തുന്നു. ചരിത്രത്തിൽനിന്ന് നമ്മൾ പഠിച്ചില്ലായെങ്കിൽ ചരിത്രത്തിലെ അബദ്ധങ്ങൾ വീണ്ടും നമ്മൾ ജീവിക്കാനിടയാവുമെന്ന് ചരിത്രം നമ്മളെ ഓർമ്മപ്പെടുത്തുന്നു. അതോടൊപ്പംതന്നെ സ്വയം വിമർശനവും ആത്മശോധനയും ആവശ്യമാണെന്ന് ഇതിലൂടെ നമ്മളെ പഠിപ്പിക്കുന്നു. ആത്മശോധന വിശുദ്ധിക്ക് ഏറ്റം ആവശ്യമായ ഒരു ഘടകമായി സന്ന്യാസ ജീവിതത്തിൽ മാർ ഈവാനിയോസ് നമ്മളെ പഠിപ്പിക്കുന്നു.

സമുദായത്തിലുണ്ടായിട്ടുള്ള വ്രണങ്ങൾ സുഖപ്പെടുത്താനായിട്ട് മാർ ഈവാനിയോസ് പിതാവ് മൂന്നു മാർഗ്ഗങ്ങൾ നമ്മളെ പഠിപ്പിക്കുന്നുണ്ട്. ഇടവകകൾ തോറും സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുക, സൺഡേസ്കൂൾ വർദ്ധിപ്പിച്ച് ബാലികാബാലന്മാരിൽ ആത്മീയബോധം വളർത്തുക, വിജാതീയരുടെ ഇടയിൽ സുവിശേഷം അറിയിച്ചുകൊണ്ട് അവരെ സത്യവിശ്വാസത്തിലേക്ക്

www.malankaralibrary.com

ക്ഷണിക്കുക എന്നീ കാര്യങ്ങൾ മാർ ഈവാനിയോസ് പിതാവ് പഠിപ്പിക്കുമ്പോൾ സഭയുടെ അടിസ്ഥാനസ്വഭാവമാണ് ഇവിടെ കാണിക്കുന്നത്.

**സുവിശേഷപ്രചരണം**

സുവിശേഷവും സമൂഹവും തമ്മിലുള്ള ബന്ധംകൂടി ഇവിടെ കാണിക്കുന്നുണ്ട്. പരസ്പരം വളർത്താനായിട്ട് മാർ ഈവാനിയോസ് പിതാവ് കാണിക്കുന്ന ഒരു വലിയ കാഴ്ചപ്പാട് ഓരോരുത്തരെയും പ്രാധാന്യത്തോടുകൂടി കാണുക എന്നതാണ്. തന്റെ ഈ ജീവിതവീക്ഷണത്തിലൂടെ കടന്നുപോകുന്ന മാർ ഈവാനിയോസ് ഇങ്ങനെയൊരു ചോദ്യം സ്വയം ചോദിക്കുന്നുണ്ട്, "നമ്മുടെ മനോഗതിക്ക് ഇങ്ങനെയൊരു മാറ്റം സംഭവിച്ചത് എന്തായിരുന്നു എന്ന് കണിശമായി പറയുവാൻ സാധ്യമല്ലെങ്കിലും സമുദായ അഭിവൃദ്ധിയെ അഭിമുഖീകരിച്ചിട്ടുള്ള ചിന്തകളുടെ ഫലമായിട്ടാണ് അത് ഉണ്ടായതെന്ന് തോന്നുന്നു." ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധിച്ചാലറിയാം. ഒന്ന്, ഭാഗികമായ ഒരു ഉത്തരം അതിന് കണ്ടുപിടിക്കുന്നു. കണ്ടുപിടിക്കാത്ത ഒരു ഭാഗമുണ്ട് അവിടെയാണ് എന്തു സംഭവിച്ചു എന്ന് എനിക്കറിഞ്ഞുകൂടാ എന്ന് മാർ ഈവാനിയോസ് പിതാവ് പറയുമ്പോൾ ധർമ്മശിഷ്യന്റെ ആ ചോദ്യത്തിനുത്തരം ഇവിടെ പ്രസക്തമാണ്. മനസ്സിന് ഓർമ്മകളുള്ളതുപോലെ ശരീരത്തിനും ഓർമ്മകളുള്ളതായിട്ട് നമുക്ക് കണ്ടെത്താൻ സാധിക്കും. ശരീരത്തിന്റെ ഓർമ്മകളാണ് നമ്മുടെ പിതാക്കന്മാർ പൂർവ്വപിതാക്കന്മാരിലൂടെ എന്റെ അപ്പനിലും അമ്മയിലും നിന്ന് എനിക്ക് കിട്ടിയിട്ടുള്ള ഡി.എൻ.എ.യുടെ അംശങ്ങൾ. എന്റെ ശരീരത്തിന്റെ രൂപവും ഭാവവും നിറവുമൊക്കെ ശരീരത്തിലുള്ള ഓർമ്മയാണ്. മനസ്സിന്റെ ഓർമ്മകളാണ് എന്റെ ചെറുപ്പം മുതലേ എനിക്ക് കിട്ടിയിട്ടുള്ള സാമൂഹിക പശ്ചാത്തലിലൂടെ ഞാൻ നേടിയുള്ള ഓർമ്മകൾ. അതിനും അതീതമാണ് ലോകസൃഷ്ടിക്കുമുമ്പുതന്നെ ക്രിസ്തുവിൽ രൂപീകരിക്കപ്പെട്ട നമ്മുടെ ആത്മാവിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ഓർമ്മകൾ. ഇതാണ് മാർ ഈവാനിയോസ് പിതാവിനെ സമൂഹത്തെക്കുറിച്ചും സഭയെക്കുറിച്ചും ലോകത്തെക്കുറിച്ചും അതിന്റെ ഉന്നമനത്തിനും വിശുദ്ധിയ്ക്കുമായി ജീവിക്കാൻ പ്രേരിപ്പിച്ചത്. അങ്ങനെയെങ്കിൽ ആത്മാവിന്റെ ഓർമ്മകൾ ഇവിടെ പ്രസക്തമാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ മാർ ഈവാനിയോസ് പിതാവിന്റെ ഈ ചിന്തകൾ മാറ്റൊലി കൊണ്ടപ്പോൾ ഈ നൂറ്റാണ്ടിലും ഇതു വളരെ പ്രസക്തമാകുന്നു. കത്തോലിക്കാസഭയുടെ സാമൂഹിക പ്രബോധനങ്ങൾ നമ്മളെ പഠിപ്പിക്കുമ്പോൾ മാർ ഈവാനിയോസ് പിതാവിന്റെ ഈ ജീവിതത്തിന് ഏറെ മാറ്റുകൂടുന്നതായി ഇപ്പോൾ നമുക്ക് തോന്നും. 2016-ൽ സഭ പുറപ്പെടുവിച്ച You Cat എന്ന ഗ്രന്ഥത്തിൽ 28-ാം നമ്പറിൽ ഇങ്ങനെ പറയുന്നു, "സാമൂഹികമോ രാഷ്ട്രീയമോ ആയ കാര്യങ്ങളിൽ വ്യാപൃതരാവുന്ന എല്ലാവരും ക്രൈസ്തവരാകണമെന്നില്ല. എന്നാൽ സമൂഹത്തിൽ ഇടപെടാത്ത ഒരു വ്യക്തി സ്വയം ക്രൈസ്തവനാണെന്ന് വിശേഷിപ്പിക്കുവാൻ സാധിക്കുകയില്ല." ചുരുക്കത്തിൽ സമൂഹത്തിൽ ക്രൈസ്തവന് ഇടപെടാതിരിക്കനാവില്ല. ക്രൈസ്തവനാണോ അവൻ സമൂഹത്തിൽ ഇടപെട്ടിരിക്കും. സ്നേഹം, നീതി, സ്വാതന്ത്ര്യം, സമാധാനം എന്നിവയിൽ സ്വയം സമർപ്പിക്കുവാൻ സുവിശേഷം വളരെ ശക്തമായി നമ്മെ നയിക്കുന്നു, ക്ഷണിക്കുന്നു, ആകർഷിക്കുന്നു. ക്രിസ്ത്യാനികൾ മെച്ചപ്പെട്ട ഒരു സമൂഹത്തിനായി

www.malankaralibrary.com

പ്രയത്നിക്കണമെന്ന് ഈ പാഠം നമ്മളെ പഠിപ്പിക്കുന്നു. ദൈവരാജ്യത്തിന് അനുരൂപമായ മാനുഷികഭാവം കൂടുതലുള്ള ഒരു നഗരം പണിയുക എന്നതാണ് ഒരു ക്രൈസ്തവന്റെ ധർമ്മമെന്ന് ഈ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. മൂന്ന് ഇടങ്ങഴി മാവിൽ അതു പുളിക്കുവോളം ഒരു സ്ത്രീ ചേർത്ത പുളിപ്പിന് സദൃശ്യമാണ് സ്വർഗ്ഗരാജ്യമെന്ന് യേശു പറയുമ്പോൾ ഒരു സമൂഹത്തിൽ ക്രിസ്ത്യാനികൾ പ്രവർത്തിക്കേണ്ട രീതിയെ യേശു നമ്മളെ ഓർമ്മിപ്പിക്കുന്നു, പഠിപ്പിക്കുന്നു.

ഈ ചിന്തകൾ ഇവിടെ അവസാനിപ്പിക്കുമ്പോൾ മാർ ഈവാനിയോസ് ക്രാന്തദർശിയായിരുന്നുവെന്ന് വിശാല വീക്ഷണമുള്ള വ്യക്തിയായിരുന്നുവെന്ന് നമ്മൾ കണ്ടെത്തുമ്പോൾ ഒരല്പം കൂടി മാർ ഈവാനിയോസ് പിതാവിനെ വിശേഷിപ്പിക്കുവാൻ ഞാൻ ഒരു വാക്ക് ഉപയോഗിക്കുകയാണ്. magnanimous personality എന്ന് മാർ ഈവാനിയോസ് പിതാവിനെ വിശേഷിപ്പിക്കാം. ഇംഗ്ലീഷിൽ magnanimous എന്ന വാക്ക് വന്നിരിക്കുന്നത് ലാറ്റിനിൽ 'magna' 'anima' എന്ന രണ്ടുവാക്കിൽ നിന്നാണ്. magna - great, anima - soul അല്ലെങ്കിൽ mind എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. having a great soul എന്നാണ് ആ വാക്കിനർത്ഥം. സംസ്കൃതത്തിലും ഇതിന് തത്തുല്യമായ ഒരു വാക്ക് ഉണ്ട്, മഹാത്മാ എന്ന വാക്ക്. മഹാ - great ആണെന്ന് നമുക്ക് അറിയാം. ആത്മ - soul, great soul ഗാന്ധിജിക്ക് ടാഗോർ 1915-ൽ 'മഹാത്മ' എന്ന നാമം ചേർത്തു വായിക്കുമ്പോൾ ഇതായിരുന്നു, A person with great soul.

സെന്റ് തോമസ് അക്വിനാസ് ഇതിനെ magnanimity-യെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. Extensio anima ath magna വലിയ കാര്യങ്ങളിലേക്ക് ആത്മാവിന്റെ പ്രയാണം എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. Stretching forth of the soul to great thing ഈവാനിയോസ് പിതാവിനെ മഹാത്മ എന്ന് വിശേഷിപ്പിക്കുവാൻ നമുക്ക് ഒരു ബുദ്ധിമുട്ടും ഇല്ല. വലിയ കാര്യങ്ങളിലേക്ക് ജീവിതത്തെ പ്രയാണം ചെയ്യുന്ന വ്യക്തിത്വമായിരുന്നു മാർ ഈവാനിയോസിന്റേത്. അങ്ങനെയുള്ള വ്യക്തിയെ അക്വിനാസ് വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. സ്വമഹത്വത്തെക്കാളും അപരന്റെ മഹത്വത്തെ ശ്രേഷ്ഠമായി കരുതുന്ന വ്യക്തിയാണ്. അതികഠിനമായ ത്യാഗത്തിലൂടെ കടന്നുപോകുന്ന വ്യക്തിയാണ്. ക്രാന്തദർശിയായ മാർ ഈവാനിയോസ് പിതാവിനെ 'മഹാത്മ' എന്ന് നമുക്ക് ധൈര്യപൂർവ്വം വിശേഷിപ്പിക്കാം. ആ മഹാത്മാവിന്റെ മുമ്പിൽ ശിരസ്സുകളെ വണങ്ങാം. ആ മഹാത്മാവിനോട് മധ്യസ്ഥം അപേക്ഷിക്കാം.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുമ്പോൾ ആ പുണ്യതാതന്റെ ജീവിതപാഠം നമ്മുടെ ജീവിതത്തിലും അന്വർത്ഥമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. സ്വാർത്ഥമായ ജീവിതം ഉപേക്ഷിച്ച് അപരന് പ്രാധാന്യം നൽകുന്ന ജീവിതത്തിലേക്ക് തിരിയുവാനും വീണ്ടും ഒരു പടികൂടി കടന്ന് ദൈവകേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുവാനും ക്രൈസ്തവരായ നമുക്ക് കഴിയണം. പുളിമാവ് മാവിനെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ ക്രൈസ്തവപുണ്യങ്ങളാൽ സമൂഹം നിറക്കുവാൻ നമുക്ക് സാധിക്കണം. അങ്ങനെ മാർ ഈവാനിയോസ് പിതാവിന്റെ ഭാരതമാനസാന്തരം എന്ന സ്വപ്നം സഫലമാക്കുവാൻ നമുക്ക് പരിശ്രമിക്കാം, പ്രയത്നിക്കാം.

●

www.malankaralibrary.com

# Leadership And Culture in Bethany:
## *Towards A Framework for Effective Life and Ministry*

**Fr. Mathew Manaluvila OIC**

## 1. Introduction

It is essential to create and uphold a certain culture for an organisation in order to accomplish the aim for which it was formed. The culture of any institution has an unseen force. It is largely invisible to the members just as the sea is invisible to the fish swimming it. Although it is a complex and abstract phenomenon, an organization's culture does diverse functions guiding the members and the organisation as a whole. First of all, culture has a boundary defining role, that helps to distinguish one organisation from other, similar to the personality of an individual, which distinguishes one person from others. Second, it gives a sense of identity for organizational members and it provides some insights into why individuals in organisations think, interact, and behave in different or similar ways. Third, an organisation's culture enhances stability by playing a significant role in an organization's effectiveness. Fourth, strong cultures can replace rules and regulations to function as a control mechanism to manage members behaviour. Fifth, culture helps organisational growth by facilitating the members to commit themselves to a larger cause than mere self-interests[1]. The purpose of this article is to provide readers with a better understanding of the organisational cultures of religious congregations in general and Bethany Ashram as a religious congregation in particular, in the light of the five key characteristics that were mentioned above, as adapted from the studies of organisational psychology and behaviour.

## 2. What is organisational culture?

Let me first define the perspective from which the study is framed before we talk about the cultural factors affecting religious groups. I would prefer the viewpoint of Edgar Schein, the principal proponent of the theory of organisational culture, who defined organisational culture as a pattern of shared basic assumptions learned by a group as it resolved its issues with external adaptation and internal integration and that have proven to be reliable enough to be passed down to new members as the proper manner to perceive, think, and feel in relation to those problems[2]. According to this definition, culture is the knowledge that a group acquires over time as it works to overcome its challenges to internal integration and survival in its environment. Behavioural, cognitive, and emotional processes all coexist in this type of learning. Culture is created over a long period of time and is founded on firmly held beliefs to which members are devoted. Members in organisations develop an overall

www.malankaralibrary.com

subjective perception throughout the course of their lifetimes, and this perception forms the culture of the organisation.

For our purposes, it is sufficient to state that any identifiable group with a common past can have a culture, and that there can consequently be numerous subcultures inside an organisation. There will be a general organisational culture if the organisation as a whole has shared experiences. However, it is entirely feasible to have cultures that are autonomous and even at odds with one another. The leadership of any organisation, including religious congregations where a culture of divine inspiration is encouraged, is responsible for determining how the organisation should handle problems with external adaptation and internal integration. This may be done by articulating the mission, selecting the best ministries and contexts for service, determining the members' core competencies, and putting the proper policies and structures in place.

**3. Why does organizational culture matter in Bethany Ashram?**

***First of all, culture has a boundary defining role, that helps to distinguish one organisation from other, similar to the personality of an individual, which distinguishes one person from others.***There are numerous religious groups affiliated with the Christian faith, each having a unique mission and organisational culture. There are other for-profit or non-profit organisations in India, with comparable social and legal standing like religious institutions. Like the majority of the religious organisations in the Church, which are commonly called religious congregations, Bethany Ashram is a Catholic religious congregation that receives divine inspiration. Spreading the good news of Jesus Christ was the divine inspiration (charism), the unique mission,provided to this congregation through its founder, Archbishop Mar Ivanios, and transmitted through its senior members. The members engage in this mission mandate by following Christ's life of prayer and service incommunities, and witness this mission mandate by living a life of chastity, obedience, and poverty imbibing aspects of eastern monastic and Indian ascetic ideals. The defining feature that sets Bethany Ashram apart from other religious or non-religious organisations should be a culture that supports this charism of evangelization. Creating a culture that promotes the evangelising charism is crucial for a congregation that was founded to foster this charism. In fact, this guiding principle ought to be the centre of all other different apostolates. This does not imply that the current value can never be changed. Still, it is important to keep in mind that it is challenging to alter or disregard the values, even when they seem unsuitable or unnecessary, because authority structures in religious congregations are largely built on the notion of divine inspiration.

www.malankaralibrary.com

There has been, however, long term inherent discrepancies in the life and witnessing of this traditional missionary focus in Bethany Ashram. Due to the numerous apostolic initiatives, members are unsure of the key focus, and they hold a variety of opinions on what constitutes authentic goals. On the kinds of activities, the congregation ought to do, the members have different perspectives. The leadership has also found it challenging to establish priorities because of the numerous goals that are currently in place (according to the various apostolates). In the process of achieving standards of excellence in different apostolic endeavours the dominant value has been overlooked. Another area of debate is whether to prioritise the needs of the congregation's own members or those of the institution or community it serves. A crucial first step in resolving these challenges would be to reaffirm its core cultural values.

***Second, it gives a sense of identity for organizational members and it provides some insights into why individuals in organisations think, interact, and behave in different or similar ways.*** During the training period (formation) the members in Bethany Ashram are primarily taught to discern the divine inspiration in their lives and to cooperate with that divine experience in their life and ministry. Yet, there is lack of a 'sense of identity' and there is ambiguity in the life and status of religious in their witnesses even after the constant emphasis on discernment during formation. There are members who, think, interact, and act differently in relation to the dominant value of the congregation. There may be many reasons for not following the dominant value. Members find it difficult to endorse the fundamental values due to the diverse ministerial focus, ministerial demands and administrative complexities. Because, the members are expected to perform their traditional functions and, at the same time, to exhibit knowledge of the secular world and conform to its norms, especially while administering institutions where majority of the religious in our congregation is involved. The growth of administrative complexity and formation given in priestly/ religious training may also produce different living and working patterns. In addition to trying to meet these many competing expectations, there is disappointment in the roles played by many religious as these roles are against the personal preferences. Few religious are filled with a vocational guilt for spending majority of the time in activities such as administrators, managers instead of preachers of the word of God, essential to the prime aim of our congregation. However, few others feel that their personal abilities make them more competent to perform some tasks rather than others and they present themselves authentic representations of religious life. A congregational culture built on core principles and supported by the leadership may be crucial in assisting the members in determining their main responsibility while carrying out various ministries, duties, and tasks. It might influence the group members to behave, engage, and think in line with the core value.

www.malankaralibrary.com





Fig: 1: *Leadership process in Bethany Ashram to maintain the culture of divine inspiration and discernment*; Source: HR: 217-219, pp.147-149

***Third, an organisation's culture has the potential to make the organisation stable through constant evaluations of effectiveness.*** There is little clarity surrounding the matter of evaluation and there are no practical methodologiesto assess the effectiveness of religious congregations. As of now, they are unresolved problems. There have been attempts to conduct periodical surveys, interviews, and discussions at Bethany Ashram to evaluate the effectiveness. Formal evaluation takes place on forums including council meetings, family gatherings, cluster meetings, and canonical visits. But are we certain about what has to be assessed? Should we assess the values of personal discernment and divine experience, or the services rendered by the members individually or collectively? Should we assess values with a divine origin or values with a social, cultural, and legal foundation?

Clarity in the authority of congregational structure and leadership styles are also required to assess effectiveness. Religious congregations usually follow a hierarchical structure. But at times the authorities prefer to be either bureaucratic, organic or democratic while maintaining the hierarchical structure in addressing issues and taking decisions. With regard to the leadership styles, there is also a concern about the way of dealing things, about lines of responsibility, about unnecessary expenditure on physical fabric or buildings, and about voting as a means of reaching decisions. It is also matter of debate whether the leaders are amenable to criticism, or do they respond to it by belittling the members and launching personal attacks?

www.malankaralibrary.com

Comparisons between religious organisations or with non-profit NGOs should not be made during the evaluation of effectiveness. Even though there are few similarities, it is out of place because there may be significant differences. Although most religious groups in the Catholic Church are led by divine inspiration, there may be differences in culture among them as well. Though religious congregations are also registered as trusts or societies, are referred to as non-profits, and are exempt from paying income tax, their cultures differ significantly from those of non-profit NGOs. Therefore, in order to turn a religious congregation's culture into a potential asset, the leadership must be attentive to establish evaluation criteria based on the fundamental culture before evaluating organisational effectiveness.

***Fourth, strong cultures can take the place of laws and rules as a sense-making and control mechanism that directs and moulds the attitudes and behaviour of the members.*** By establishing suitable standards for what members should say and do, organisational cultures serve as a social glue that keeps the organisation together instead of monotonous rules and regulations.

***Fifth, culture encourages people to dedicate themselves to a goal greater than their own self-interests, which supports organisational growth.*** Founder's missionary consciousness was the essential value of Bethany Ashram, and if the congregations' leadership wants to restore and prioritise it, it can do so by adopting some of the methods he promoted for its spread. Incorporating laypeople into our apostolic activities through *Bethany Thritheeyashram*, emphasising gospel preaching through *Bethany Suvishesha Sangham*, social responsibility through *Bethany Sannadha Seva Sangham*, and highlighting the distinctive Bethanian culture in institutions are all aspects of Bethanian culture, as the founder of the organisation did the same thing a century earlier. During change and growth, the congregation may face external challenges also. These external influences are occasioned by the linkage of the religious congregation to the larger social and ecclesial system. The particular Church with which the religious organisation is affiliated, the local community in which the organisation is located, the statutory bodies with which the different institutions of organisations are affiliated, and the work force as well as beneficiaries associated with the institutions all can exert influences. Therefore, leadership should uphold the founding values by putting aside personal interests and being conscious of the pressures from the external context in order to build and preserve the Bethany Ashram's fundamental culture.

### 4. Who can influence the culture in an organisation?

According to Edgar Schein, "the only thing of real importance that leaders do in an organisation is to create and manage culture; that the unique talent of leaders is their ability to understand and work with culture (Schein, 2004). In any organizations, founding leadership exert a major influence on their organizational culture. Founders resolve

www.malankaralibrary.com

uncertainty and ambiguity by imparting and implementing the strategy and structure needed to successfully adapt to the external environment and integrate internal processes. The founder's vision is regarded as the key element in determining the effective growth and stability of the organisation. Members are encouraged to identify with the founder's behaviour as a role model, internalising their beliefs, ideals, and assumptions as a result. However, it is also possible that founders values lose influence when organisations expand and evolve as a result of complex organisational structures and several subcultures[3]. The culture of an organisation is said to be strong when more members demonstrate the common features more frequently and with more devotion. A weak culture suggests that there is no alignment between the top leadership values and those of the organization's members. Well, many experts concur that building a consistent, strong culture for the entire organisation may not be the best idea as it expands. Sub cultures are important in such areas. Because at times subcultures need to be promoted, especially when a single organizational culture which is broad and ambiguous, fail to provide clear instructions to guide members' behaviour. In other words, subcultures are created within the parameters of an organization's culture as a more specific set of means to achieve effectiveness[4].

Religious congregations are divinely inspired but the inspiration is communicated through a founder and founders play key roles. Religious congregations can also have strong cultures, weak cultures and subcultures according to regions, ministries, clusters and provinces. In Bethany Ashram, the maintenance of the dominant values, the balancing of strong and weak cultures and managing of the subcultures are ultimately the responsibility of major superiors with their general councils and provincial councils. Major superiors can make use of two crucial social mechanisms, "shared experiences and community interaction" to preserve the foundation of integration and benefit from the diversity of differentiation in ministries. Sharing and highlighting the 'shared experiences' in creative community interactions promote harmony and lessen the prominence of organisational subculture disparities. Local communities, for instance, may develop separate subunits with distinct subcultures depending on the distinctions in the various ministries, such as education, charity, social service, mission, pastoral activities, and retreats. The major superior leaderships should synthesise and align the numerous subgroups within the organisation to realise benefits from the differentiated groups' complementary efforts, despite the fact that subcultures in provinces, clusters, or communities tend to interpret ambiguous situations distinctly, thereby reinforcing group differences.

**5. What is the best leadership style to promote a culture for congregations of divine inspiration?**

There is no one ideal leadership fit for divinely inspired religious communities. Different leadership philosophies are required according to various situations and contexts, which

www.malankaralibrary.com

may increase the congregation's effectiveness. In Bethany Ashram, transformational leadership appears to be the most appropriate leadership approach at present for current administrations when the cultural gaps mentioned above are taken into account. Bethany Ashram today lacks the fundamental cultural content or the foundational shared value 'missionary consciousness' of the founder, the basic assumption on which it is founded. Therefore, in order to fulfil the divinely inspired mission of Bethany Ashram, major superiors may adopt transformational leadership style which will help them to revisit the foundational charism of the congregation. Hence, Bethanian leadership at present should return to the different cultural elements that protected the missionary consciousness of the founder. This leadership style influence organizational culture in four instrumental ways[5]. First, they make significant decisions that affect the organization's apostolic activities, structure, and ministerial landscape. Second, they formulate or reiterate the compelling vision content and charismatically communicate the vision, thus inspiring followers to transcend self-interest and to identify with the organization's mission and goals. They do this by understanding the organization's history and projecting future behaviour that will be needed to achieve a desired level of performance. They also connect the vision with the organizations' past glories and contrast it with the organizations' past failures. Followers thus feel a sense of identification and commitment to the organization and perform beyond expectations. Third, transformational leaders pay attention to organizational effectiveness and aims and link it to the cultural values. They highlight and celebrate achievements as a means to reinforce the values, beliefs, and behaviours to their followers. Finally, leaders identify and appreciate members who successfully exemplify the cultural values. These members serve as role models who reinforce the organizational values and beliefs and their link with effective outcomes.

### 6. How can an effective organisational culture be sustained?[6]

#### a. Role modelling

In order to maintain the organisational culture in Bethany Ashram as a religious congregation, role modelling in the life of prayer and action while upholding the virtues of simplicity and interiority is an effective approach. This is done by usually the seniors, formators, leaders and more experienced in the organisation who guide, support and even mentor the juniors. When they lead by example, the new members and juniors can follow those actions with clarity and greater conviction.

#### b. Sense of community

Sense of community is enhanced through a sense of identity; the defining characteristic of organisational culture. The leadership must be aware of increasing this crucial aspect in religious organisations. It will assist the members in internalising the organization's principles and ideas. As a result, when the organisation values behaviour that is consistent

www.malankaralibrary.com

with its principles, normative commitment among the members grows. To maintain the culture that was transferred, Bethany's leadership must be vigilant so as not to overlook this fundamental principle of a sense of community.

**c. Articulation**

The founding cultural values, which typically come from the founder or the leader, should be clearly articulated by different means in order to be understood by others. If this doesn't happen, we witness the organisation functioning very well under the founding leaders and then declining in effectiveness once they are no more. The sharing of stories, rituals, tangible symbols, and language are frequent practices in organisations and should be followed to maintain the culture. These practices can also help religious communities pass forth culture to future generations. Many of the practices in the formation houses at Bethany Ashram need to be articulated and continued in all the communities. For instance, reading about Bethany's history and having discussions about it.

**d. Artifacts**

Artifacts are powerful tools through which the leaders can create bridges between values that are articulated, communicated and shared. Artifacts in religious congregations include written statements about the congregations vision, charism, mission and philosophy, the layout of the physical space and buildings, the leadership style, appointments, transfers and personal development, rites and rituals, inspiring stories about founders and members and events, past appreciation customs, evaluation standards, and the formal organisational structure. More effective promotion of the culturally significant artifacts should be done by Bethany's leadership.

**e. Reinforcement**

Religious congregations must have a system of appreciation for achievements, completion of different stages in life, to support and highlight the foundational values those members upheld.

**f. Vocation promotion and formation**

The vocation promotion and formation process of the religious congregations can be designed in such a way that there is a greater possibility of attracting vocations with real motivations.

**g. Penetration**

Leadership in religious congregations should ensure that the culture permeates thoroughly among the members on various levels, including sociological, psychological, historical, spiritual, and through artefacts.

www.malankaralibrary.com

### h. Consistency

The different elements of culture at various levels of visibility, articulation, manifestation and consciousness should be consistent among themselves and coherent as a set.

## 7. Conclusion

The current scenario in religious congregations in general and Bethany Ashram in particular, calls for the importance of shared values, shared presumptions, and community interactions, inspired by attentive leadership, which constitute the culture of the congregation. From the perspective of a member in a religious congregation, organisational culture is beneficial since it lessens uncertainty and improves and sense of identity and meaning. It explains how things are done and what matters in an organisation. The above-discussed ideas are related to general, accepted theories in the studies on organisational behaviour, organisational psychology and culture. In order to come to a consensus on the most vital factors influencing organisational culture in Bethany Ashram and to help the congregation get ahead of the difficulties of the time, more discussions and dialogue on this subject are therefore crucial.

## References

[1] Kummerow E. Organisational culture: concept, context, and measurement. New Jersey: World Scientific; 2014.

[2] Schein EH. Organizational Culture and Leadership. 2004;458.

[3] Freeman C, Burns T, Stalker GM. The Management of Innovation. Econ J [Internet]. 1969 Jun [cited 2022 Jul 6];79(314):403.

[4] Cameron KS, Quinn RE. Diagnosing and changing organizational culture: based on the competing values framework. Rev. ed. San Francisco: Jossey-Bass; 2006. 242 p. (The Jossey-Bass business & management series).

[5] Bass BM, Avolio BJ. Transformational Leadership and Organisational Culture. Public Adm Q [Internet]. 1993 [cited 2022 Jun 20];17(1):112–21.

[6] Sinha JBP. Culture and organizational behaviour. Los Angeles: SAGE; 2008. 426 p. (Sage texts).

www.malankaralibrary.com

# മാർ ഈവാനിയോസ്: ജാഗരൂകനായ അജപാലകൻ

ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.

കർത്താവായ യേശുമിശിഹായുടെ ഉത്ഥാനത്തിനുശേഷം യേശു തിബേരിയോസ് കടൽത്തീരത്ത് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട സംഭവം വളരെ മനോഹരമായിട്ടാണ് യോഹന്നാൻ ശ്ലീഹാ ചിത്രീകരിച്ചിരിക്കുന്നത്. അവിടെ കർത്താവ് പത്രോസിനോടു മൂന്ന് ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. ഇവരേക്കാളധികമായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്റെ കുഞ്ഞാടുകളെ മേയ്ക്കുക. പത്രോസ്, ഉവ്വ് കർത്താവേ എന്നു പറയുന്നു. അപ്പോൾ യേശു പറയുകയാണ് എന്റെ കുഞ്ഞാടുകളെ മേയിക്കുക. കർത്താവ് പത്രോസിനോട് ചോദിക്കുന്ന ചോദ്യം ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ? എന്നു ചോദിക്കുമ്പോൾ ഈ ഭൗതികമായ എല്ലാ സമ്പത്തിനേക്കാളും ഉപരിയായിട്ട് നിനക്കെന്നെ സ്നേഹിക്കാൻ കഴിയുമോ? എങ്കിൽ നീ എന്റെ കുഞ്ഞാടുകളെ മേയിക്കുക. ഈ അജപാലന ദൗത്യം വി.പത്രോസ് ഏറ്റെടുക്കുകയും ദൈവത്തെ സമ്പാദിച്ചുകൊണ്ട് ഏറ്റവും കൂടുതൽ സ്നേഹിച്ചുകൊണ്ട് ഈ അജപാലനദൗത്യം പൂർത്തീകരിക്കുകയും ചെയ്യുന്നതായിട്ട് വി.ബൈബിളിൽ നമ്മൾ കാണുന്നു.

മാർ ഈവാനിയോസ് എന്ന വലിയ താപസശ്രേഷ്ഠൻ മുണ്ടൻമലയിൽ ഇരുന്നുകൊണ്ട് ദൈവത്തെ സമ്പാദിച്ച ഒരു വലിയ വ്യക്തിത്വമാണ്. തന്റെ പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും ആത്മീയ നിറവുകൾ സമ്പാദിച്ച്, എല്ലാത്തിനേക്കാളും അധികമായി ദൈവത്തെ സ്നേഹിച്ച വ്യക്തിയായിരുന്നു മാർ ഈവാനിയോസ്. മുണ്ടൻമല വിട്ട് അദ്ദേഹം താഴേക്കിറങ്ങുമ്പോൾ അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളു. ആഗോളകത്തോലിക്കാ സഭയിൽ ആ കൂട്ടായ്മയിലേക്ക് വന്നുകൊണ്ട് അജഗണങ്ങളുടെ ഇടയനായി അജഗണങ്ങളെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരാനായി അദ്ധ്വാനിക്കുക എന്നതായിരുന്നു ആ ആഗ്രഹം. പുനരൈക്യമെന്ന് പിതാവ് കണ്ട സ്വപ്നം നമ്മൾ കാണുന്നതുപോലെ വസ്തുവകകൾ കൂട്ടുക, ആളുകളുടെ എണ്ണം കൂട്ടുക എന്നതിനേക്കാൾ ഉപരിയായിട്ട് ഒരു സ്നേഹത്തിന്റെ കൂട്ടായ്മ സ്ഥാപിക്കുക എന്നതാണ്. അതായത് എല്ലാവരേയും കർത്താവിന്റെ രക്ഷാകരപദ്ധതിയിലേക്ക് എത്തിക്കുക. എല്ലാവർക്കും കർത്താവിന്റെ സ്നേഹത്തിന്റെ രക്ഷ പകർന്നുകൊടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പക്ഷേ അദ്ദേഹത്തിന്റെ മുമ്പിൽ ദൈവസമ്പാദ്യമല്ലാതെ മറ്റൊന്നുമില്ലായിരുന്നു. ശൂന്യമായ അവസ്ഥ. സമ്പത്തില്ല, വസ്തുവകകളില്ല, ആളുകളില്ല, സ്ഥാപനങ്ങളില്ല, പള്ളികളില്ല, ഒന്നുമില്ലാത്ത ശൂന്യമായ അവസ്ഥ. ഇല്ലായ്മയിൽ നിന്ന് ദൈവത്തെ സമ്പാദിച്ചുകൊണ്ട് ദൈവജനത്തെ ശുശ്രൂഷിക്കുവാൻ അദ്ദേഹം പുറപ്പെട്ടു. അങ്ങനെ അദ്ദേഹം തന്റെ അടുത്തേക്ക് ധാരാളമാളുകളെ ഒന്നിച്ചുകൂട്ടി. അവർക്ക് ആവശ്യമായതൊക്കെ കൊടുക്കുവാൻ തുടങ്ങി. അവരെ ആത്മീയമായി വളർത്തുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ മുമ്പിൽ ഒന്നുമില്ലാതിരുന്നിട്ടും അദ്ദേഹം പതറിപ്പോയില്ല. പിതാവ് 1952-ൽ ഇടയലേഖനം എഴുതുമ്പോൾ 35-ാമത്തെ സങ്കീർത്തനം അവിടെ

www.malankaralibrary.com

ഉദ്ധരിക്കുന്നുണ്ട്. യഹോവയാണ് എന്റെ സങ്കേതം. ഞാൻ യഹോവയിൽ ആശ്രയിക്കും. ഈ ബോധ്യത്തോടെ അദ്ദേഹം തന്റെ അജഗണങ്ങളെ തേടിയിറങ്ങി. അങ്ങനെ മതങ്ങൾക്കപ്പുറം വർഗ്ഗത്തിനപ്പുറം ജാതികൾക്കപ്പുറം നിറത്തിനപ്പുറം സമ്പത്തിനപ്പുറം ദൈവത്തിന്റെ മക്കളെ കണ്ടെത്തി. അങ്ങനെ തന്റെ ദൗത്യത്തിലേക്ക് അദ്ദേഹം ചുവടുവച്ച് നീങ്ങി.

സുവിശേഷം നമ്മെ പഠിപ്പിക്കുന്ന മനോഹരമായ മറ്റൊരു ചിന്തയാണ് അജപാലനശുശ്രൂഷയിൽ നല്ല ഒരു ഇടയനാകുക എന്നത്. യേശു പഠിപ്പിച്ചു 'ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നവനാണ്. ആടുകളെ പേരുചൊല്ലി വിളിക്കുന്നവനാണ്. ആടുകളെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കുന്നവനാണ് നല്ല ഇടയൻ. എന്നാൽ കൂലിക്കാരനായ ഇടയനെക്കുറിച്ച് പറയുന്നുണ്ട്. കൂലിക്കുവേണ്ടി ജീവിക്കുന്നവന് ആടുകളുടെ ഗന്ധം എന്താണെന്നറിയില്ല, ആടുകളെ എങ്ങനെയുള്ളവരാണെന്ന് അറിയില്ല. അവന്റെ ലക്ഷ്യം കൂലി വാങ്ങുക എന്നതാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ഒരു നല്ല ഇടയനായി ആടുകളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അജഗണങ്ങളെ ക്രിസ്തുവിനുവേണ്ടി നേടിയെടുത്തു. അദ്ദേഹം ഇറങ്ങിത്തിരിച്ച മേഖലകളിൽ സമ്പത്തില്ല, മറ്റു സമ്പാദ്യങ്ങളില്ല. പക്ഷേ അദ്ദേഹം നല്ല ഒരു ഇടയനായിരുന്നു. വി.ബൈബിളിൽ നമ്മൾ വായിക്കുന്ന ഒരു ഉപമയുണ്ടല്ലോ. തന്റെ ജനത്തിന് കൃത്യസമയത്ത് ഭക്ഷണം കൊടുക്കുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ. മാർ ഈവാനിയോസ് പിതാവിന് ഈ തലത്തിലേക്ക് ഉയരുവാൻ സാധിച്ചു എന്നും നാം മനസ്സിലാക്കണം. പിതാവ് തന്റെ ജീവിതത്തിൽ ആത്മീയ മൂല്യങ്ങൾ നിലനിർത്തിയ വ്യക്തിയാണ്. അതു വെറും പ്രസംഗത്തിലൂടെ മാത്രമായിരുന്നില്ല, അനുഷ്ഠാനങ്ങളിൽ മാത്രമായിരുന്നില്ല, ആചാരങ്ങളിൽ മാത്രമായിരുന്നില്ല. മറിച്ച് നോമ്പ്, ഉപവാസം, ജാഗരണം, യാമപ്രാർത്ഥനകൾ, കൗദാശിക ജീവിതം അതിലെല്ലാം അദ്ദേഹം വളരെ ആഴത്തിൽ ശക്തി നേടിയെടുത്തു. ഒരു മനുഷ്യവ്യക്തിയുടെ ആത്മാവിന് ആത്മീയ ഭക്ഷണവും ശുദ്ധീകരണവും വേണം. കുമ്പസാരത്തിലൂടെയും കുർബാനയിലൂടെയുമൊക്കെ അതു വളരെ മനോഹരമായി ചിത്രീകരിച്ചുകൊണ്ട് ജനങ്ങൾക്ക് അത് വിളമ്പാൻ അദ്ദേഹത്തിന് സാധിച്ചു. അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതവും നോമ്പിലൂടെയും ഉപവാസത്തിലൂടെയും നേടിയെടുത്ത ആത്മീയത കണ്ട് ധാരാളമാളുകൾ പിതാവിന്റെ സന്നിധിയിലേക്ക് കടന്നുവന്നു. ഇവർക്കെല്ലാം പിതാവിന്റെ ആത്മീയമഹത്വം ദർശിക്കുവാൻ സാധിച്ചു.

പിതാവിന്റെ 69-ാം ഓർമ്മത്തിരുനാൾ നമ്മൾ ആഘോഷിക്കുന്ന ഈ സമയത്ത് നമ്മൾ കാണുന്ന മലങ്കര സഭ വളർന്നു പന്തലിച്ചിരിക്കുകയാണ്. അതിന്റെ കാരണമെന്താണ്? ഒരുനാൾ ഒരു ഗോതമ്പുമണിയായി നിലത്തുവീണഴുകിയ ഈ പിതാവിന്റെ ജീവിതം. നിലത്തുവീണ് സമർപ്പിക്കപ്പെട്ട ഒരു ജീവിതം. അത് ഫലം പുറപ്പെടുവിച്ചു. ധാരാളം ഫലം നൽകി. ഇന്ന് നാം കാണുന്ന ഈ സഭ, സ്വതന്ത്ര പരമാധികാരിമുള്ള ഒരുസഭ ഒരു കാതോലിക്കേറ്റ് സിംഹാസനമുള്ള ഒരു സഭ, ധാരാളം ഇടവകകൾ, രൂപതകൾ, അതിരൂപതകൾ, ആതുരസേവനപ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഇങ്ങനെ എത്രയെത്ര മേഖലകളിൽ സഭ ശോഭിക്കുകയാണ്. ഇതിന്റെയെല്ലാം പിറകിൽ ഈ നല്ല ഇടയന്റെ കൈകളുടെ ചലനം ശക്തമായിരുന്നു. ഈ നല്ല

www.malankaralibrary.com

ഇടയന്റെ ശബ്ദം പ്രവാചക ശബ്ദമായി പ്രതിധ്വനിച്ചതിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന സൗഭാഗ്യങ്ങളെല്ലാം. അതോടൊപ്പം ഓർക്കുക ഇന്ന് ബഥനി സന്ന്യാസി സമൂഹം എത്രമാത്രം വളർന്നു പന്തലിച്ചിരിക്കുന്നു. ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്ക് വളരുവാൻ ഇന്ന് സമൂഹത്തിന് കഴിഞ്ഞു. മുണ്ടൻമലയിൽ ഒരു ആശ്രമമായി മാത്രം ഒതുങ്ങാതെ ഇന്ന് 2 പ്രോവിൻസുകളും 56 ആശ്രമങ്ങളും 300 അംഗങ്ങളും ഉള്ള ഈ സമൂഹം ആഗോള സഭയിൽ ധാരാളം ശുശ്രൂഷകൾ ചെയ്തുവരുന്നു.

ഒരു ഗോതമ്പുമണിയായി ഈ മണ്ണിൽ വീണ പിതാവ് ഈ സമൂഹത്തെ തന്റെ കൈകളിൽ ഒരു ശില്പിയെപ്പോലെ പണിതുയർത്തി. ഇന്ന് ആത്മീയതയുടെ നിറകുടമായി ലോകത്തിൽ പ്രസരിക്കുന്ന ഒരു സമൂഹമായി നിലനില്ക്കുന്നു. അജപാലന ശുശ്രൂഷ നടത്തുന്ന നമ്മളൊക്കെയും ഇന്ന് വലിയ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടമാണ്. നമ്മൾ ഈ വെല്ലുവിളികൾ നേരിടുമ്പോൾ മാർ ഈവാനിയോസ് പിതാവ് നേടിയെടുത്ത ദൈവസമ്പാദനം നമ്മുടെ കൂടെയുണ്ടെങ്കിൽ ഈ വെല്ലുവിളികളെ നമുക്ക് അതിജീവിക്കാൻ സാധിക്കും. മാർ ഈവാനിയോസ് പിതാവിനെപ്പോലെ നല്ല ഒരു ഇടയനായി ജീവിക്കാൻ കഴിഞ്ഞാൽ നമുക്ക് അതിന് സാധിക്കും. നിലത്തുവീണ് ഒരു ഗോതമ്പുമണിപോലെ അഴിഞ്ഞാൽ എനിക്ക് ധാരാളം ഫലം പുറപ്പെടുവിക്കാം. മാർ ഈവാനിയോസ് പിതാവെന്ന വലിയ താപസന്റെ ഓർമ്മത്തിരുനാൾ ആഘോഷിക്കുന്ന ഈ സമയം അദ്ദേഹത്തിന്റെ നന്മകളും അദ്ദേഹത്തിന്റെ ജീവിതമാതൃകയും നമുക്ക് സ്വായത്തമാക്കാം. അതിലൂടെ ആ ജീവിതമൂല്യങ്ങൾ ഉൾക്കൊണ്ട് നമുക്ക് മുന്നേറാം.

നൂതനമായ ആദ്ധ്യാത്മിക തത്വങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് അറിയാവുന്ന സത്യങ്ങൾ വിശദമായി കാണുവാൻ ശ്രമിക്കുന്നതാകുന്നു.

ആദ്ധ്യാത്മിക തത്വങ്ങളുടെ ന്യായാന്യായങ്ങൾ ബുദ്ധികൊണ്ട് വ്യവഹരിക്കുന്നതിനേക്കാൾ നല്ലത് ആദ്ധ്യാത്മികസത്യം ഹൃദയംകൊണ്ട് രുചിച്ചുനോക്കി അതിന്റെ മാധുര്യം അനുഭവിക്കുന്നതാകുന്നു.

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# മാർ ഈവാനിയോസ്
# ഐക്യത്തിന്റെ നാട്ടിലേക്ക് നയിച്ച അഭിനവ മോശ

**ഫാ. ജോസഫ് വരമ്പുങ്കൽ ഒ.ഐ.സി.**

കാലദേശാന്തരങ്ങളെ വചനദീപ്തിയാക്കി പ്രോജ്ജ്വലിപ്പിച്ച മലങ്കരയുടെ സൂര്യതേജസ്സ് മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രത്തിലേക്ക് പ്രാർത്ഥനാപൂർവ്വം നമുക്ക് യാത്രയാകാം. മാവേലിക്കരയിൽ ജനിച്ച് മലങ്കരയിൽ വളർന്ന് മാർ ഈവനിയോസ് ദൈവീകസത്യം മനസ്സിലാക്കുകയും അതു പിന്തുടരുവാൻ - നിധി കണ്ടെത്തിയവനെപ്പോലെയും വിലയേറിയ രത്നം കണ്ടെത്തിയ വ്യാപാരിയെപോലെയും (മത്താ 13:44-46) തനിക്കുള്ളതെല്ലാം വിറ്റ് അതു സ്വന്തമാക്കിയവനെപ്പോലെ താൻ സ്വന്തമാക്കിയതെല്ലാം ഉപേക്ഷിച്ച് ദൈവീകസത്യം പുല്കി. ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നതുപോലെ - ഈ പുണ്യകാലം ചിലർ തല്പരകക്ഷികളിൽ നിന്നും പീഠകളും കുരിശും സഹിച്ച് - ഉത്ഥിതനായ ക്രിസ്തുവിനെപ്പോലെ വിജയശ്രീലാളിതനായി കത്തോലിക്കാ സഭയിൽ ഉയർത്തെഴുന്നേല്ക്കുകയും ആഗോളസഭയിൽ പ്രശോഭിക്കുകയും ചെയ്തു. വന്ദ്യപിതാവിനെ പരിശുദ്ധനെന്നു പറഞ്ഞ് വണങ്ങുന്ന ആ സുദിനം എത്രയും വേഗം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കാം. ഈ പുണ്യതാതന്റെ ജീവിതത്തിന്റെ ചില ഏടുകളിൽ കൂടെ യാത്ര ചെയ്യുവാനുള്ള ഒരു പരിശ്രമമാണ് ഈ ലേഖനം.

**കുടുംബപശ്ചാത്തലം**

മനുഷ്യന്റെ ആദ്യപാഠശാല അവന്റെ കുടുംബമാണ്. ജീവിതസംസ്കാരത്തിന്റെ ആദ്യാക്ഷരങ്ങൾ ഒരുവൻ കുടുംബത്തിൽ നിന്ന് സ്വന്തമാക്കുന്നു. മദ്ധ്യതിരുവിതാംകൂറിലെ മാവേലിക്കരയിലെ അതിപുരാതനമായ പണിക്കരുവീട്ടിൽ തോമ്മാ പണിക്കരുടെയും അന്നമ്മ പണിക്കരുടെയും മകനായി 1882 സെപ്റ്റംബർ 21-ാം തീയതി മാർ ഈവാനിയോസ് എന്ന കൊച്ചുഗീവർഗ്ഗീസ് ഭൂജാതനായി. നന്നേ ചെറുപ്പത്തിൽ തന്നെ ആ കൊച്ചുമനസ്സിൽ ദൈവത്തിന് സ്ഥിരപ്രതിഷ്ഠ നൽകിക്കൊണ്ട് ദൈവവുമായി ചങ്ങാത്തം സ്ഥാപിച്ചു. പരിശുദ്ധ അമ്മയുടെ അതീവ ഭക്തനായാണ് ആ ബാലൻ വളർന്നത്. പ്രാർത്ഥനയുടെ നിറവിലായിരുന്നു കൊച്ചു ഗീവർഗ്ഗീസിന്റെ ബാല്യം. പണിക്കർ കുടുംബത്തിന്റെ പ്രാർത്ഥനാ സംസ്കാരമാണ് മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതത്തിന്റെ അടിസ്ഥാനം. മാതാവിന്റെ ഗർഭപാത്രത്തിലെ വാസത്തിനിടയിൽ ആ മാതാവിൽ നിന്നും കിട്ടിയ പ്രാർത്ഥനയുടെ പിൻബലം ആ ജീവിതത്തിന്റെ പ്രാർത്ഥനാസംസ്കാരത്തിന് ബീജാവാപം നടത്തി. ആ അമ്മ മകനുവേണ്ടി പ്രാർത്ഥിക്കുന്നു. പ്രത്യുപകാരമായി മകനെ ദൈവതിരുമുമ്പാകെ സമർപ്പിക്കുന്നു. 'മരുന്നുവേണ്ട, പരുമല തിരുമേനിയുടെ അനുഗ്രഹം മതി' എന്ന് ആ ബാലൻ ചെറുപ്പത്തിൽ തന്നെ ഉറപ്പിച്ചു പറഞ്ഞുവെങ്കിൽ പ്രാർത്ഥനയുടെ ശക്തിയും ബലവും ആ മകൻ നന്നേ ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞു എന്നു വേണം കരുതുവാൻ.

**പൗരോഹിത്യ ദൈവവിളി**

പഴയ സെമിനാരിയുടെ ബോർഡിംഗ് വാസകാലത്ത് ചാപ്പൽ സൂക്ഷിപ്പുകാരനെന്ന് സഹപാഠികൾ വിളിച്ചപ്പോഴും മുറിയിലില്ലെങ്കിൽ ചാപ്പലിൽ നോക്കിയാൽ മതിയെന്ന്

www.malankaralibrary.com

സഹപാഠികളുടെ സാക്ഷ്യപ്പെടുത്തലിൽ വ്യക്തമാക്കുന്നത് ആ പ്രാർത്ഥനാജീവിതത്തിന്റെ ബഹിർസ്ഫുരണം തന്നെ. ദൈവസമ്പാദനത്തിനും ദൈവസേവനത്തിനുമായി തന്നെ പൂർണ്ണമായി തമ്പുരാനു സമർപ്പിച്ചുകൊണ്ട് 1908 ഓഗസ്റ്റുമാസം 15-ാം തീയതി വൈദികനായി അഭിഷിക്തനായി. സുറിയാനി സഭാ സമൂഹത്തിൽ നൂറ്റാണ്ടുകളോളം നിലനിന്നിരുന്ന മുറിവുകൾ സൗഖ്യമാക്കുന്നതിനും സുവിശേഷം യഥോചിതം പ്രഘോഷിക്കുന്നതിനുമായി 1929 ഫെബ്രുവരി മാസം 13-ാം തീയതി ബഥനി മെത്രാപ്പോലീത്തായായി അദ്ദേഹത്തെ നിയമിച്ചു. പ്രാർത്ഥനാരൂപിയിൽ സ്ഫുടം ചെയ്ത സംശുദ്ധ ജീവിതമായിരുന്ന ആ വന്ദ്യതാതന്റെ പൗരോഹിത്യമേല്പ്പട്ട ശുശ്രൂഷകൾ. വി.മർക്കോസിന്റെ സുവിശേഷം 6-ാം അദ്ധ്യായം 46-ാം തിരുവചനത്തിൽ നാം ഇപ്രകാരം കാണുന്നുണ്ട്. ആളുകളെ യാത്രപറഞ്ഞ് മലമുകളിലേക്ക് കയറി പ്രാർത്ഥിക്കുന്ന യേശുനാഥനെ. ആ യേശുനാഥന്റെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതത്തെ സ്വായത്തമാക്കിക്കൊണ്ട് ആശ്രമ-അരമന ചാപ്പലുകളിൽ രാത്രിയാമങ്ങളിലും കണ്ണീരോടെ തന്നെ ഭരമേല്പിച്ച അജഗണത്തിനായി ആ വന്ദ്യപിതാവ് പലപ്പോഴും പ്രാർത്ഥനാനിരതനായിരുന്നു. അനുഗ്രഹങ്ങളുടെ മുഖ്യധാരയായ കൂദാശകളെപ്പറ്റിയും അവ യഥോചിതം സ്വീകരിക്കുന്നതിനെപ്പറ്റിയും അദ്ദേഹം തന്റെ ജനങ്ങളെ ഉൽബോധിപ്പിച്ചു. തന്റെ പൗരോഹിത്യ ജീവിതത്തിലെ ഏറ്റവും വലിയ സംഭാവനയായിരുന്നു ഇത്.

**കരുണയുള്ള ഇടയൻ**

വി.കുർബാനയർപ്പണം യാമനമസ്കാരങ്ങൾ, വി.കുമ്പസാരം ഇവയെല്ലാം ആ പുണ്യപിതാവിന്റെ ജീവിതത്തിന്റെ ശക്തിസ്രോതസ്സായിരുന്നു. ദൈവമഹത്വത്തെയും ആത്മാക്കളുടെ രക്ഷയെയും മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളായിരുന്നു ആ ജീവിതം മുഴുവൻ. തത്ഫലമായി അനേകായിരങ്ങളെ ക്രിസ്തുവിലേക്കു നയിക്കുവാനുള്ള ചാലകശക്തിയായി തീരുവാൻ ആ വന്ദ്യപിതാവിന് സാധിച്ചു. മലങ്കര സുറിയാനി സമുദായത്തിന്റെ വളർച്ചയും ഉയർച്ചയും സാധ്യമാകുന്നതിനോടൊപ്പം സുവിശേഷപ്രഘോഷണം അതിന്റെ പൂർണ്ണതയിൽ പൂർത്തിയാകണമെങ്കിൽ വാക്കുകളും വാക്യങ്ങളും മാത്രം പോരാ, അപരന്റെ നന്മയ്ക്കായി തീരുന്ന കാരുണ്യപ്രവർത്തികളും സുകൃത നടപടികളും ഉണ്ടാകണമെന്ന ബോധ്യം അദ്ദേഹത്തിന് ഉണ്ടായി. ദൈവസേവനത്തെ ജീവിതപ്രമാണമാക്കിയവരും ദൈവത്തെ ഭക്തിയിൽ പരിപോഷിക്കപ്പെടുന്നതിനുമായുള്ള സമർപ്പിതരായ സ്ത്രീപുരുഷന്മാരുടെ സമൂഹമാണ് ആവശ്യമെന്ന ബോധ്യം അദ്ദേഹത്തിൽ രൂഢമൂലമായി. തൽഫലമായി ഭാരതീയ സന്ന്യാസ ക്രിസ്തീയ പാരമ്പര്യങ്ങളെ സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ട് ഭാരത സഭയിൽ ക്രിസ്തീയ സന്ന്യാസത്തിന് തുടക്കം കുറിച്ചു ആ യോഗിവര്യൻ.

**ഐക്യത്തിന്റെ പ്രവാചകൻ**

വി.പൗലോസിനെപ്പോലെ താൻ വിശ്വസിച്ചിരുന്നത് എന്തോ, തനിക്ക് ബോധ്യമായത് എന്തോ അതിനുവേണ്ടി തന്നെത്തന്നെ മുഴുവനും മുഴുവനായി വ്യയം ചെയ്തതിന് അരയും തലയും മുറുക്കിയിറങ്ങിയ കർമ്മധീരനായ യോദ്ധാവിനെയാണ് ആ പിതാവിൽ നമുക്ക് ദർശിക്കാൻ സാധിക്കുക. അതിലുപരി കരുണയും കാവലും കരുതലും വിളങ്ങിനിൽക്കുന്ന ഒരു നല്ലിടയന്റെ മനോഭാവം ആ പിതാവിൽ പ്രോജ്ജ്വലിച്ചു നിൽക്കുന്നു. കൂട്ടം തെറ്റിയ ആടിനെ തേടിപ്പോകുന്ന കരുണാമയനായ നല്ലിടയന്റെ മനോഭാവം ആ പിതാവിൽ നമുക്ക് ദർശിക്കാൻ സാധിക്കും. വിശ്വാസപ്രതിസന്ധിയിൽ നട്ടം തിരിഞ്ഞ അനേകായിരങ്ങളെ

www.malankaralibrary.com

സത്യവിശ്വാസത്തിലേക്ക് നയിച്ച നല്ല ഇടയൻ. സഭയിൽ നിന്നും സമൂഹത്തിൽ നിന്നും ശക്തമായ എതിർപ്പുകൾ നേരിട്ടപ്പോൾ എനിക്കു ദാഹിക്കുന്നു എന്ന യേശുനാഥന്റെ തീവ്രദാഹം മനസ്സിലാക്കി സ്വന്തം ജീവിതംകൊണ്ട് നാടിനു മോചനദ്രവ്യമായ സഹനദാസൻ. സമൂഹം ഭ്രഷ്ട് കല്പിച്ച അശരണരിലും അധകൃത ജനസമൂഹത്തിന്മേൽ സ്പന്ദിക്കുന്ന അനുഭാവിയായിരുന്നു ആ പുണ്യപിതാവ്.

ഈ പുണ്യപിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ നാം അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉൾച്ചേർന്നിട്ടുള്ള ഈ കരുതലിന്റെ, കാവലിന്റെ, കരുണയുടെ ഇടയമനോഭാവം നമുക്ക് സ്വായത്തമാക്കാം. മാർ ഈവാനിയോസ് പിതാവിന്റെ ആദർശങ്ങളും സിദ്ധികളും എല്ലാം സഭയ്ക്കു പ്രദാനം ചെയ്യുന്നു. സഭയിൽനിന്ന് സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് അനുഗ്രഹീതമെന്ന മനോഭാവം ഉൾക്കൊണ്ട് അദ്ദേഹത്തിനുള്ളതും അദ്ദേഹത്തിന്റേതുമായ എല്ലാം ഔദാര്യപൂർവ്വം ചെലവഴിച്ചു. സങ്കീർത്തകനോടൊപ്പം അദ്ദേഹവും പ്രാർത്ഥിച്ചിരുന്നു: "ഞാൻ എന്റെ കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നുവരുന്നു. എനിക്ക് സഹായം കർത്താവിൽ നിന്ന് വരുന്നു. ഒന്നുമില്ലാത്തവനായി മുണ്ടൻമല ഇറങ്ങിയ ആ താപസശ്രേഷ്ഠന് ദൈവം എല്ലാം നൽകി.

അടിമത്വദേശത്തുനിന്ന് ദൈവജനത്തെ പ്രശ്നങ്ങളുടെയും പ്രതിസന്ധികളിലൂടെയും വാഗ്ദത്ത ദേശത്തേക്ക് നയിക്കാൻ മോശയെ വിളിച്ചതുപോലെ ഭിന്നിപ്പിന്റെ അടിമത്വത്തിൽ നൂറ്റാണ്ടുകൾ കഴിഞ്ഞിരുന്ന മലങ്കര സഭയെയും മോചിപ്പിക്കുവാൻ ബഥനി മലയായ ഹോറെബിൽ നിന്ന് ദൈവം വിളിച്ച് കത്തോലിക്കാ സഭയാകുന്ന വാഗ്ദത്ത ദേശത്തേക്ക് കനാൻ നാട്ടിലേക്ക് നയിച്ച അഭിനവ മോശയും ഐക്യത്തിന്റെ പ്രഘോഷകനുമാണ് മാർ ഈവാനിയോസ് പിതാവ്. സഭയും സമൂഹവുമിന്ന് ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ഭൂതലത്തെക്കുറിച്ചുള്ള പിതാവിന്റെ സ്വപ്നമായ ഒരു തൊഴുത്തും ഒരു ഇടയനുമെന്ന ഭാഗ്യപ്പെട്ട അവസ്ഥയ്ക്കായി ഇന്ന് നമ്മെത്തന്നെ ഒരുക്കാം. അത് വന്ദ്യപിതാവിന്റെ ജീവിതാദർശങ്ങളെ നമ്മുടെ നെഞ്ചോടുചേർത്തുവച്ച് വാക്കുകളും വാക്യങ്ങളുമല്ല, അപരന്റെ നന്മയ്ക്കായി തീരുന്ന കാരുണ്യപ്രവർത്തികളും സുകൃത നടപടികളുംകൊണ്ട് നമുക്ക് പൂർത്തിയാക്കാം.

സ്വന്ത അഭിപ്രായങ്ങളും ആശയങ്ങളും ഉപേക്ഷിക്കണം.
സ്വന്ത അഭിരുചിയും ജീവിതക്രമവും ഉപേക്ഷിക്കണം.
സ്വന്തമായ പ്രവർത്തന പദ്ധതിയും സ്വന്ത ഇഷ്ടവും ഉപേക്ഷിക്കണം.
അനുസരണജീവിതം ദൈവസ്നേഹം നിമിത്തമുള്ള
അനുസരണമാകുന്നു.

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതവും ദൈവാശ്രയബോധവും

**ഫാ. ഡൊമിനിക്ക് സാവിയോ മൂഴിക്കര ഒ.ഐ.സി.**

ഒരിക്കൽ ഒരു ഗുരു ഭക്ഷണനേരത്തിൽ ശിഷ്യന്മാരോട് ചോദിച്ചു: "നിങ്ങളുടെ പാത്രത്തിൽ എന്താണ്?" ശിഷ്യന്മാർ പറഞ്ഞു: "ഇത് അപ്പമാണ്." ഗുരു ഒന്നും മിണ്ടിയില്ല. അദ്ധ്യയനം തുടർന്നു. നീണ്ട ആറുമാസങ്ങൾക്കൊടുവിൽ ഒരു ഭക്ഷണനേരത്തിൽ ഗുരു വീണ്ടും ചോദിച്ചു: "നിങ്ങളുടെ പാത്രത്തിൽ എന്താണ്?" ശിഷ്യന്മാർ പറഞ്ഞു: "ഇത് ദൈവദാനമാണ്." ഗുരു ഒന്നും മിണ്ടിയില്ല. അദ്ധ്യയനം തുടർന്നു. വീണ്ടും കുറേ മാസങ്ങൾക്കുശേഷം ഒരു ഭക്ഷണനേരത്തിൽ ഗുരു വീണ്ടും ചോദിച്ചു: "നിങ്ങളുടെ പാത്രത്തിൽ എന്താണ്?" ശിഷ്യന്മാർ പറഞ്ഞു: "ഇത് ദൈവമാണ്." അപ്പത്തിൽ നിന്നും അത് ദൈവദാനമാണെന്നും പിന്നീട് അത് ദൈവമാണെന്നും തിരിച്ചറിയുന്ന ആത്മബോധമാണ് പ്രാർത്ഥനാജീവിതം.

അനുഭവങ്ങളിൽ നിന്നും ആർജ്ജിച്ചെടുക്കുന്ന ജ്ഞാനത്തിലൂടെയാണ് ഒരാൾ ദൈവത്തെ കണ്ടെത്തേണ്ടത്. ഈ അനുഭവത്തിലേക്കാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ സന്ന്യാസജീവിതത്തിലൂടെയും സഭാജീവിതത്തിലൂടെയും കടന്നുവന്നത്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതമെന്നു പറയുന്നത് അനുഭവത്തിലൂടെ ആർജ്ജിച്ചെടുത്ത ജ്ഞാനത്തിൽ നിന്നും ദൈവത്തെ കണ്ടെത്തിയ ജീവിതമായിരുന്നു. 'നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന് കതകടച്ച് രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യങ്ങളറിയുന്ന പിതാവ് നിനക്കു പ്രതിഫലം' നൽകും (മത്താ. 6:6) ക്രിസ്തുവിന്റെ പ്രബോധനത്തിലെ പ്രാർത്ഥനയുടെ ഈ വലിയ നിയമമാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതത്തിന്റെ അടിസ്ഥാനവും ഉള്ളടക്കവും.

ക്രിസ്തുവിന്റെ ആത്മാവിന് അനുസൃതമായി നിരന്തരം നാം വ്യാപരിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുവാനും നമുക്ക് സാധിക്കുകയില്ല. പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നുണ്ട്: "ക്രിസ്തുവിന്റെ വഴിയിൽ വ്യാപരിക്കുന്ന ദൈവീകമായ അനുഭവമാണ് പ്രാർത്ഥനാജീവിതം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ക്രിസ്തുവിന്റെ വഴിയിലൂടെ, ദൈവീക പദ്ധതിയിലൂടെ നടക്കുവാൻ ആഗ്രഹിച്ചു. ആ വഴിയിൽ ദൈവത്തോടു ചേർന്നു നിൽക്കുവാൻ താൻ കണ്ടെത്തിയ ദൈവസാധനയുടെ മാർഗ്ഗമാണ് ദൈവാശ്രയബോധം. മാർ ഈവാനിയോസിന്റെ പ്രാർത്ഥനാസരണി പിതാവിന്റെ കർമ്മസരണികൂടിയായിരുന്നു. തന്റെ കർമ്മങ്ങളെയെല്ലാം പ്രാർത്ഥനയായി രൂപാന്തരപ്പെടുത്തുവാനുള്ള മാന്ത്രിക വിദ്യ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് കരഗതമായിരുന്നുവെന്ന് ജ്ഞാനദാസച്ചൻ കുറിച്ചു വച്ചിട്ടുണ്ട്. ധർമ്മവും പ്രാർത്ഥനയും തമ്മിലുള്ള വ്യത്യാസത്തെ എടുത്തുകളഞ്ഞ പ്രാർത്ഥനാനുഭവ ജീവിതമായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റേത്. അതുകൊണ്ടുതന്നെ ഈ പ്രാർത്ഥനാ ജീവിതത്തിന്റെ സവിശേഷതകൾ നിരവധിയാണ്.

**സ്വയപരിത്യാഗം**

ഒന്നാമതായി, ഇത് സ്വയപരിത്യാഗത്തിന്റെ അനുഭവമാണ് (An experience of self renunciation) ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥയായ ഗിരിദീപത്തിൽ സന്ന്യാസ സമൂഹസ്ഥാപനത്തിനു തൊട്ടുമുമ്പുള്ള തന്റെ ഹൃദയത്തിലെ വൈഷമ്യങ്ങളെക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് കുറിച്ചുവച്ചിരിക്കുന്നിടത്തു ഇങ്ങനെ പറയുന്നുണ്ട്:

www.malankaralibrary.com

“കളിമണ്ണുപോലെ ദൈവസവിധത്തിൽ ഞാൻ എന്റെ ഹൃദയത്തെ കുഴച്ചു വച്ചിരിക്കുന്നു. അതിന് ഏതുരൂപവും ആകൃതിയും അവിടുന്ന് വരുത്തുന്നതെന്നു നോക്കി ഞാൻ വാതിൽക്കൽ പിന്നിലായി മറഞ്ഞുനിൽക്കുന്നു.'' ഈ അനുഭവമാണ് സ്വയപരിത്യാഗത്തിന്റെ വിട്ടുകൊടുക്കലിന്റെ അനുഭവം. ഇതാണ് പ്രാർത്ഥനാജീവിതത്തിന്റെ ആദ്യപടിയും.

**മിശിഹാനുകരണ അനുഭവം**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതത്തിന്റെ ഈ സവിശേഷത നമ്മെ അടുത്ത പടിയായ മിശിഹാനുകരണാനുഭവ ജീവിതത്തിലേക്ക് നയിക്കുന്നു (An experience of the Imitation of Christ). മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതത്തിലെ രണ്ടാമത്തെ പ്രത്യേകത അതായിരുന്നു. താൻ ആരുടെ മുമ്പിൽ തന്നെത്തന്നെ സമർപ്പിച്ചുവോ ആ ദൈവത്തെ പൂർണ്ണമായിട്ടും അനുകരിക്കുവാൻ തന്റെ ഹൃദയത്തേയും ശരീരത്തേയും ആത്മാവിനേയും ഒരുക്കുന്ന ദൈവീകാനുഭവമായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥന.

**ആത്മീയ സ്നാനം**

മൂന്നാമതായി, ആ പ്രാർത്ഥനാ ജീവിതത്തിന്റെ സവിശേഷത ആത്മാവിന്റെ സ്നാനമാണ് (An Experience of self sanitation). തന്റെ ആത്മാവിന്റെ പാപമാലിന്യങ്ങളെ കഴുകിക്കളഞ്ഞ് ദൈവീകകൃപയിൽ തന്നെതന്നെ നിറയ്ക്കുന്ന അനുഭവമാണ്. ആ ആത്മീയ സ്നാനത്തിന്റെ വഴിയിലൂടെ തന്റെ സന്ന്യാസ ജീവിതത്തെയും സഭാജീവിതത്തെയും സാമൂഹിക ജീവിതത്തെയും ദൈവത്തോടു ചേർത്തുനിർത്തുവാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനു കഴിഞ്ഞു. വിശുദ്ധ കുമ്പസാരമെന്ന പുസ്തകത്തിലാണ് ഈ അനുഭവത്തെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വരച്ചു വച്ചിരിക്കുന്നത്.

**സ്നേഹവിരുന്ന്**

നാലാമതായി, ആ പ്രാർത്ഥനാ ജീവിതത്തിന്റെ സവിശേഷത സ്നേഹത്തിന്റെ വിരുന്നുണ്ണുകയാണ്. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പുസ്തകത്തിലാണ് സ്നേഹവിരുന്നിന്റെ ആസ്വാദ്യതയെക്കുറിച്ച് ആ അനുഭവതലത്തേക്കുറിച്ച് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വിവരിക്കുന്നത്. ആ പ്രാർത്ഥനാജീവിതം ഈശോയുടെ തിരുശരീര രക്തങ്ങൾ ഭുജിക്കുന്ന, ആസ്വദിക്കുന്ന ദൈവീകമായ അനുഭവാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ ക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് നടത്തുന്ന ഒരു പ്രസംഗത്തിൽ ഇങ്ങനെ പറയുന്നുണ്ട്: മനുഷ്യന്റെ ശരീരത്തോട് തന്റെ ശരീരത്തെ ചേർത്തുവയ്ക്കുവാൻ, മനുഷ്യന്റെ ആത്മാവിനോട് തന്റെ ആത്മാവിനെ ചേർത്തുവയ്ക്കുവാൻ അവൻ മനുഷ്യനായിട്ട് മാറി. മനുഷ്യനായ ദൈവം തന്റെ തിരുശരീരരക്തങ്ങൾ നൽകുന്നത് പൂർണ്ണമായും ആ മനുഷ്യനെ ഉൾക്കൊള്ളുന്നതിനു വേണ്ടിയിട്ട് തന്നെയാണ്. ഈ ദൈവാനുഭവത്തിന്റെ ഒന്നുചേരലാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതം.

**പുനരൈക്യം**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനാജീവിതത്തിന്റെ മറ്റൊരു സവിശേഷത പുനരൈക്യമാണ്. പുനരൈക്യമെന്ന പദം വാച്യാർത്ഥത്തിൽ സഭൈക്യമാണെങ്കിൽ അതിന്റെ വ്യംഗാർത്ഥമെന്നു പറയുന്നത് ദൈവവുമായിട്ടുള്ള ഐക്യമാണ്. ഒരു മനുഷ്യൻ ദൈവത്തോടു ചേരുന്ന ഏറ്റവും വലിയ അനുഭവമാണ് ദൈവസംസർഗ്ഗത്തിന്റെ ഈ അനുഭവം. ഇതാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പറഞ്ഞുവയ്ക്കുന്നത്, ദൈവസേവനത്തേ ക്കാൾ അത്യുത്തമം ദൈവസമ്പാദന'മാണ്. വ്യഗ്രചിത്തയായ മാർത്തയോട് തമ്പുരാൻ

www.malankaralibrary.com

ഇങ്ങനെയാണ് പറയുന്നത്: ഒന്നുമാത്രമേ ആവശ്യമുള്ളു, ഒന്നുമാത്രമായി ഒന്നിനെ മാത്രം തെരഞ്ഞെടുക്കുന്ന ദൈവീകാനുഭവമാണ് ദൈവസമ്പാദനത്തിന്റെ ദൈവസംസർഗ്ഗത്തിന്റെ അനുഭവം.

ഈ പ്രാർത്ഥനാനുഭവത്തിന്റെ വിവിധ സവിശേഷതകളെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് കോർത്തിണക്കിയാണ് ഭജനധ്യാനമെന്ന തന്റെ ദൈവാനുഭവ വഴികളെ മാർ ഈവാനിയോസ് പിതാവ് സന്ന്യാസജീവിതസഹായിയിൽ വരച്ചിടുന്നത്.

ആഗോളസഭയിൽ വി.ഇഗ്നേഷ്യസ് ലെയോളയുടെയും അമ്മത്രേസ്യയുടെയും കുരിശിന്റെ വിശുദ്ധ യോഹന്നാന്റെയും വിശുദ്ധ ബസേലിയോസിന്റെയും വിശുദ്ധ ബനഡിക്ടിന്റെയും വിവിധങ്ങളായ ധ്യാനമാർഗ്ഗങ്ങൾ ഉള്ളപ്പോൾ ഈ അനുഭവങ്ങളോടു കൂടിച്ചേർന്നുകൊണ്ട് ആഗോളസഭയ്ക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സംഭാവനയാണ് ഭജനധ്യാനം. ദൈവത്തെ കണ്ടെത്തുവാൻ ആർഷഭാരത സംസ്കാരത്തിന്റെ വഴികളെയും സുറിയാനി ആരാധനാ പാരമ്പര്യത്തിന്റെ വഴികളെയും സന്ന്യാസ ജീവിതാനുഭവങ്ങളെയും കൂട്ടിച്ചേർത്തുകൊണ്ടാണ് ഭജനധ്യാനം ക്രമീകരിച്ചിരിക്കുന്നത്. അത് വെറുമൊരു ധ്യാനയോഗമല്ല മറിച്ച് അതൊരു ജീവിതാനുഭവവും ജീവിതാവസ്ഥയുമായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമുക്ക് നൽകി. തപസ്സിന്റെയും ത്യാഗത്തിന്റെയും വഴികളിലൂടെ ദൈവത്തിൽ എത്തിച്ചേർന്ന് ദൈവവുമായിട്ട് ഒന്നായി മാറുന്ന ഐക്യത്തിന്റെ അനുഭവമാണ് ഈ ഭജനധ്യാനത്തിലൂടെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമുക്ക് പറഞ്ഞുതരുന്നത്.

പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ പിതാക്കന്മാർ ഉപയോഗിക്കുന്ന ഒരു പദമുണ്ട് 'തെയോസിസ്.' തെയോസിസ് എന്ന വാക്കിന്റെ അർത്ഥം Making Divine എന്നാണ്. ഒരു മനുഷ്യൻ തന്റെ ജീവിതത്തിലൂടെ തന്നെത്തന്നെ ദൈവികമാക്കി മാറ്റുന്ന അനുഭവമാണ് തെയോസിസ്. തെയോസിസിനോടു ചേർന്നു നിന്നുകൊണ്ട് പിതാക്കന്മാർ കുറിച്ചുവയ്ക്കുന്ന ഒരു പദമാണ് *കതാർസിസ്* (Purification of mind and body). മറ്റൊരു പദമാണ് *തെയോറിയ* (Illumination with the vision of God) ദൈവീകാനുഭവത്തിന്റെ വ്യത്യസ്ഥമായ പടികളെക്കുറിക്കുന്ന ഈ പദങ്ങൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ ഭജനധ്യാനത്തോടു ചേർത്തു വച്ചു എന്നാണ്. ഒരു മനുഷ്യനെ ദൈവീകമാക്കുന്ന ദൈവീകമായ അനുഭവങ്ങളുടെ വിവിധ പടികളായി തിയോസിസും കതാർസിസും തെയോറിയും ഒക്കെ ഉൾക്കൊള്ളുന്ന അനുഭവചിത്രമാണ് മാർ ഈവാനിയോസ് എന്ന മഹാനുഭാവന്റെ അനുഭവചിത്രം.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ ആശ്രമ പ്രസ്ഥാനങ്ങളുടെ സ്ഥാപകനായിട്ടും വിദ്യാഭ്യാസവിചക്ഷണനായിട്ടും സാമൂഹ്യപരിഷ്കർത്താവായിട്ടും ഒക്കെ നാം ചിത്രീകരിക്കുമ്പോൾ ആ അഭിവന്ദ്യ പിതാവിന്റെ ഏറ്റവും ശോഭയേറിയ രൂപം ഈ പ്രാർത്ഥനാനുഭവത്തിന്റെ രൂപമാണ്. ബഥനി മലയിലെ സമാധിയിൽ നിന്നും ഒരു പുഴു അനുഭവത്തിൽ നിന്നും മലങ്കര കത്തോലിക്കാ സുറിയാനി സഭ എന്ന് ആ ശലഭാനുഭവത്തിലേക്ക് മാർ ഈവാനിയോസിന്റെ ജീവിതചക്രം തിരിഞ്ഞു. അങ്ങനെയാണ് ഈ കാലത്തെ വിശുദ്ധീകരിക്കുവാൻ മാർ ഈവാനിയോസ് പിതാവിന് കഴിഞ്ഞത്.

ഒരു പുഴു അനുഭവത്തിൽ നിന്നും ശലഭാനുഭവത്തിലേക്ക് നമുക്കും പ്രവേശിക്കാം. മാർ ഈവാനിയോസ് പിതാവിന്റെ കാലടികളെ പിന്തുടർന്ന് വരുന്ന നമുക്ക് ഈ ദൈവീകാനുഭവത്തിന്റെ വഴിയിലൂടെ നമ്മുടെ ജീവിതങ്ങളെ വിശുദ്ധീകരിക്കാം. ഈ കാലത്തെ വിശുദ്ധീകരിക്കാം. ഈ സമൂഹത്തെ നവീകരിക്കാം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം നമ്മെ ബലപ്പെടുത്തട്ടെ.

www.malankaralibrary.com

# മാർ ഈവാനിയോസും ഭാരതീയ സന്ന്യാസദർശനങ്ങളും

**ഫാ. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി.**

കൊറോണയെന്ന മഹാവിപത്തിന്റെ കാലത്താണ് 'ലോക്ഡൗൺ' എന്ന പദത്തിന് പ്രചാരം ലഭിച്ചത്. 100 വർഷം മുമ്പ് 'ലോക്ഡൗൺ' ജീവിതത്തിൽ പകർത്തിയ ഒരു ആചാര്യൻ തന്റെ തപസിന്റെ ആഴത്തിൽ നിന്നും ഒരു സന്ന്യാസപ്രസ്ഥാനത്തിന് രൂപം കൊണ്ടതാണ് 'ബഥനി ആശ്രമം'. അതിൽ നിന്നും ഉയിർകൊണ്ടതാണ് മലങ്കര കത്തോലിക്കാ സഭ. മുണ്ടൻമലയുടെ മൗനത്തിന്റെ ആഴത്തിൽ ആർഷഭാരതസന്ന്യാസം നെഞ്ചിലേറ്റിയ മാർ ഈവാനിയോസ് എന്ന മഹാഗുരു. മൗനത്തിന്റെയും തപസിന്റെയും ധ്യാനത്തിന്റെയും ആഴം കണ്ടെത്തിയത് ഭാരതത്തിന്റെ സന്ന്യാസത്തിന്റെ അടിത്തറയിൽ ചവിട്ടിനിന്നാണ്. അന്നുവരെ ക്രൈസ്തവർ സ്വന്തംജീവിതത്തിൽ ചേർത്തുവയ്ക്കാതിരുന്ന ഭാരതീയ സന്ന്യാസം ധൈര്യപൂർവ്വം മാർ ഈവാനിയോസ് എന്ന ആചാര്യൻ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി. കാവിയും താടിയും സസ്യാഹാരവും ഭാരതീയരുടെ പ്രതിഫലനമായി മാർ ഈവാനിയോസ് എന്ന മഹാഗുരുവിൽ പരിലസിച്ചു.

'കാമ്യാനം കർമ്മണാം ന്യാസം സന്ന്യാസം
കവയോ വിദുഹ സർവ്വകർമ്മഫലത്യാഗം
പ്രാഹിസ്ത്യാദം വിചിക്ഷിണ'

എന്ന ഭഗവത്ഗീതാ വാക്യം തന്റെ ജീവിതശൈലിയായി പിതാവ് സ്വീകരിച്ചു. കാമ്യകർമ്മങ്ങളെ ഉപേക്ഷിച്ചും കർമ്മങ്ങളുടെ ഫലം പ്രതീക്ഷിക്കാതെ നന്മ ചെയ്തും ഗീതയിലെ സന്ന്യാസത്തെ ക്രൈസ്തവരുടെ മുമ്പിൽ അവതരിപ്പിക്കുകയായിരുന്നു തന്റെ ജീവിതത്തിലൂടെ മാർ ഈവാനിയോസ് പിതാവ്. വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുതെന്ന ക്രിസ്തുവചനവും ഇതിൽനിന്ന് വ്യത്യസ്തമല്ല. സസ്യാഹാരം ജീവിതക്രമമാക്കുവാൻ ഭാരതീയ സന്ന്യാസത്തോടൊപ്പം ഉത്പത്തി പുസ്തകം 1-ാം അദ്ധ്യായം 30-ാം വാക്യത്തിൽ പറയുന്ന ജീവശ്വാസമുള്ള സകലതിനും ആഹാരമായി ഹരിതസസ്യങ്ങൾ ഞാൻ നൽകിയിരിക്കുന്നു എന്ന വാക്യവും പിതാവിനെ സ്വാധീനിച്ചിരിക്കാം. മനുസ്മൃതികാരന്റെ സന്ന്യാസിയും മത്തായി സുവിശേഷത്തിലെ ശിഷ്യനും മാർ ഈവാനിയോസ് എന്ന സന്ന്യാസശ്രേഷ്ഠനിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതായി കാണാം. നിങ്ങളുടെ അരപ്പട്ടയിൽ സ്വർണ്ണമോ, വെള്ളിയോ, ചെമ്പോ കരുതിവയ്ക്കരുത്, യാത്രയ്ക്ക് സഞ്ചിയോ, രണ്ട് ഉടുപ്പുകളോ, ചെരിപ്പോ, വടിയോ കൊണ്ടുപോകരുത് എന്ന് മത്തായി സുവിശേഷം 10-ാം അദ്ധ്യായം 9-ാം വാക്യത്തിൽ നാം കാണുന്നു. മനുസ്മൃതി 6-ാം അദ്ധ്യായം 44-ാം ശ്ലോകത്തിൽ ഭിക്ഷയ്ക്കുവേണ്ടിയുള്ള പാത്രവും മരവുരിയും എല്ലാവരിലും ബ്രഹ്മബുദ്ധി, ഇത്രയുമാണ് സന്ന്യാസിയുടെ സ്വത്ത്. അയാൾ ആരെയും ത്യജിക്കുന്നില്ല, ആരാലും ത്യജിക്കപ്പെടുന്നില്ല. ഈ ഭാരതീയ സന്ന്യാസ ദർശനമാണ് മണ്ണിന്റെ നിറമുള്ള കാവിവസ്ത്രം ധരിച്ച് ജീവിതത്തോടു ചേർത്തു പിടിക്കാൻ പിതാവ് തന്റെ അനുയായികളെ പഠിപ്പിച്ചത്.

www.malankaralibrary.com

യമ-നിയമ-ആസന-പ്രാണായാമ-പ്രത്യാഹാര-ധാരണ ധ്യാനത്തിലൂടെ സമാധിയിലെത്തുന്ന അഷ്ടാംഗയോഗിയും പിതാവിന് സുപരിചിതമായിരുന്നു എന്ന് ജീവിതക്രമം നമ്മെ ഓർമ്മിപ്പിക്കുന്നു. മലയിലും താഴ്വരയിലും നിരന്തരം പിതാവിനോട് സംസാരിച്ചുനടന്ന ക്രിസ്തുവിന്റെ നേർപ്പകർപ്പ് മുണ്ടൻമലയുടെ നിറുകയിൽ മൗനത്തിന്റെ ആഴത്തിൽ തപസ്സിലായിരിക്കുന്ന മാർ ഈവാനിയോസ് എന്ന മാമുനീന്ദ്രനിൽ നമുക്ക് കാണാം. ക്രിസ്തുവിൽ മാത്രം ശരണം പ്രാപിച്ച് തന്റെ ജീവിതം മുഴുവനും സന്ന്യാസത്തിലൂടെ ദൈവത്തിനു സമർപ്പിച്ച ലോകത്തിന്റെ മുമ്പിൽ സൂര്യനെപ്പോലെ പ്രകാശിച്ചു നിൽക്കുന്ന യോഗീവര്യനാണ് ദൈവദാസൻ മാർ ഈവാനിയോസ്.

ഓർമ്മയുടെ മിഴിച്ചെപ്പുകൾ തുറക്കുമ്പോൾ നമ്മുടെ പാദങ്ങൾ ഇടറാതെ പിതാവിന്റെ വഴിയിലൂടെ നടക്കാൻ പരിശ്രമിക്കാം. മൗനവും തപസ്സും ധ്യാനവും നെഞ്ചോടു ചേർത്തു പിടിക്കുമ്പോഴും കർഫലത്തെ ആഗ്രഹിക്കാതെ സഹജീവികൾക്ക് കരുണയുടെ കടലായി മാറിയ ജീവിതമാതൃക നമുക്ക് പിന്തുടരാം. സഹജീവികളോടു ചേർന്നു നടക്കുമ്പോഴും തമ്പുരാന്റെ കൈയിൽ നിന്നും കൈയ് ഊർന്നുപോകാതെ ശ്രദ്ധാപൂർവ്വം ശരണം ക്രിസ്തുവിൽ മാത്രമാക്കിയ മാമുനീന്ദ്രന്റെ ഓർമ്മയ്ക്കുമുമ്പിൽ സാഷ്ടാംഗപ്രണാമം!

മാർ ഈവാനിയോസ് എന്ന മഹാഗുരുവിന്റെ അനുഗ്രഹം സമൃദ്ധിയായി ഉണ്ടാകട്ടെ എന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു. ആർഷഭാരതത്തിന്റെ മഹാഗുരു മാമുനീന്ദ്രൻ മാർ ഈവാനിയോസ് പിതാവിന്റെ പദയാത്രയെ ഹൃദയംകൊണ്ട് അനുധാവനം ചെയ്യാം.

ജഗദീശ്വരൻ നമ്മെയെല്ലാം ധാരാളമായിട്ട് അനുഗ്രഹിക്കട്ടെ. ●

**ഇതര കാര്യങ്ങളെല്ലാം വിട്ട്**
**കർത്താവിനോട് ഏറ്റം അടുത്ത് പാർക്കുന്നതിനായി**
**വേർതിരിച്ച് നയിക്കുന്ന ദിവസത്തിന് ശാന്തിദിനം**
**എന്നു പറയുന്നു. ശാന്തിദിനത്തിന്റെ പ്രഥമോദ്ദേശ്യം**
**ദൈവസംസർഗ്ഗവും കൃപസമ്പാദനവും**
**ആത്മശാന്തിയുമാകുന്നു.**

*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# ബഥനിയിലേക്കുള്ള ആ യാത്രയിൽ...

**ഡാനി ബഥാന്യൻ**

വിജനതയിൽ നടപ്പ് തുടങ്ങിയിട്ട് നേരമേറെയായി...
അവർ നടന്നു തളർന്നിരിക്കുന്നു...
ഏറെ നേരമായി യാത്ര തുടരുന്നതിനാൽ ചിലർ പരവശരുമായിരുന്നു...
ക്ഷീണം നിഴലിക്കുന്ന സഹയാത്രികരുടെ മുഖത്തേക്ക് നോക്കിയപ്പോൾ അവരുടെ നേതാവിന് വിഷമം...
തലേ ദിവസം രാത്രിയിലാരംഭിച്ച യാത്ര അല്പം ക്ലേശകരമായിരുന്നു...
വഴിയിൽ സത്രമന്വേഷിച്ചു,
ലഭ്യമായിരുന്നില്ല...
കൂട്ടത്തിൽ കൂടിയ സ്ത്രീ ജനങ്ങൾ നന്നേ വലഞ്ഞിരുന്നു...
കുട്ടികൾ പാതി വഴിയിൽ തളർന്നു വീണു...
അവരെ തോളിലേറ്റിയാണ് പലരും ഇത്രയും ദൂരം സഞ്ചരിച്ചതും...
ഇനിയാവില്ല...
വരുന്ന വഴിയിൽ കുടിവെള്ളത്തിനായി ആഗ്രഹിച്ചുവെങ്കിലും,
പല വീടുകളും കൃഷിയിടങ്ങളും തോട്ടങ്ങളും അവർക്കു മുമ്പിൽ അടഞ്ഞു കിടന്നു...
ദൂരെയായി ഒരു ഗ്രാമം കാണുന്നു...
യാത്രികരുടെ കണ്ണുകൾ തിളങ്ങി...
ആരോ വിളിച്ചു പറഞ്ഞു,
'ഗുരോ, ദാ ആ കാണുന്ന ഗ്രാമത്തിലേക്ക് കയറാം. അല്പം വിശ്രമിക്കണം, ഏവരും തളർന്നു'.
നേതാവ് തിരിഞ്ഞ് സഹയാത്രികരെ നോക്കി, ശരിയാണ് മടുത്തിരിക്കുന്നു...
പലർക്കും മുന്നോട്ട് നീങ്ങാൻ ത്രാണിയില്ല...
അകലെ കാണുന്ന ആ ഗ്രാമത്തിലേക്ക് അവന്റെ കണ്ണുകൾ നീണ്ടു...
പച്ച പരവതാനിപോലെ വയലുകൾ...
പശുമാടുകൾ മേയുന്ന വീടുകൾ...
ബഥാനിയ എന്ന നാമഫലകം തെല്ലകലെയായി കാണാം...
ദീർഘദൂര യാത്രയുടെ ക്ഷീണം പല മുഖങ്ങളിൽ നിന്നും മായുന്നതുപോലെ,
ആശ്വാസത്തിന്റെ തെന്നൽ അവരെ പുണരുംപോലെ...
അവിടെ ഒരു വീടിന്റെ മുമ്പിൽ നല്ല തിരക്ക്...
പരിചിതമായ ഗ്രാമം, ഇതിനു മുമ്പ് പല തവണ വന്ന് വിശ്രമിച്ച യാത്ര തുടർന്ന ലാസറിന്റെ ഭവനമുള്ള ഗ്രാമം...
ഇവർക്കെന്തോ മനസിലാകാത്തതാണോ?
'കൂട്ടരെ മറന്നുപോയോ ലാസറിന്റെ ഭവനം...

www.malankaralibrary.com

അവർ ആ ഭവനം ലക്ഷ്യമാക്കി നടന്നു തുടങ്ങി...
'ലാസറിന്റെ ഭവനം'
എന്നത്തേയും പോലെ നേതാവ് ലാസറിനെ കാര്യം ധരിപ്പിച്ചു...
പുഞ്ചിരി വിരിഞ്ഞ ലാസറിന്റെ മുഖം കണ്ടമാത്രയിൽ പലരിലും ആശ്വാസത്തിന്റെ നെടുവീർപ്പുയർന്നു.
മർത്താ...
മറിയാം...
ലാസർ പുരയ്ക്കുള്ളിലേക്ക് നോക്കി വിളിച്ചു...
രണ്ട് സഹോദരിമാർ നിറപുഞ്ചിരിയോടെ ഇറങ്ങി വന്നു...
'ഇവർക്കാവശ്യമുള്ളത് നിവർത്തിയാക്കി കൊടുക്കുക'
ലാസർ തുടർന്നു,
'മർത്താ,
ഇന്ന് യേശു വരുമെന്ന് പറഞ്ഞിട്ടുണ്ട്,
യേശുവിനും ശിഷ്യർക്കും ഭക്ഷണമൊരുക്കണം'
നേതാവ് ലാസറിന്റെ അടുത്തേക്ക് നടന്നു...
'നിങ്ങൾ ഇപ്പോൾ പറഞ്ഞത് മറിയത്തിന്റെ മകൻ നസ്രായനായ യേശുവിനെ പറ്റിയാണോ.'
'അതെ.'
'കഴിഞ്ഞ ദിവസം അവന്റെ പ്രസംഗം കേൾക്കാനിടയായി,
എന്ത് തീക്ഷ്ണതയാണ് അവന്റെ വാക്കുകൾക്ക്...
ഞങ്ങളിലൊരുവന്റെ കാഴ്ചശക്തി തിരികെ ലഭിക്കുകയും ചെയ്തു...
അവനെ വീണ്ടും കാണാനാകും എന്ന് പ്രതീക്ഷിച്ചില്ല...'
'ചങ്ങാതി,
നിങ്ങൾ ഇപ്പോൾ വിശ്രമകിക്കൂ. എന്താവശ്യമുണ്ടെങ്കിലും ചോദിക്കാൻ മടിക്കരുത്...
ഞങ്ങളുടെ ആതിഥികളാണ് നിങ്ങൾ...
സ്വന്തം ഭവനംപോലെ കരുതി താമസിക്കുക...
യേശുനാഥൻ വരുമ്പോൾ അവനൊപ്പം ഭക്ഷണം കഴിക്കാം...'
ഏതാനും നിമിഷങ്ങൾക്കപ്പുറം ലാസറിന്റെ വിളി വന്നു...
'ചങ്ങാതി...'
യേശുവും ശിഷ്യരും ഇരിക്കുന്ന മുറിക്കുള്ളിലേക്ക് ലാസർ അവരെ ആനയിച്ചു...
മറിയം യേശുവിന്റെ കാൽചുവട്ടിലിരുന്ന് അവനെ കേൾക്കുന്നുണ്ട്...
യാത്രികരെ കണ്ട മാത്രയിൽ യേശു പുഞ്ചിരിച്ചു...
'ചങ്ങാതിമാരെ, ഇത് ലാസറിന്റെ ഭവനം,
ഞങ്ങളുടെ വിശ്രമ ഭവനം, ആശ്വാസത്തിന്റെ ഭവനം...
മറ്റാർക്കുമില്ലാത്ത ഒരു പ്രത്യേകത ലാസറിനുണ്ട്,
അതിഥിയെ ബന്ധുവിനെ പോലെ കരുതി ശുശ്രൂഷിക്കുന്ന ഹൃദയവിശാലത...

www.malankaralibrary.com

കഴിഞ്ഞ തവണത്തേ യാത്ര ഞങ്ങൾ ഇപ്പോഴും ഓർക്കുന്നു.

അന്ന് ഒരു ദീർഘ ദൂര യാത്രയുടെ ഇടയിൽ ലാസറിനെ അറിയിക്കാതെ ചെന്നതാണ്...

ദിവസങ്ങളായുള്ള അലച്ചിൽ ഞങ്ങൾ ഏവരേയും നന്നേ ക്ഷീണിപ്പിച്ചിരുന്നു...

ഇന്നത്തെ പോലെ ലാസർ പുഞ്ചിരിച്ചാണ് അന്നും ഞങ്ങളെ സ്വീകരിച്ചത്...

സ്വന്തം ഭവനം പോലെ കരുതണമെന്നും, എന്താവശ്യമുണ്ടെങ്കിലും അറിയിക്കണമെന്നും പറഞ്ഞു ഭവനത്തിനുള്ളിലേക്ക് കൊണ്ടുവന്നു...

കോപ്പകളിൽ വെള്ളം പകർന്ന് മർത്തായും, കൈ കാലുകൾ തുടയ്ക്കാൻ തൂവാലയുമായി മറിയവും ലാസറിനൊപ്പം ഞങ്ങളെ പരിചരിക്കാൻ കൂടി...

എത്രയോ തവണ ഇവിടെ വന്നിരിക്കുന്നു. ഒരു പരാതിയും പറയാതെ ഒരു കുറവും വരുത്താതെ ശുശ്രൂഷിക്കുന്ന ബഥാന്യർ...'

മർത്താ ഭവനമാകെ ഓടി നടന്ന് ഏവരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഉത്സുകയായിരുന്നു...

ലാസറിനൊപ്പം കൂടി മറിയം ഭരണികളിൽ വെള്ളം നിറയ്ക്കുന്നു...

അവരുടെ ബുദ്ധിമുട്ട് ശ്രദ്ധിച്ച യേശു പീറ്ററിനെ വിളിച്ച് സഹായിക്കാനയച്ചു...

ലാസർ ഒരു കുടം വെള്ളവുമായി യേശുവിനരികിലെത്തി...

പീറ്ററിനെ തിരികെ വിളിച്ചു.

'ഗുരോ, ഇന്ന് അങ്ങും ശിഷ്യന്മാരും ഈ യാത്രികരും ഞങ്ങളുടെ അതിഥികളാണ്, ഞങ്ങളെ ശുശ്രൂഷിക്കാൻ അനുവദിച്ചാലും.'

പാചകപ്പുരയിൽ വെള്ളമെത്തിച്ചതിനുശേഷം മറിയം വീണ്ടും യേശുവിനരികിലെത്തി,

പാദത്തിൻ ചുവട്ടിലായിരുന്നു...

'നാഥാ, അങ്ങ് സംസാരിച്ചാലും ഞാൻ ശ്രവിക്കാം. കഴിഞ്ഞ തവണ പറഞ്ഞ കഥകൾ ഇന്നും ഞാനോർക്കുന്നു. അത് ശ്രവിച്ചവരിൽ പലരും അങ്ങയെ കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്.

യേശു എല്ലാവരോടുമായി നല്ല സമരിയന്റെ കഥ പറഞ്ഞുകൊടുത്തു...

ലാസർ അല്പം അകലെയായി നിന്ന് യേശുവിനെ ശ്രവിക്കുന്നുണ്ടായിരുന്നു...

മർത്താ ഇടയ്ക്കിടയ്ക്ക് പ്രത്യക്ഷപ്പെട്ട് കഥ കേൾക്കും. തിരികെ പാചകപ്പുരയിലേക്ക് മടങ്ങും...

എന്നാൽ,

അവൾ ആകെ അസ്വസ്ഥയായി കാണപ്പെട്ടു.

'എന്താ മർത്താ? നീ ആകെ പരവശയായി കാണുന്നുവല്ലോ.'

'ഗുരോ, ഞാനിവിടെ ഏകയായി കഷ്ടപ്പെടുന്നത് കാണുന്നില്ലേ, മറിയത്തെ നോക്കൂ,

അവൾ അങ്ങയുടെ സമീപമിരുന്ന് കഥകൾ ശ്രവിക്കുന്നു...

എനിക്ക് സഹായത്തിനായി മറിയത്തെ അയച്ചാലും.'

മറിയം എഴുന്നേറ്റ് മർത്തയ്ക്കരികിലേക്ക് നടന്നു...

യേശു പറഞ്ഞു,

'മർത്താ,

നീ അതിഥികളെ സത്കരിക്കുവാനായി പലവിധ കാര്യങ്ങളിൽ വ്യാപൃതയായിരിക്കുന്നു.

www.malankaralibrary.com

നല്ല തീരുമാനം...
ഒരിക്കൽ നിന്റെ സേവന തല്പരത ലോകരെല്ലാം വാഴ്ത്തും...
എന്നാൽ ഞാൻ പറയും മറിയം ഏറ്റവും നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു...
അത് അവളിൽനിന്ന് മാറ്റപ്പെട്ടില്ല.'

മർത്തായുടെ കണ്ണീരൊപ്പി യേശു ലാസറിനടുത്തേക്ക് നടന്നു... മറിയത്തിനു നേരെ തിരിഞ്ഞു മർത്താ പറഞ്ഞു,

'മറിയം,
നീ യേശുനാഥന്റെ ചാരത്തിരുന്ന് വചനം ശ്രവിച്ചാലും,
അവർക്കുള്ള ഭക്ഷണം ഞാൻ തയ്യാറാക്കാം...
ഗുരു പോയി കഴിഞ്ഞ് കഥകളൊക്കെ എനിക്കു പറഞ്ഞു തന്നാൽ മതി...'

അടുത്ത പകൽ അവർ യാത്ര തിരിക്കുമ്പോൾ മർത്താ യേശുവിനോടായി പറഞ്ഞു,

'ഗുരോ, അവിടുത്തെ വാക്കുകൾ ഞാൻ ഹൃദയേ സ്വീകരിക്കുന്നു, ഇന്നലെ സന്ധ്യാനേരം നമ്മളൊരുമിച്ച് പ്രാർത്ഥനയ്ക്കിരുന്നപ്പോൾ മനം ദൈവംസ്നേഹത്താൽ നിറഞ്ഞിരുന്നു...
ഇനി എന്റെ സേവനങ്ങൾക്കൊപ്പം പ്രാർത്ഥനയും ഞാൻ ചേർത്തുവയ്ക്കാം.
എന്നെ അനുഗ്രഹിക്കണമെ നാഥാ...'

യേശു അവളുടെ ശിരസ്സിൽ കരംവച്ച് പ്രാർത്ഥിച്ച് മുന്നോട്ടു നീങ്ങുമ്പോൾ മർത്താ ശേഷിച്ചിരുന്ന അതിഥികളെ ശുശ്രൂഷിക്കുവാനായി ഒഴുകിയിറങ്ങിയ കണ്ണീർ തുടച്ചു ഭവനത്തിനുള്ളിലേക്ക് തിരികെ നടന്നു...

ഇന്നും ബഥനി (ലാസറിന്റെ ഭവനം) ലക്ഷ്യമാക്കി നടക്കുമ്പോൾ ആ ഭവനത്തിന്റെ കരുതൽ എല്ലാ യാത്രികരുടെയും മനസിനെ ബലപ്പെടുത്തുന്നു...

അവർ ബഥനി ലക്ഷ്യമാക്കി നടന്നത് ഒരിറ്റ് ആശ്വാസത്തിനു വേണ്ടിയായിരുന്നു. അവരുടെ യാത്രകളിലെ ഇടത്താവളം എന്നതിലുപരി, അവർക്ക് ബഥനി സ്വന്തം ഭവനം പോലെയായിരുന്നു. ഒരിക്കൽ അവർ തിരിച്ചറിഞ്ഞ ആശ്വാസവും കരുതലും ഇനിയും ലഭിക്കുമെന്ന് അവർ മനസ്സിലാക്കി. തങ്ങളുടെ സഹയാത്രികരോട് അവർ ബഥനിയെ പറ്റി വിവരിച്ചു, അങ്ങനെ അവരും യാത്രയ്ക്കിടയിൽ ബഥനിയെ ലക്ഷ്യമാക്കി നടന്നു, സ്നേഹവും കരുതലും സ്വീകരിച്ചു തൃപ്തരായി യാത്ര തുടർന്നു...

ഇന്ന് ബഥനിയെ ലക്ഷ്യമാക്കി നടക്കുന്നവർക്കെല്ലാം ഈ സ്വീകാര്യതയും ഊഷ്മളതയും അനുഭവിക്കാനാകും.

അവളെ സമീപിക്കുന്ന ഏവർക്കും ഹൃദയം ചായ്ക്കാനൊരിടം, അവരുടെ യാത്രാ വ്യഥകൾക്ക് ഒരു പ്രത്യുത്തരം എന്നിങ്ങനെ ബഥനി ഏവരുടെയും ഹൃദയങ്ങളിൽ ജ്വലിച്ചു നിൽക്കുന്നു.

ബഥനിയിലെത്തിയാൽ, തങ്ങളുടെ മുന്നോട്ടുള്ള യാത്രയുടെ ഊർജ്ജം സംഭരിക്കാം എന്ന ചിന്ത അവരുടെ നടപ്പിന്റെ വേഗത വർദ്ധിപ്പിക്കുന്നു...

ബഥനി, അന്നും ഇന്നും എന്നും ആശ്വാസത്തിന്റെ ഭവനമാണ്...

അന്ന് ലാസറിന്റെ ഊഷ്മള വരവേൽപ്പും, മർത്തയുടെ സേവനവ്യഗ്രതയും മറിയത്തിന്റെ പ്രാർത്ഥനാ ചൈതന്യവും യേശുവിനും ശിഷ്യർക്കും കരുത്തായതുപോലെ ഇന്നും ബഥനി സമൂഹം തങ്ങളെ സമീപിക്കുന്ന അനേകർക്ക് തണലാകുന്നു, തണലേകുന്നു...

www.malankaralibrary.com

# ബഥനി വാർത്തകൾ

### സുപ്പീരേയ്യഴ്സ്-പ്രൊക്യുറേറ്റേഴ്സ് മീറ്റിംഗ്

മെയ് 3-ാം തീയതി മാവേലിക്കര ജീവാരം ബഥനി ആശ്രമത്തിൽ വച്ച് നടത്തിയ സുപ്പീരേയ്യഴ്സ്-പ്രൊക്യുറേറ്റേഴ്സ് മീറ്റിംഗിൽ 51 സമൂഹാംഗങ്ങൾ കടന്നുവരികയും 12 പേർ ഓൺലൈനായി സംബന്ധിക്കുകയും ചെയ്തു. ബഹു.സുപ്പീര്യർ ജനറൽ മത്തായി കടവിൽ അച്ചനും നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ മാത്യു ജേക്കബ് തിരുവാലിൽ അച്ചനും നവജ്യോതി പ്രോവിൻസിനെ പ്രതിനിധീകരിച്ച് എബ്രഹാം പ്രസാദ് അച്ചനും ആമുഖ പ്രഭാഷണങ്ങൾ നടത്തി.

ഇതേ തുടർന്ന് FCRA, Trust നിയമഭേദഗതികളുടെ പശ്ചാത്തലത്തിൽ അക്കൗണ്ടിംഗിൽ ശ്രദ്ധിക്കേണ്ട വിഷയത്തെ ആസ്പദമാക്കി സമൂഹത്തിന്റെ ഓഡിറ്റർ റോമിഡ് സാർ ക്ലാസെടുക്കുകയും തുടർന്ന് ചർച്ചകൾ നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കടന്നുവന്ന എല്ലാവർക്കും പങ്കുവയ്ക്കലിനുള്ള അവസരവും ഉണ്ടായിരുന്നു. വൈകിട്ട് 3 മണിക്ക് വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വില്യം നെടുമ്പുറത്ത് അച്ചനെയും ഇഗ്നേഷ്യസ് കടിയംകുന്നിലച്ചനെയും അൽഫോൻസ് പൗവ്വത്തിലച്ചനെയും ആദരിക്കുന്ന ചടങ്ങ് നടത്തി. വർഗീസ് തറമുട്ടം അച്ചൻ ഇവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഇഗ്നേഷ്യസ് കടിയംകുന്നിലച്ചനും അൽഫോൻസ് പൗവ്വത്തിൽ അച്ചനും ഈ മീറ്റിംഗിൽ കടന്നുവരുവാൻ സാധിച്ചില്ല. വില്യം നെടുമ്പുറത്തച്ചൻ മറുപടി പ്രസംഗം നടത്തി. ഇതേ തുടർന്ന് വില്യം നെടുമ്പുറത്തച്ചൻ എഴുതി, ബഥനി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'ആത്മഗതക്കനലുകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനവും നടത്തി. 4.00 മണിക്ക് മീറ്റിംഗ് അവസാനിച്ചു.

### യുവവൈദികരുടെ സംഗമം

മെയ് മാസം 3-ാം തീയതിയും 4-ാം തീയതിയും ബഥനിയിലെ യുവവൈദികരുടെ സംഗമം നടത്തി. 26 യുവവൈദികർ ഇതിൽ സംബന്ധിച്ചു. 3-ന് വൈകിട്ട് 6.00 മണിക്ക് സംഗമം ആരംഭിച്ചു. ബഹു. സുപ്പീര്യർ ജനറൽ മത്തായി കടവിൽ അച്ചനും, ഫോർമേഷൻ കോ-ഓർഡിനേറ്റർ ഗീവർഗീസ് കുറ്റിയിൽ അച്ചനും ആമുഖസന്ദേശം നൽകി. ഇതേ തുടർന്ന് കൂടിവന്നവരുടെ പങ്കുവയ്ക്കലും ചർച്ചകളും നടത്തി. യുവവൈദികർ അവരുടെ പ്രേഷിത രംഗങ്ങളിൽ അനുഭവിക്കുന്ന വെല്ലുവിളികളെക്കുറിച്ച് കാര്യമായി സംസാരിച്ചു. 4-ാം തീയതി അഗസ്റ്റിൻ പാംബ്ലാനിയച്ചൻ (CST) വിഷയം ക്ലാസ് എടുത്തു. ക്ലാസിനെ തുടർന്ന് ചർച്ചകളും റിപ്പോർട്ട് അവതരണവും നടത്തുകയും ചെയ്തു. വൈകിട്ട് 3.00 മണിയോടുകൂടി സംഗമം അവസാനിച്ചു.

### ബി.വി.പി. സ്റ്റാഫ് മീറ്റിംഗ്

പൂനാ-ബഥനി വേദവിജ്ഞാനപീഠത്തിൽ പഠിപ്പിക്കുന്നവരുടെ മീറ്റിംഗ് മെയ് മാസം 30-ാം തീയതി മാവേലിക്കര ജീവാരാം ആശ്രമത്തിൽ വച്ചു നടത്തി. ഇരുപത് അംഗങ്ങൾ ഇതിൽ പങ്കെടുത്തു. ബഹു.റ്റൈറ്റസ് അച്ചനും, പ്രശോഭ് അച്ചനും, പ്രമോദ് അച്ചനും തങ്ങളുടെ Ph.D Thesis-ന്റെ സംക്ഷിപ്തരൂപം ഈ മീറ്റിംഗിൽ അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ചകളും സംശയനിവാരണവും നടത്തി. ഇതേ തുടർന്ന് അടുത്ത അധ്യയനവർഷത്തെക്കുറിച്ചും ബി.വി.പി കൊളോക്കിയത്തെക്കുറിച്ചും ചർച്ചകൾ നടത്തി. 2023 ജനുവരി മാസം ആദ്യം സെന്റ് ഹുഡ് എന്ന വിഷയത്തെ ആസ്പദമാക്കി കൊളോക്കിയം നടത്തണമെന്നും ബി.വി.പി. മീറ്റിംഗിൽ തീരുമാനമെടുത്തു.

www.malankaralibrary.com

**പൊതു ആശ്രമ അംഗങ്ങളുടെ കൂടിവരവ്**

പൊതു ആശ്രമ അംഗങ്ങളുടെ കൂടിവരവ് മെയ് മാസം 29-ാം തീയതി വൈകിട്ട് 4.00 മണിക്ക് ജീവാരാം ബഥനി ആശ്രമത്തിൽ നടത്തി. 14 അംഗങ്ങൾ ഇതിൽ സംബന്ധിച്ചു. എല്ലാ മന്ദിരങ്ങളിൽ നിന്നും സുപ്പീരേഴ്സ് അവരുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും അതേ തുടർന്ന് പൊതു ചർച്ച നടത്തുകയും ചെയ്തു.

**ഫോർമേഷൻ മീറ്റിംഗ്**

ഫോർമേഷൻ മീറ്റിംഗ് ജീവാരാം ബഥനി ആശ്രമത്തിൽ മെയ് മാസം 30-ാം തീയതി 2.30 മുതൽ വൈകിട്ട് 5.30 വരെ നടത്തി. 17 അംഗങ്ങൾ ഇതിൽ സംബന്ധിച്ചു. സുപ്പീര്യർ ജനറൽ ബഹു.മത്തായി കടവിൽ അച്ചൻ ആമുഖപ്രഭാഷണം നടത്തുകയും തുടർന്ന് പ്രൊവിൻഷ്യൽ സുപ്പീര്യർ അച്ചന്മാർ സന്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം ഓരോ ആശ്രമത്തിലും നടക്കുന്ന പരിശീലനത്തിന്റെ റിപ്പോർട്ടുകൾ അതാത് പരിശീലന ഗൃഹങ്ങളിലെ ചുമതലപ്പെട്ടവർ അവതരിപ്പിച്ചു. അതേ തുടർന്ന് വൊക്കേഷൻ പ്രെമോട്ടേഴ്സ് ദൈവവിളി പ്രോത്സാഹന കാര്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പങ്കുവച്ചു. ഫോർമേഷൻ കോ-ഓർഡിനേറ്റർ ഗീവർഗീസ് കുറ്റിയിൽ അച്ചൻ എല്ലാവർക്കും നന്ദി അർപ്പിച്ചു.

**ബ്രദേഴ്സിന്റെ സംഗമം**

ബഥനി ആശ്രമത്തിലെ വ്രതസ്ഥരായ വൈദിക വിദ്യാർത്ഥികളുടെ സംഗമം മെയ് മാസം 29, 30 തീയതികളിൽ ജീവാരം ബഥനി ആശ്രമത്തിൽ വച്ച് നടത്തി. മെയ് മാസം 30-ന് അഗസ്റ്റിൻ പാംമ്പ്ളാനിയച്ചൻ (CST) ഇവർക്ക് പരിശീലനത്തിൽ 'ദൈവവിളിയോടുള്ള വിശ്വസ്തത' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. ഉച്ചകഴിഞ്ഞ് ക്ലാസിനെ അടിസ്ഥാനമാക്കി group discussion-നും ചർച്ചകളും നടത്തി. വൈകുന്നേരം ഓരോ ഗ്രൂപ്പും അവരുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും അതേ തുടർന്ന് മേജർ സുപ്പീരേഴ്സ് ഇവരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും അവരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തു.

മെയ് മാസം 31-ാം തീയതി ബ്രദേഴ്സിന്റെ പിക്നിക് നടത്തി. രാവിലെ 8.00 മണിക്ക് മാവേലിക്കര ജീവാരാം ആശ്രമത്തിൽ നിന്നും യാത്ര ആരംഭിച്ചു. ആലപ്പുഴ പുന്നമട കായലിൽ നടത്തിയ ഹൗസ് ബോട്ടിംഗ് യാത്രയിൽ കൈനകരിയിലുള്ള വി.ചാവറ കുര്യാക്കോസ് അച്ചന്റെ പള്ളിയും വീടും മ്യൂസിയവും സന്ദർശിച്ചു. വൈകിട്ട് ആലപ്പുഴ ബീച്ചിൽ സൂര്യാസ്തമയം കാണുകയും രാത്രി 8.00 മണിയോടുകൂടി തിരികെ ജീവാരം ബഥനി ആശ്രമത്തിൽ എത്തുകയും ചെയ്തു.

**ചെറുപട്ടശുശ്രൂഷ**

ജീവാരാം ബഥനി ആശ്രമത്തിൽവച്ച് 2022 ഏപ്രിൽ 21-ന് വൈകിട്ട് 5.30-ന് വൈദികവിദ്യാർത്ഥികളുടെ ചെറുപട്ടശുശ്രൂഷകൾ നടത്തി. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവായിരുന്നു പ്രധാന കാർമ്മികൻ. ബ്രദർ ഡെറിൻ ജോസ്, രഞ്ചു ഫ്രാൻസിസ്, അനൂപ് അനിയൻ എന്നിവർ ഹെവ്പ്പദിയാക്ക്നോ പട്ടവും ബ്രദർ ബിബിൻ ഡേവിഡ്, അഗസ്റ്റിൻ, ലിൻസൺ, ജിബിൻ, മാർട്ടിൻ, ആൽബർട്ട്, ബിബിൻ ദാസ്, വർഗീസ് എന്നിവർ ശ്മറോനോ കോറൂയോ പട്ടവും സ്വീകരിച്ചു. ഏപ്രിൽ മാസം 22-ന് രാവിലെ 8.30-ന് അഭിവന്ദ്യ തെയോഡോഷ്യസ് പിതാവിൽ നിന്നും ബ്രദർ ജിതിൻ ജോർജ്, ജിജോ ബെഞ്ചമിൻ, അലക്സിസ് പല്ലിശ്ശേരി, ജോസഫ് ഷൈജു, ജിത്തു ജോൺ എന്നിവർ ശെമ്മാശപട്ടം സ്വീകരിച്ചു.

www.malankaralibrary.com

# പൂനാ ബഥനി ആശ്രമം

**നവാഗതർക്ക് സ്വാഗതം**

ഈ വർഷം (2022-2023) തത്ത്വശാസ്ത്ര പഠനത്തിനായി കടന്നുവന്ന ബ്ര.സ്റ്റാൻലി, ബ്ര.ജോൺ എന്നിവർക്ക് ആശ്രമത്തിൽ നവാഗതർക്കുള്ള സ്വാഗതം നൽകി.

**മാർ ഈവാനിയോസ് അക്കാദമി ഉദ്ഘാടനം**

പൂനാ രാംവാടി ആശ്രമത്തിലെ കലാ-കായിക മത്സരങ്ങൾക്കായുള്ള അക്കാദമിയുടെ ഉദ്ഘാടനം പെരി. ബഹു. ജനറാളച്ചൻ 02/07/2022- ന് നടത്തി. പെരി.ബഹു. ഷാജൻ കുറ്റിയിൽ ഒ.ഐ.സി അച്ചന്റെ മഹനീയ സാന്നിധ്യം അനുഗ്രഹപ്രദമായി. അക്കാദമിയുടെ പ്രസിഡന്റ് ബ്ര. രെഞ്ചു കാര്യപരിപാടികൾക്ക് നേതൃത്വം നൽകി. അക്കാദമിയുടെ സെക്രട്ടറി ബ്ര. സ്റ്റാൻലി നന്ദി പ്രസംഗം നൽകി.

**ആബൂൻ മോർ അന്തോണിയോസ് ഒ.ഐ.സി-ക്ക് യാത്രയയ്പ്പ്**

പൂനാ-കട്ക്കി ഭദ്രാസനാധിപ സ്ഥാനത്തു നിന്നും ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനാധിപ സ്ഥാനത്തേക്ക് തിരെഞ്ഞെടക്കപ്പെട്ട് യാത്രയാവുന്ന ആബൂൻ മോമ അന്തോണിയോസ് പിതാവിന് 27/6/2022-ന് ആശ്രമത്തിൽ യാത്രയയപ്പ് നൽകി. അഭിവന്ദ്യ തിരുമേനി ആശ്രമ ദേവാലയത്തിൽ ആഘോഷമായ ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**പെരി.ബഹു. ജനറാളച്ചന്റെ കാനോനിക സന്ദർശനം**

പെരി.ബഹു. മത്തായി കടവിൽ ഒ.ഐ.സി അച്ചൻ, കാനോനിക സന്ദർശനം നടത്തുകയും (01/07/2022-04/07/2022), പൊതുവായ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകുകയും ചെയ്തു.

**റെയിൻ പിക്നിക് 2022**

എല്ലാ വർഷവും നടത്തുന്നതു പോലെ ഈ കൊല്ലവും റെയിൻ പിക്നിക്ക് 09/07/2022-ന് നടത്തപ്പെട്ടു. സാധാരണ പോകുന്ന ഇടങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരിടമാണ് തിരഞ്ഞെടുത്തത്. 'അന്ധാർബൻ' വനത്തിലൂടെയുള്ള മലകയറ്റവും, ഉല്ലാസവുമായി സന്തോഷപ്രദമായ രീതിയിൽ പിക്നിക് അവസാനിച്ചു.

**മാർ തോമ്മാ ശ്ലീഹായുടെ ദുക്റോനോ തിരുന്നാൾ**

ഭാരതത്തിലെ അപ്പസ്തോലനും കാവൽ പിതാവും, വിശ്വാസത്തിൽ നമ്മെ ജനിപ്പിച്ചവനുമായ മാർ തോമ്മാ ശ്ലീഹായുടെ ദുക്റോനോ തിരുന്നാൾ ആഘോഷമായി ആചരിച്ചു. ജൂലൈ 3-ന് ബഹു. തോമസ് റെജി പടിഞ്ഞാറ്റേ മേലേതിൽ ഒ.ഐ.സി, പെരി.ബഹു.ജനറാളച്ചന്റെ സാന്നിധ്യത്തിൽ ദിവ്യബലി അർപ്പിച്ചു. നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന ബഹു. റെജി അച്ചൻ. ബഹു. അലൻ അച്ചൻ, ബ്ര. ഡെറിൻ, ബ്ര. ജിബിൻ, എന്നിവർ ചേർന്ന് കേക്ക് മുറിക്കുകയും സന്തോഷം പങ്കിടുകയും ചെയ്തു. നാമഹേതുക തിരുന്നാളിന്റെ ഭാഗമായി വൈകുന്നേരം 'സപ്പർ ഔട്ട്' നടത്തി.

**മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര**

പൂനാ-കട്ക്കി ഭദ്രാസനത്തിന്റെ വിശ്വാസികൾ എല്ലാ വർഷവും നടത്തുന്ന മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര 24/07/2022-ന് നടത്തപ്പെട്ടു. കട്ക്കി-ഭദ്രാസന ദേവാലയത്തിലെ വി.കുർബ്ബാനയ്ക്കും ധൂപപ്രാർത്ഥനയ്ക്കും ബഹു.ടൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി അച്ചൻ നേതൃത്വം നൽകി. രണ്ടു വർഷത്തിനു ശേഷമുള്ള വിശ്വാസികളുടെ കൂടിവരവ് സന്തോഷപ്രദവും അനുഗ്രഹപ്രദവുമായി പര്യവസാനിച്ചു.

***

www.malankaralibrary.com

## ദീപഗിരി ആശ്രമം

ദീപഗിരി ആശ്രമത്തിൽ ജൂലൈ 29 വെള്ളിയാഴ്ച ബഥനിയുടെ തിരുനാൾ ആഘോഷിക്കുകയുണ്ടായി. തോണിക്കടവ് കൊച്ചുകുളം ദേവാലയത്തിൽ നിന്ന് അമ്മമാർ എത്തുകയുണ്ടായി. പരിശുദ്ധ ജപമാല, വി.കുർബാന, ദിവ്യകാരുണ്യാരാധന, തോണിക്കടവ് കൊച്ചുകുളം ദേവാലയത്തിലെ അമ്മമാരുടെ സംഗമം എന്നിവയും കേക്ക് മുറിച്ച് മധുരം പങ്കുവച്ചുകൊണ്ട് ഫീസ്റ്റാഘോഷം നടത്തുകയും ചെയ്തു. തോണിക്കടവ് കൊച്ചുകുളം പള്ളിയിൽ നിന്നും വന്ന അമ്മമാർ ബഥനി ആശ്രമത്തെക്കുറിച്ചുള്ള തിരുനാളിനെക്കുറിച്ച് അവർ സന്ദേശം നൽകി. ബഥനിയുടെ ഒരു ക്വിസ് കോമ്പറ്റീഷൻ നടത്തുകയുണ്ടായി. അതിൽ വിജയികളായവർക്ക് സമ്മാനവും നൽകി. അങ്ങനെ ഈ വർഷത്തെ തിരുനാൾ ആഘോഷിക്കുവാൻ സാധിച്ചു.

## ബഥനി നവജീവൻ വാർത്തകൾ

**യോഗാർത്ഥിപദ പ്രവേശനവും ആദ്യവർഷക്കാർക്ക് സ്വീകരണവും**

ബഥനി നവജീവൻ പ്രോവിൻസിന്റെ യോഗാർത്ഥിപദത്തിലേക്ക് സന്ന്യാസവൈദിക വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു. 2022 ജൂലൈ 5-ാം തീയതി ബഥനി നഗർ ദയറായിൽവച്ച് പരിശുദ്ധ ബലിയോടൊപ്പമാണ് ഈ ശുശ്രൂഷ നടത്തപ്പെട്ടത്. പെരിയ ബഹു.പ്രൊവിൻഷ്യൽ സുപ്പീരിയർ മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. അച്ചനാണ് ഇവരെ ആശ്രമത്തിലേക്ക് സ്വീകരിച്ചത്. ആശ്രമത്തിലേക്ക് സ്വീകരിച്ച ബ്രദേഴ്സിന്റെ പേരുകൾ: 1. ബ്രദർ അഭിഷേക് വി.എസ്. ആനാട്, തിരുവനന്തപുരം രൂപത; 2. ബ്രദർ ആരോൺ ബിജു, പൂങ്കാവ് ഇടവക, പത്തനംതിട്ട രൂപത.

**മലങ്കര മേജർ സെമിനാരി ശെമ്മാശന്മാരുടെ സന്ദർശനവും സംഗമവും ജൂലൈ 23, 2022**

മലങ്കര മേജർ സെമിനാരിയിലെ 30 ശെമ്മാശന്മാർ നാലാഞ്ചിറ പ്രൊവിൻഷ്യൽ ആശ്രമവും, ദയറാ ആശ്രമവും ജൂലൈ 23-ാം തീയതി സന്ദർശിച്ചു. വൈകിട്ട് 6 മണിയോടുകൂടി എത്തിച്ചേർന്ന അവർ ആശ്രമത്തിലെ മുതിർന്ന വൈദികരെ സന്ദർശിക്കുകയും അവരോട് അൽപ്പസമയം പങ്കിടുകയും ചെയ്തു. തുടർന്ന് പ്രയാണം ആർട്ട് ഗാലറിയും മ്യൂസിയവും സന്ദർശിച്ചു. പ്രിയ ബഹു.പ്രൊവിൻഷ്യൽ മാത്യു തിരുവാലിൽ അച്ചൻ സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം മൺമറഞ്ഞ സന്യസ്തരുടെ കബറിടത്തിൽ ധൂപപ്രാർത്ഥനയും തുടർന്ന് അത്താഴ വിരുന്നും ശെമ്മാശന്മാരുടെ പങ്കുവയ്ക്കലും ഉണ്ടായിരുന്നു. കൗൺസിലംഗങ്ങൾ, രണ്ടു ദയറായിലേയും സുപ്പീര്യേഴ്സ്, വൈദികർ, ബ്രദേഴ്സ് തുടങ്ങിയവർ ഇതിൽ സന്ദർശിച്ചു.

**പുസ്തകപ്രകാശനം, 23-07-2022**

ബഥനി നവജീവൻ പ്രൊവിൻഷ്യൽ കൗൺസിലർ നാലാം കൗൺസിൽ അംഗവും പൂനാ ജ്ഞാനദീപ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറുമായി സേവനം അനുഷ്ഠിക്കുന്ന ബഹു.ഐസക് പാറയ്ക്കൽ അച്ചന്റെ പുസ്തകമായ 'Synergy 24 x 365'-ന്റെ പ്രകാശനം പെരിയ ബഹു. പ്രൊവിൻഷ്യൽ മാത്യു ജേക്കബ് തിരുവാലിൽ അച്ചൻ ജൂലൈ 23-ന് നിർവ്വഹിച്ചു. ആദ്യപ്രതി ബഹു. ജെറോം പീടികപ്പറമ്പിൽ അച്ചൻ ഏറ്റുവാങ്ങി. സോഷ്യൽ മീഡിയയിൽ കുറിക്കുന്ന ശുഭചിന്തകളുടെ ഒരു സമാഹാരമാണ് ഈ പുസ്തകം.

**ഓർമ്മപ്പെരുന്നാൾ ആഘോഷം, ജൂലൈ 14, 2022**

നമ്മുടെ സമൂഹസ്ഥാപകനായ ദൈവദാസൻ ആർച്ചുബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 69-ാം ഓർമ്മത്തിരുനാളിന്റെ ഭാഗമായി ബഥനി ആശ്രമാംഗങ്ങൾ പട്ടം കത്തീഡ്രൽ ദേവലായത്തിൽ ഒരുമിച്ച് വി.കുർബാന അർപ്പിച്ച് പിതാവിന്റെ

www.malankaralibrary.com

കബറിടത്തിൽ പ്രാർത്ഥനാശുശ്രൂഷയും ധൂപപ്രാർത്ഥനയും നടത്തി. ജൂലൈ 14-ാം തീയതി ഉച്ചയ്ക്ക് 1.30-ന് ആരംഭിച്ച പ്രാർത്ഥനാശുശ്രൂഷകൾക്ക് ബഥനി നവജീവൻ പ്രോവിൻസ് നേതൃത്വം നൽകി. തുടർന്ന് നടത്തപ്പെട്ട പരിശുദ്ധ കുർബാനയ്ക്ക് പെരിയ ബഹു.സുപ്പീരിയർ ജനറൽ മത്തായി കടവിൽ ഒ.ഐ.സി. അച്ചൻ മുഖ്യകാർമികത്വം വഹിച്ചു. ബഹു.ജോർജ്ജ് അയ്യനേത്ത് അച്ചനും ബഹു.മാത്യു ജേക്കബ് തിരുവാലിൽ അച്ചനും ഇതിൽ പങ്കുചേർന്നിരുന്നു. പരിശുദ്ധ ബലിമദ്ധ്യേ പെരിയ ബഹു. പ്രൊവിൻഷ്യൽ സുപ്പീര്യർ മാത്യു ജേക്കബ് തിരുവാലിൽ അച്ചൻ വചനസന്ദേശം നൽകി. 51 സമൂഹാംഗങ്ങൾ തിരുവനന്തപുരം മേഖലയിൽ പരിശീലനത്തിലിരിക്കുന്ന ബ്രദേഴ്സും ഈ ശുശ്രൂഷകളിൽ സംബന്ധിച്ചു.

**പുസ്തകപ്രകാശനം ജൂലൈ 14, 2022**

ബഥനി നവജീവൻ പ്രോവിൻസ് അംഗമായ ബഹു.തോമസ് പ്രമോദ് അച്ചൻ തയ്യാറാക്കിയ എന്ന പുസ്തകത്തിന്റെ പ്രകാശനം ജൂലൈ 14-ാം തീയതി പട്ടം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ആദ്യപ്രതി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റോം പിതാവ് സ്വീകരിച്ചു. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായും അഭിവന്ദ്യ തിരുമേനിമാരും സമൂഹാംഗങ്ങളും വൈദികരും ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**അന്താരാഷ്ട്ര യോഗാദിന ആഘോഷം**

നാലാഞ്ചിറ ബഥനി ചികിത്സാ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗാ ദിനം സമുചിതമായി ആഘോഷിച്ചു. ആദരണീയനായ സ്വാമി സന്ദീപാനന്ദ ഗിരിയുടെ സത്സംഘം യോഗാദിനത്തിന്റെ മാറ്റു വർദ്ധിപ്പിച്ചു. യോഗയുടെ മതേതരമായ പ്രാധാന്യവും ശാസ്ത്രീയമായ ഉള്ളടക്കവും രോഗപ്രതിരോധത്തിനുള്ള ഉത്തമശാസ്ത്രത്തെക്കുറിച്ചും സ്വാമി ക്ലാസെടുത്തു. ഇതിനെ തുടർന്ന് ശ്രീമാൻ പദ്മകുമാറിന്റെയും ദേവാനന്ദിന്റെയും നേതൃത്വത്തിലുള്ള സംഗീതോപാസനയും നടത്തി. വ്യത്യസ്ത മേഖലകളിലുള്ള 250-ഓളംപേർ ഈ പരിപാടിയിൽ പങ്കെടുത്തു. ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹു.മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. അച്ചൻ പരിപാടിയുടെ അദ്ധ്യക്ഷൻ ആയിരുന്നു. ബഹു.ഡോ.ചിൻസി മോഹൻ (RMO, Bethany Nature Cure Centre) എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും, ഫാ.തോമസ് സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി. (സുപ്പീര്യർ ബഥനി നഗർ ദയറാ, നാലാഞ്ചിറ) വിശിഷ്ടവ്യക്തികൾക്ക് ഉപഹാരം സമർപ്പിക്കുകയും ഫാ.ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി (Director, Nature Cure Centre) കടന്നുവന്ന എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു.

# ബഥനി നവജ്യോതി വാർത്തകൾ

**ബഥനി ആശ്രമം, കോട്ടൂർ**

ജൂലൈ മാസം 21-ാം തീയതി വൈകിട്ട് 6 മണിക്ക് മാർ ഗ്രിഗോറിയോസ് പബ്ലിക് സ്കൂൾ, കോട്ടൂരിൽ വച്ച് ബഹു.ഇഗ്നാത്തിയോസ് തങ്ങളത്തിൽ അച്ചന്റെ നവതിയും ബഹു.ജോസഫ് തോമസ് മേനാക്കളിക്കൽ അച്ചന്റെ സന്ന്യാസവ്രതവാഗ്ദാന രജതജൂബിലിയും സമുചിതമായി ആചരിച്ച് വൈകിട്ട് 6.15-ന് തിരുവല്ല അതിഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ്പിതാവ് സന്ധ്യാപ്രാർത്ഥനക്ക് നേതൃത്വം നൽകി. പ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച അനുമോദന സമ്മേളനത്തിൽ ബഹു.അച്ചന്മാരോട് ചേർന്ന് മെത്രാഭിഷേക രജതജൂബിലി ആചരിച്ച പിതാവ് കേക്ക് മുറിച്ച് സമ്മേളനം ആരംഭിച്ചു. പിതാവ് ബഹു.അച്ചന്മാർക്ക്

www.malankaralibrary.com

ആശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട് സംസാരിച്ചു. ബഹു.അച്ചന്മാരെ ഷാൾ അണിയിച്ച് സമ്മാനം നൽകി. ബഥനി സന്ന്യാസിസമൂഹത്തിന്റെ സുപ്പീര്യർ ജനറൽ വെരി.റവ.ഫാ.മത്തായി കടവിൽ അച്ചൻ പിതാവിന് രജതജൂബിലി ആശംസകളും പ്രാർത്ഥനകളും സമൂഹത്തിന്റെ പേരിൽ നേരുകയും പിതാവിന്റെ രജതജൂബിലി വസതിയായ ഡയാലിസിസ് പ്രോജക്ടിലേക്ക് സംഭാവനയും നൽകി. തുടർന്ന് ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ ബഹു.ജോർജ്ജ് അയ്യനേത്ത് അച്ചൻ നമ്മുടെ രണ്ട് അച്ചന്മാരുടെ ശുശ്രൂഷകളെയുംപറ്റി സംസാരിച്ചുകൊണ്ട് ആശംസകൾ അറിയിച്ചു.


ബഥനി സന്ന്യാസികളും മദർ ജനറൽ ബഹു.മദർ ആർദ്ര എസ്.ഐ.സി., ബഥനി തിരുവല്ലാ പ്രോവിൻസ് പ്രൊവിൻഷ്യൽ സുപ്പീര്യർ മദർ ജോഷി എസ്.ഐ.സി. ആശംസകളും പ്രാർത്ഥനകളും പങ്കുവച്ച് സംസാരിച്ചു. തുടർന്ന് സമൂഹത്തിന്റെ നാനാതുറയിലുള്ള പ്രശസ്തരായ ഈ നാട്ടിലെ രാഷ്ട്രീയ, സാമുദായിക നേതാക്കൾ ആശംസാ പ്രസംഗം നടത്തി. മുൻ എം.എൽ.എ. ജോസഫ് എം. പുതുശേരി, കവിയൂർ പഞ്ചായത്ത് പ്രസിഡന്റ് ദിനേശ്, കല്ലൂപ്പാറ പഞ്ചായത്ത് പ്രസിഡന്റ് റെജി ചാക്കോ, ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി ലതാ കുമാരി എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചതിനോടൊപ്പം കവിയൂർ, കല്ലൂപ്പാറ പഞ്ചായത്ത് അംഗങ്ങൾ സാമുദായിക നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ബഹു.ഇഗ്നേഷ്യസ് അച്ചനുമായി ആത്മബന്ധമുള്ള നീണ്ട വൈദികനിരയും നമ്മുടെ രണ്ട് പ്രോവിൻസിൽ നിന്നും ജനറലേറ്റിൽ നിന്നും ധാരാളം ബഹു.അച്ചന്മാരും വിവിധ സന്ന്യാസിനി സമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും യോഗത്തിൽ പങ്കെടുത്തു. നമ്മുടെ ആശ്രമത്തിന്റെ പരിസരത്തുള്ള എല്ലാ അയൽക്കാരും, ഒപ്പം കല്ലൂപ്പാറ, കടമാൻകുളം, കോട്ടൂർ ദേവാലയക്ഷണിതാക്കളും പരിപാടിയിൽ സംസാരിച്ചു. ബഹു.ജോസഫ് അച്ചന്റെയും, ഇഗ്നേഷ്യസ് അച്ചന്റെയും ഭവനാംഗങ്ങളുടെയും സാന്നിദ്ധ്യം ചടങ്ങിനെ അനുഗ്രഹിച്ചു. സമാപന പ്രാർത്ഥനയോടും, ആശീർവാദത്തോടുംകൂടി സ്നേഹഭോജനത്തോടുംകൂടി അവസാനിച്ച പരിപാടിയിൽ 300-ൽ അധികം ആളുകളും വിവിധ സഭകളിലെ 65-ൽ അധികം വൈദികരും, 20-ൽ അധികം സിസ്റ്റേഴ്സും പങ്കെടുത്തു.

**ബഥനി നവജ്യോതി പ്രോവിൻസിലേക്ക് സന്ന്യാസാർത്ഥികളുടെ സ്വീകരണം**
**യോഗാർത്ഥികളുടെ സ്വീകരണം**

2022-ൽ ഏഴ് അർത്ഥികളാണ് നമുക്ക് ഇവിടെ ലഭിച്ചിട്ടുണ്ട്. അത് 24-06-2022 ന് അവരെ അർത്ഥികളായി പ്രോവിൻസിലേക്ക് സ്വീകരിച്ചു. അവരുടെ പേരു വിവരങ്ങൾ:

ബ്രദർ റോബിൻ വിൽസൻ വാഴയിൽ, സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് മൂലക്കയം, പത്തനംതിട്ട രൂപത; ഏബൽ ബ്ലസൻ തോമസ്, കടുത്താനത്ത്, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് മലങ്കര കാത്തലിക് ചർച്ച് വസായ്, പൂനാ-കട്കി രൂപത; അലൻ ഷിജു, വലയിൽ, സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് ബഡേരി, ബത്തേരി രൂപത; അഭിഷേക് മോഹനൻ, കരോട്ടെകരിക്കിൽ, സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് വെട്ടിക്കൽ, മൂവാറ്റുപുഴ രൂപത; ആൽബിൻ ബിനു, മുല്ലംകോട്ട, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് മലങ്കര കാത്തലിക് ചർച്ച്, വസായ്, പൂനാ-കട്കി രൂപത; പ്രിസ്റ്റൺ റോണി നെല്ലുവിള, സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച്, എറണാകുളം, മൂവാറ്റുപുഴ രൂപത; അലൻ ഷിബു ജോൺ ഇലവനാംകുഴിയിൽ, സെന്റ് തോമസ്, മലങ്കര കാത്തലിക് ചർച്ച്, താനെ, പൂനാ-കട്കി രൂപത.

www.malankaralibrary.com




***Synergy*** *24 x 365*

*A pilgrim's journey to Self-realization*

**Fr Isaac Parackal OIC**

BP No. 196

Bethany Publications
Vadavathoor, Kottayam
2022

അടുത്തലക്കം ബഥനി ശബ്ദത്തിന്റെ (ഒക്ടോബർ) പ്രധാന വിഷയം
ബഥനിയുടെ ബെനഡിക്ട് മാർ ഗ്രിഗോറിയോസ്,
ബഥനിയുടെ ബർണബാസ് എന്നതാണ്.

ഈ വിഷയത്തെക്കുറിച്ചോ ബഥാന്യൻ ആദ്ധ്യാത്മികതയെക്കുറിച്ചോ
മലങ്കര ആരാധന ക്രമത്തെക്കുറിച്ചോ മറ്റ് മൂല്യമുള്ള
വിഷയങ്ങളെക്കുറിച്ചോ ലേഖനങ്ങൾ തരുവാൻ ആഗ്രഹിക്കുന്നവർ
ബഥനി ശബ്ദത്തിന്റെ പ്രസാധകരുമായി ബന്ധപ്പെടണം.

www.malankaralibrary.com

